# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.
Printed on 29th of every month.

**വാല്യം 02 ജൂലൈ–2011 ലക്കം 07**

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


ഇടയലേഖനം (പ്രേഷിതവർഷം-സഭാദിനം) ............... 03
സർക്കുലർ ............................................................. 10
സർക്കുലർ (യുവജനദിനം 2011) ............................... 14
രൂപതാകച്ചേരി വാർത്തകൾ ..................................... 20
13-ാം മെത്രാൻ സിനഡ് - പഠനസഹായി ................. 27
സെമിനാരി വാർത്തകൾ ......................................... 36
മതബോധനരംഗം ........................................................ 39
ബൈബിൾ അപ്പോസ്തലേറ്റ് ....................................... 44
ചെറുപുഷ്പമിഷൻലീഗ് ............................................ 49
കെ. സി. വൈ. എം. .................................................... 55
കുടുംബപ്രേഷിതത്വം ................................................. 60
സിയോൻ വാർത്തകൾ ............................................. 66
ജീസസ് യൂത്ത്, ക്രിസ്റ്റീൻ ......................................... 69
സിയോൻ പ്രോലൈഫ് മൂവ്മെന്റ് ............................. 70
വിൻസെന്റ് ഡി പോൾ സൊസൈറ്റി ....................... 72
കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ........................... 75
സാമൂഹ്യസേവനരംഗം ............................................. 77
റേഡിയോ മാറ്റൊലി ................................................... 82
Mary Matha Arts and Science College ............................. 84
അറിയിപ്പുകൾ ........................................................... 85
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ...................................... 87
ബിഷപ്സ് പ്രോഗ്രാം ..................................................... 88



# ഇടയലേഖനം

## പ്രേഷിതവർഷം – സഭാദിനം

സീറോ മലബാർ സഭയുടെ ശ്രേഷ്ഠ മെത്രാപ്പോലീത്താ
**മാർ ജോർജ് ആലഞ്ചേരി**
തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും
മെത്രാന്മാക്കും വൈദികർക്കും സമർപ്പിതർക്കും
തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന
എല്ലാ ദൈവജനത്തിനും എഴുതുന്നത്.
കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

ജൂലൈ 3-ന് നാം നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ ദുക്റാനത്തിരുനാൾ ആചരിക്കുകയാണല്ലോ. "എന്റെ കർത്താവേ, എന്റെ ദൈവമേ" എന്ന് ഉദ്ഘോഷിച്ചുകൊണ്ട് ഈശോയിലും അവിടുന്നിലൂടെ കൈവന്ന രക്ഷയിലുമുള്ള വിശ്വാസം ഏറ്റുപറഞ്ഞ തോമാശ്ലീഹാ സ്വന്തം ജീവരക്തം ചൊരിഞ്ഞതിന്റെ ഓർമ്മയാണ് ദുക്റാന. തോമാശ്ലീഹാ ഭാരതമണ്ണിൽ സഭയ്ക്ക് അടിസ്ഥാനമിട്ടു. അതിനാൽ ദുക്റാന ദിവസം സീറോ മലബാർ സഭയുടെ സഭാദിനം കൂടിയായി നാം ആഘോഷിക്കുകയാണ്. സഭ സ്വഭാവത്താൽ തന്നെ മിഷനറിയാണ്, പ്രേഷിതയാണ്, ജീവന്റെ സന്ദേശം പകർന്നുകൊടുക്കാൻ അയയ്ക്കപ്പെട്ടവളാണ്. ഒരു വ്യക്തിഗതസഭയായ സീറോ മലബാർ സഭയുടെയും സ്വഭാവവും ദൗത്യവും അതുതന്നെയാണ്.

ബനഡിക്ട് പതിനാറാമൻ മാർപാപ്പ നമ്മുടെ സഭയിലെ അഭിവന്ദ്യ പിതാക്കന്മാരെ കാണുമ്പോൾ ആദ്യം പറയുന്നത് നമ്മുടെ സഭയുടെ പ്രേഷിതോന്മുഖതയെക്കുറിച്ചാണ്. പൗരസ്ത്യസഭകളിൽ പ്രേഷിത തീക്ഷ്ണതയിൽ ഏറെ മുന്നിലാണ് സീറോ മലബാർ സഭ. ചങ്ങനാശ്ശേരി അതിരൂപതയിൽ നിന്നുള്ള മിഷൻ പ്രവർത്തനം വഴി സഭയിലേക്കുവന്ന വിശ്വാസികൾക്കായി രൂപംകൊണ്ട തക്കല രൂപത

നമ്മുടെ സഭയുടെ പ്രേഷിതപ്രവർത്തനത്തിന്റെ ഒന്നാംതരം തെളിവാണ്. ആധുനിക കാലഘട്ടത്തിൽ സീറോ മലബാർ സഭയുടെ പ്രേഷിതപ്രവർത്തനം വടക്കേ ഇന്ത്യയിലേക്ക് വ്യാപിക്കുന്നത് 1962-ൽ ഭാഗ്യസ്മരണാർഹനായ ജോൺ 23-മൻ മാർപാപ്പയുടെ കൽപ്പന പ്രകാരമാണ്. പരിശുദ്ധ സിംഹാസനം സീറോ മലബാർ സഭയെ ആദ്യമായി ഏൽപിച്ച പ്രേഷിതരംഗം ഛാന്ദാമിഷനാണ്. അത് നാഗ്പൂർ അതിരൂപതയുടെ ഒരു ഭാഗമായിരുന്നു. നമ്മുടെ സഭയിലെ പ്രഥമ ഏതദ്ദേശിയ സന്യാസസമൂഹമായ സി.എം.ഐ. സഭയാണ് ഛാന്ദാമിഷൻ ഏറ്റെടുത്തു പ്രവർത്തിച്ചത്. അവിഭക്ത ഛാന്ദാമിഷൻ ആരംഭിച്ചിട്ട് 2012-ൽ 50 വർഷം പൂർത്തിയാകുകയാണ്. ഛാന്ദാമിഷന്റെ സുവർണ്ണജൂബിലി എങ്ങനെയാണ് ആചരിക്കേണ്ടത് എന്നതിനെ സംബന്ധിച്ച് സീറോമലബാർ സഭയിലെ മെത്രാന്മാരുടെ സിനഡ് ചർച്ചകൾ നടത്തുകയുണ്ടായി. ഛാന്ദാമിഷന്റെ സുവർണ്ണജൂബിലി ഒരു മിഷൻ രൂപതയുടെ മാത്രം ജൂബിലി എന്നതിനെക്കാൾ സീറോ മലബാർ സഭയുടെ പ്രേഷിതവിളിയേയും ദൗത്യത്തെയും കുറിച്ച് ആഴത്തിൽ ചിന്തിക്കാനും നവോന്മേഷത്തോടെ ഈ ദൗത്യം ഏറ്റെടുക്കാനുമുള്ള ഒരവസരമായിട്ടാണ് സിനഡുപിതാക്കാന്മാർ കണ്ടത്. ഇതിൻപ്രകാരം ഛാന്ദാമിഷന്റെ സുവർണ്ണജൂബിലി സീറോ മലബാർ സഭ മുഴുവനിലും 2011 ആഗസ്റ്റ് 15 മുതൽ 2012 ആഗസ്റ്റ് 15 വരെ പ്രേഷിതവർഷമായി ആചരിക്കാൻ തീരുമാനിച്ചത് ഇതിനകം നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ (ഡിക്രി Prot - No. 40/2011).

പ്രേഷിതവർഷത്തിന്റെ പശ്ചാത്തലത്തിൽ നമ്മുടെ സഭയുടെ പ്രേഷിതവിളിയേയും ദൗത്യത്തെയും സംബന്ധിച്ച് പ്രധാനപ്പെട്ട ചില ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കാൻ ഞാനാഗ്രഹിക്കുന്നു. റോമിലും അന്ത്യോക്യായിലുമെല്ലാം സഭ രൂപംകൊണ്ട അതേ കാലഘട്ടത്തിൽ തന്നെ അപ്പസ്തോലനായ തോമാശ്ലീഹായിൽ നിന്ന് നമുക്കും വിശ്വാസവെളിച്ചം ലഭിച്ചുവെന്നത് വലിയ ദൈവപരിപാലനയാണ്. 'നമുക്കും അവനോടു കൂടെ പോയി മരിക്കാം' എന്ന ദൃഢനിശ്ചയമാണ് നമ്മുടെ പിതാവായ മാർതോമാശ്ലീഹായെ ഭാരതത്തിലേക്കാനയിച്ചത്. നമ്മുടെ പിതാവിന്റെ ഈ പ്രേഷിതതീക്ഷ്ണത തന്നെയാണ് ഈ കാലഘട്ടത്തിൽ നമ്മെയും നയിക്കേണ്ടത്.

വിദേശാധിപത്യത്തിലൂടെ നമ്മുടെ സഭയുടെ വളർച്ചയ്ക്ക് വളരെയേറെ പ്രതിസന്ധികൾ ഉണ്ടായിട്ടുണ്ട്. മാർതോമാ ക്രിസ്ത്യാനികളുടെ ഭിന്നിപ്പും സഭയുടെ പ്രവർത്തന സ്വാതന്ത്ര്യം കേരളത്തിൽ മാത്രമായി ചുരുക്കിയതും നമ്മുടെ സഭയുടെ വളർച്ചയേയും പ്രേഷിതപ്രവർത്ത

നത്തെയും ദോഷകരമായി ബാധിച്ചിട്ടുണ്ട്. അതുകൊണ്ടുകൂടിയാണ് 18-ാം നൂറ്റാണ്ടുവരെ പ്രേഷിതമേഖലയിൽ സഭയ്ക്ക് കാര്യമായ സംഭാവനകൾ ചെയ്യാൻ സാധിക്കാതെ പോയത്. 1831 ൽ സി.എം.ഐ. സഭയുടെ തുടക്കം സീറോ മലബാർ സഭയുടെ മിഷനറി വളർച്ചയിലെ ഒരു നാഴികക്കല്ലാണ്. 1887 മെയ് 20 ന് സീറോ മലബാർ സഭയ്ക്ക് കൈവന്ന സഭാത്മകമായ പ്രവർത്തന സ്വാതന്ത്ര്യത്തിന്റെ 125-ാം വർഷവും കോട്ടയം രൂപതയുടെ സ്ഥാപനത്തിന്റെ 100-ാം വർഷവും പ്രേഷിത വർഷത്തോടനുബന്ധിച്ച് ആചരിക്കുന്നതും ഏറെ പ്രസക്തമാണ്. 1923-ൽ സീറോ മലബാർ ഹയരാർക്കി സ്ഥാപിതമായതോടുകൂടെയാണ് നമ്മുടെ സഭയുടെ വളർച്ചയും പുരോഗതിയും ത്വരിതഗതിയിലായത്. മലബാറിലേക്കും തമിഴ്നാട്ടിലേക്കും കർണാടകയിലേക്കുമുള്ള സീറോ മലബാർ സഭയുടെ വളർച്ച എത്രയോ വലുതാണെന്ന് ഇന്ന് അവിടെയുള്ള ഒൻപത് രൂപതകൾ (തലശ്ശേരി, മാനന്തവാടി, താമരശ്ശേരി, പാലക്കാട്, തക്കല, ബൽത്തങ്ങാടി, ഭദ്രാവതി, മണ്ഡ്യ, രാമനാഥപുരം) സാക്ഷ്യപ്പെടുത്തുന്നു.

ഛാന്ദാമിഷന്റെ സ്ഥാപനത്തെതുടർന്ന് സാഗർ (1968), ഉജ്ജൈൻ (1968), സത്ന (1968), ജഗദൽപ്പൂർ (1977), ബിജ്നോർ (1977), രാജ്ക്കോട്ട് (1977), ഗോരഖ്പൂർ (1984), അദിലാബാദ് (1999) രൂപതകൾ സി.എം.ഐ, എം.എസ്.ടി, വിൻസെൻഷ്യൻ, സി.എസ്.ടി എന്നീ സമൂഹങ്ങളുടെ നേതൃത്വത്തിൽ പ്രവർത്തനനിരതമായി. പ്രവാസികളായ നമ്മുടെ സഭാതനയർക്ക് വേണ്ടി ഇന്ത്യയിൽ കല്യാൺ രൂപതയും (1988) ഇന്ത്യയ്ക്ക് പുറത്ത് ഷിക്കാഗോ രൂപതയും (2001) ഉണ്ടായി എന്നത് നമ്മുടെ സഭയുടെ ക്രമാനുഗതമായ വളർച്ചയെയാണ് സൂചിപ്പിക്കുന്നത്.

സീറോ മലബാർ സഭയിൽ നിന്ന് ഉദയം ചെയ്ത സന്യാസസമൂഹങ്ങളുടെയും സെന്റ് തോമസ് മിഷനറി സൊസൈറ്റി പോലെയുള്ള പ്രേഷിതസമൂഹങ്ങളുടെയും സംഭാവന നമ്മുടെ മിഷനറി പ്രവർത്തനത്തിന് ശക്തി പകർന്നു. 'ഭാരതമേ, നിന്റെ രക്ഷ നിന്റെ സന്താനങ്ങളിൽ' എന്ന ലിയോ പതിമൂന്നാമൻ മാർപാപ്പയുടെ മുദ്രാവാക്യം സീറോ മലബാർ സഭ എത്ര ആത്മാർത്ഥതയോടെയാണ് സ്വീകരിച്ചത് എന്ന് സഭയുടെ ഇന്നത്തെ ചരിത്രം വ്യക്തമാക്കുന്നു. ഭാരതത്തിനുള്ളിലും വെളിയിലും മിഷൻപ്രവർത്തനത്തിന് പോകുന്നതിന് ചെറുപുഷ്പ മിഷൻലീഗ് പോലുള്ള അല്മായ പ്രസ്ഥാനങ്ങൾ ചെയ്തിട്ടുള്ള ശുശ്രൂഷ എത്രയോ ധന്യമാണ്! ഇന്ന് മിഷനറി ദൈവവിളികൾ ഭാരതസഭയ്ക്കും സാർവ്വത്രിക സഭയ്ക്കും സമ്മാനിക്കുന്ന ഈറ്റില്ലമാണ് നമ്മുടെ സഭ.

സീറോ മലബാർ സഭയിലൂടെ മാത്രമല്ല നമ്മുടെ സഭയുടെ മക്കൾ പ്രേഷിതപ്രവർത്തനം നടത്തുന്നത്. ഭാരതത്തിലെ ലത്തീൻ സഭയിലും മലങ്കരസഭയിലും നമ്മുടെ നിരവധി സന്താനങ്ങൾ ഭാരതത്തിന്റെ സുവിശേഷവത്ക്കരണത്തിനായി അക്ഷീണം യത്നിക്കുന്നുണ്ട്. കൂടാതെ ഏഷ്യ, യൂറോപ്പ്, അമേരിക്ക, ലത്തീൻ അമേരിക്ക, ആഫ്രിക്ക, ഓസ്ട്രേലിയ എന്നീ മിഷൻ രംഗങ്ങളിലും നമ്മുടെ സഭയുടെ തനയർ വളരെ സജീവരാണ്. ഇവയെല്ലാം ഓർത്ത് ദൈവത്തിന് നന്ദി പറയുവാൻ ദൈവം ഒരുക്കുന്ന അവസരമാണ് ഈ പ്രേഷിതവർഷം.

മിഷനറിപ്രവർത്തനം ഏതാനും വൈദികർക്കും സമർപ്പിതർക്കും വേണ്ടിമാത്രം മാറ്റിവെയ്ക്കപ്പെട്ട ശുശ്രൂഷയല്ല. മാമ്മോദീസയിലൂടെ സഭാശരീരത്തോടു ചേർക്കപ്പെടുന്ന ഓരോ ക്രിസ്ത്യാനിയും ഈശോയുടെ ശിഷ്യന്മാരെപ്പോലെ അയയ്ക്കപ്പെട്ട വ്യക്തി കൂടിയാണ് (യോഹ.3:16, മർക്കോ.3:14-16, മർക്കോ.16:15, മത്താ.28:19, ലൂക്കാ 26:46-49, യോഹ. 20:21, നട:1:8). അതുകൊണ്ടാണ് സഭ പ്രകൃത്യാ പ്രേഷിതയാണെന്ന് പറയുന്നത് (LG 17, AG 2, 9, 23). സഭ വിളിക്കപ്പെട്ടിരിക്കുന്നത് അയയ്ക്കപ്പെടാൻ വേണ്ടിയാണ്. മിഷനറി ദൗത്യം നിർവ്വഹിക്കാത്ത ക്രിസ്തുശിഷ്യർ കായ്ക്കാത്ത അത്തിമരങ്ങൾ പോലെയാണ്. സഭാഗാത്രത്തെ പടുത്തുയർത്തുന്നവരാണ് യഥാർത്ഥ ക്രൈസ്തവർ എന്ന കാര്യം മറക്കാതിരിക്കാം.

സ്വന്തം ജീവിതം സുവിശേഷത്തിന്റെ സാക്ഷ്യമാക്കിക്കൊണ്ടാണ് ക്രൈസ്തവർ അടിസ്ഥാനപരമായി മിഷനറിമാരാകേണ്ടത്. നമ്മുടെ ജീവിതം പീഠത്തിന്മേൽ വയ്ക്കപ്പെട്ട വിളക്കുപോലെയാകണം. സ്വന്തം ജീവിതാവസ്ഥയനുസരിച്ച് ജീവിതസാഹചര്യങ്ങളിൽ ക്രിസ്തുവിന് സാക്ഷികളാകുന്നതാണ് സുവിശേഷത്തിന്റെ ആധികാരികമായ പ്രഘോഷണം. ഓരോ കുടുംബവും അങ്ങനെ പ്രേഷിതമുന്നേറ്റത്തിന്റെ ശക്തമായ വയലേലയായി മാറട്ടെ. ഓരോ കുടുംബവും ഗാർഹികസഭയാണ്. മക്കളെ വിശ്വാസമൂല്യങ്ങളിലും സഭാപൈതൃകങ്ങളിലും സഭാസ്നേഹത്തിലും വളർത്തുവാൻ മാതാപിതാക്കൾക്ക് കടമയുണ്ട്. അവരതു നിർവ്വഹിക്കുമ്പോൾ കുടുംബങ്ങളിൽ പ്രേഷിതോന്മുഖതയുണ്ടാകും, പ്രേഷിതദൈവവിളിക്കുള്ള അന്തരീക്ഷം ഉണ്ടാകുകയും ചെയ്യും.

മിഷൻ പ്രവർത്തനം നിരവധിയായ വെല്ലുവിളികളെ നേരിട്ടുകൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. ഏറ്റവും കഠിനമായ വെല്ലുവിളി നമ്മുടെ സഭയിലും ദൈവവിളികൾ കുറയുന്നുവെന്നതാണ്. ഈ സ്ഥിതിവിശേഷത്തിന് കാരണമാകുന്നത് കുടുംബങ്ങളിലെ വിശ്വാസത്തകർച്ച, പ്രാർത്ഥനാജീവിതത്തിന്റെ അഭാവം, മക്കളുടെ എണ്ണക്കുറവ്, സമർപ്പിതരെക്കുറി

ച്ചുള്ള നിഷേധാത്മകമായ വിമർശനങ്ങൾ, മിഷനറിമാർ നേരിടുന്ന പ്രതിസന്ധികളെ ഭയന്ന് പിന്മാറാനുള്ള പ്രവണത മുതലായവയാണ്. ഇവയെല്ലാം നാം എങ്ങനെ പരിഹരിക്കുമെന്നതിനെ ആശ്രയിച്ചിരിക്കും പ്രേഷിതപ്രവർത്തനത്തിന്റെ മുന്നോട്ടുള്ള ഗതി.

നമ്മുടെ സഭയുടെ പ്രതിനിധികളായി മിഷൻ രംഗത്ത് ജോലി ചെയ്യുന്നവരെ ഏറെ ആദരവോടും അഭിമാനത്തോടും കൂടെ സ്വീകരിക്കാനും പ്രോത്സാഹിപ്പിക്കാനും നമുക്ക് കഴിയണം. അവർ അവധിക്കാലങ്ങളിൽ വരുമ്പോൾ നമ്മുടെ കുടുംബങ്ങളിലും ഇടവകകളിലും സമൂഹങ്ങളിലും സ്ഥാപനങ്ങളിലും അവരെ സ്വീകരിക്കാനും ആദരിക്കാനും അവരുടെ അനുഭവങ്ങൾ പങ്കുവയ്ക്കാനും അവസരങ്ങൾ ഒരുക്കണം. അവർക്ക് നൽകുന്ന പ്രോത്സാഹനം പുതിയ തലമുറയ്ക്ക് അവരെ പിന്തുടരാൻ പ്രചോദനമാകും. കേരളത്തിലെ സീറോ മലബാർ രൂപതകൾ മാതൃസഭ എന്ന നിലയിൽ മിഷനെ ആളുകൊണ്ടും അർത്ഥം കൊണ്ടും സഹായിക്കേണ്ടതുണ്ട്. നമ്മുടെ സഭയിലെ പള്ളികളും സ്ഥാപനങ്ങളും വ്യക്തികളും കുടുംബങ്ങളും കേരളത്തിനു പുറത്തുള്ള മിഷൻ പ്രദേശങ്ങളെ ദത്തെടുക്കാനും പ്രാർത്ഥന, പരിത്യാഗങ്ങൾ, സമ്പത്ത് എന്നിവകൊണ്ടു പ്രോത്സാഹിപ്പിക്കാനും മുന്നോട്ട് വരണം. നമ്മുടെ മിഷനറിമാർ പ്രവർത്തിക്കുന്ന സ്ഥലങ്ങളിലേക്ക് ഇടവകകളിൽ നിന്നും പ്രസ്ഥാനങ്ങളിൽ നിന്നും മിഷനറിയാത്ര നടത്തുന്നത് നല്ലതാണ്. അവരുടെ പ്രവർത്തനം നേരിട്ടു കാണുകയും അവരുടെ ആവശ്യങ്ങളും അവശതകളും മനസ്സിലാക്കുകയും ചെയ്യുന്നത് അവരെ പ്രോത്സാഹിപ്പിക്കാൻ പ്രേരണയാകുമല്ലോ. അതുപോലെതന്നെ മിഷൻരംഗത്തുള്ള ജനങ്ങളെ നമ്മുടെ നാട്ടിലേക്കും കുടുംബങ്ങളിലേക്കും സന്ദർശകരായി സ്വീകരിക്കുന്നത് അവർക്ക് മാതൃസഭയുടെ വിശ്വാസശൈലി നേരിട്ട് അനുഭവിക്കാനും ആഴപ്പെടാനും സഹായകമാകും.

പ്രേഷിതവർഷത്തിന്റെ ചില പരിപാടികളെക്കുറിച്ചുകൂടി പറഞ്ഞുകൊള്ളട്ടെ. രൂപതാതല ഉദ്ഘാടനം അതതു രൂപതകളിൽ വച്ചാണ് നടത്തേണ്ടത്. 2011 ആഗസ്റ്റ് 15-ാം തീയതി എല്ലാ ഭദ്രാസന ദേവാലയങ്ങളിലും രൂപതാദ്ധ്യക്ഷന്റെ നേതൃത്വത്തിൽ ആഘോഷപൂർവകമായ വി. കുർബാനയോടുകൂടെയാണ് പ്രേഷിതവർഷം ഉദ്ഘാടനം ചെയ്യേണ്ടത്. എല്ലാ കത്തീഡ്രലുകളിലും ഇതോടനുബന്ധിച്ച് പ്രേഷിതവർഷ ദീപം തെളിക്കണം. ഓരോ ഇടവകയിലും എല്ലാ സ്ഥാപനങ്ങളിലും പ്രേഷിതവർഷം അർത്ഥവത്തായ വിധത്തിൽ ഉദ്ഘാടനം ചെയ്യാൻ രൂപതകൾ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുമല്ലോ.

2011 ആഗസ്റ്റ് 21 -ാം തീയതി ഞായറാഴ്ച നമ്മുടെ പിതാവായ

മാർതോമ്മാശ്ലീഹായുടെ ആഗമനംകൊണ്ട് പവിത്രമായ കൊടുങ്ങല്ലൂരിലെ അഴീക്കോടുള്ള മാർതോമ്മാ തീർത്ഥാടന കേന്ദ്രത്തിൽ വെച്ച് നമ്മുടെ എല്ലാ അഭിവന്ദ്യ പിതാക്കന്മാരുടെയും കാർമ്മികത്വത്തിൽ വിശുദ്ധ കുർബാന അർപ്പിക്കുന്നുണ്ട്. ഇതിനുവേണ്ട നേതൃത്വവും ക്രമീകരണവും ഇരിങ്ങാലക്കുട രൂപതയാണ് നിർവഹിക്കുന്നത്. തദവസരത്തിൽ നമ്മുടെ എല്ലാ രൂപതകളിൽ നിന്നും പ്രതിനിധികളെ അയയ്ക്കുന്നത് നന്നായിരിക്കും. പ്രേഷിതവർഷത്തോടനുബന്ധിച്ചുള്ള കർമ്മപരിപാടികൾക്ക് രൂപം കൊടുക്കാനും നടപ്പാക്കാനും സുവിശേഷവത്ക്കരണത്തിനും പ്രവാസികളുടെ ശുശ്രൂഷയ്ക്കും വേണ്ടിയുള്ള മേജർ ആർക്കിഎപ്പിസ്കോപ്പൽ കമ്മീഷനെയാണ് ഭരമേൽപ്പിച്ചിരിക്കുന്നത്. ഈ കമ്മീഷന്റെ ചുമതല വഹിക്കുന്ന മൂന്ന് അഭിവന്ദ്യ പിതാക്കന്മാരുണ്ട്. അവരെ കൂടാതെ സിനഡ് തെരഞ്ഞെടുത്ത മറ്റ് രണ്ടു പിതാക്കന്മാരും എല്ലാ രൂപതകളിൽ നിന്നും സന്യാസസമൂഹങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടവരും ഉൾകൊള്ളുന്ന ഒരു സെൻട്രൽ കമ്മറ്റിയുമുണ്ട്. ഈ കമ്മറ്റി വഴി ലഭിക്കുന്ന കർമ്മപദ്ധതികളും മറ്റു നിർദ്ദേശങ്ങളും നാമെല്ലാവരും സ്വീകരിച്ച് നടപ്പാക്കിയാലേ പ്രേഷിതവർഷം വിജയിക്കുകയുള്ളു. മിഷനറിമാരുടെ സംഗമങ്ങൾ, അവരുടെ അനുഭവങ്ങൾ പങ്കുവയ്ക്കൽ, പ്രേഷിതപ്രവർത്തനത്തെ സംബന്ധിച്ചുള്ള ബോധവത്കരണ പഠനക്കളരികൾ, ധ്യാനം, സെമിനാറുകൾ, മിഷൻ ക്വിസ്, ചർച്ചകൾ, ഉപന്യാസമത്സരം, മിഷൻപ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനു ഫണ്ട് സ്വരൂപിക്കൽ എന്നിവ പ്രേഷിതവർഷ കർമ്മപരിപാടികളുടെ ഭാഗമായി നടപ്പാക്കാൻ ഇടവകതലത്തിലും രൂപതാതലത്തിലും പരിശ്രമിക്കേണ്ടതാണ്. ഈ പരിപാടികളെല്ലാം ആത്യന്തികമായി ലക്ഷ്യം വയ്ക്കുന്നത് പ്രേഷിതചൈതന്യത്തെ ഉണർത്തിക്കൊണ്ടുള്ള സഭയുടെ ആത്മീയനവീകരണം തന്നെയായിരിക്കണം.

മിശിഹായിൽ ഏറ്റവും പ്രിയപ്പെട്ട സഹോദരങ്ങളേ, ഈശോയാണ് ഏറ്റവും വലിയ മിഷനറി. പിതാവിന്റെ സ്നേഹം നമ്മെ അറിയിക്കാനും ആ സ്നേഹത്തിലേക്ക് നമ്മെ ക്ഷണിക്കാനും അയയ്ക്കപ്പെട്ട മിഷനറിയായിരുന്നു ഈശോ (യോഹ. 3:16). ഈശോയുടെ പ്രേഷിതദൗത്യത്തിൽ സഹകരിക്കാനും അവിടത്തെ ദൗത്യം തുടരാനുമാണ് ഈശോ അപ്പസ്തോലന്മാരെ വിളിച്ചത് (മർക്കോ 3:14-16). ഈശോ അവരെ ഭരമേൽപ്പിച്ച മൗലികമായ ഉത്തരവാദിത്വം സുവിശേഷം പ്രസംഗിക്കുകയും (മർക്കോ 16:15) വിശ്വസിക്കുന്നവരെ ശിഷ്യപ്പെടുത്തി സഭ സ്ഥാപിക്കുകയും ചെയ്യുകയെന്നതാണ് (മത്താ 28:19, ലൂക്കാ 26:4649, യോഹ. 20:21, നട 1:8). ഈ ഉത്തരവാദിത്വം നമ്മുടെ കാലഘട്ടത്തിലും

സാഹചര്യങ്ങളിലും തുടരാൻ നാം നടത്തുന്ന ശുശ്രൂഷകളാണ് പ്രേഷിത പ്രവർത്തനം. നമ്മുടെ വിശ്വാസത്തോടുള്ള കടപ്പാടിൽനിന്നും കൃതജ്ഞ തയിൽനിന്നുമാണ് അതുണ്ടാകേണ്ടത്. സീറോ മലബാർ സഭ പ്രേഷി തരംഗങ്ങളിൽ ചെയ്തിട്ടുള്ളതും ചെയ്യുന്നതുമായ എല്ലാ ശുശ്രൂഷ കളെയും ഓർത്ത് ഈ വർഷത്തിൽ നമുക്ക് ദൈവത്തിനു പ്രത്യേകം നന്ദിയർപ്പിക്കാം. പ്രേഷിതവർഷം നമ്മുടെ സഭയിൽ ആവേശോജ്ജ്വല മായ ഒരു പുതിയ പന്തക്കുസ്തായ്ക്ക് തുടക്കം കുറിക്കാൻ കാരണ മാകട്ടെ. പ്രാർത്ഥനകൊണ്ടും സമ്പത്തുകൊണ്ടും ജീവിതസാക്ഷ്യം കൊണ്ടും മിഷൻപ്രവർത്തനത്തെ കൂടുതൽ സജീവമാക്കാൻ നമുക്ക് നമ്മെത്തന്നെ സമർപ്പിക്കാം. അതോടൊപ്പം സഭയുടെ വിവിധ പ്രവർത്ത നങ്ങൾക്കായി സഭാദിനത്തോടനുബന്ധിച്ച് നടത്തുന്ന സാമ്പത്തിക സമാഹരണത്തിൽ എല്ലാവരും ആത്മാർത്ഥമായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. എല്ലാവർക്കും ദുക്റാന തിരുനാളിന്റെ ആശംസകൾ! മാർതോമാശ്ലീഹായുടെ പ്രേഷിതചൈതന്യം പ്രേഷിതവർഷാചരണത്തി ലൂടെ എല്ലാവരിലും നിറയട്ടെ. പരിശുദ്ധ കന്യകാമറിയത്തിന്റെയും മാർ തോമ്മാശ്ലീഹായുടെയും വിശുദ്ധ അൽഫോൻസാമ്മയുടെയും മാദ്ധ്യസ്ഥം നിങ്ങൾക്കേവർക്കും ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും + നാമ ത്തിൽ ഞാൻ നിങ്ങളെ ആശീർവദിക്കുന്നു.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷ പ്പിന്റെ കാര്യാലയത്തിൽ നിന്ന് 2011 ജൂൺ 10 ന് നൽകപ്പെട്ടത്.

**+ ജോർജ്ജ് ആലഞ്ചേരി**

സീറോ-മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

---

NB:- **ഈ ഇടയലേഖനം 2011 ജൂലൈ മാസം 3-ാം തീയതിയോ അന്നുസാധിക്കാത്തവർ തൊട്ടടുത്ത ഞായറാഴ്ചയോ വി.കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.**

# സർക്കുലർ

***Circular Letter No. 5/2011***
***Prot. No.11158/2011***

കർത്താവിനാൽ ഏറെ സ്നേഹിയ്ക്കപ്പെട്ട പ്രിയപ്പെട്ട കുട്ടികളേ,

പുതിയ സ്കൂൾവർഷം ആരംഭിച്ചിരിക്കുകയാണല്ലോ. മദ്ധ്യ വേനൽ അവധിക്കാലം നിങ്ങൾ ഫലപ്രദമായി ചെലവഴിച്ചു എന്ന് ഞാൻ വിശ്വസിക്കുകയാണ്. പുതിയ വർഷത്തിലേയ്ക്ക് പ്രവേശിച്ചിരിക്കുന്ന നിങ്ങൾക്ക് ധാരാളം ദൈവാനുഗ്രഹവും പഠനത്തിൽ വിജയവും ആശം സിക്കുന്നു. പരിഷ്ക്കരിച്ച വിദ്യാഭ്യാസപദ്ധതിയനുസരിച്ച് തോൽവി അസാധാരണമാണെങ്കിലും ചിലർക്കെങ്കിലും ഉദ്ദേശിച്ച തരത്തിൽ വിജയം കിട്ടിയില്ല എന്നു വരാം. അതിൽ പ്രയാസപ്പെടേണ്ടതില്ല. പല പ്രാവശ്യം പരാജയപ്പെട്ട് അവസാനം അതുല്യ വിജയം വരിച്ച അനേകം മഹാന്മാരുടെ ചരിത്രം നമ്മുടെ മുമ്പിലുണ്ട്. സ്ഥിരോത്സാഹവും ദൈവാ ശ്രയബോധവും ഉണ്ടെങ്കിൽ വിജയം സുനിശ്ചിതമാണ്. നന്നായി പഠിച്ച് ജയിച്ചവർ തന്നെ ഇനിയും കഠിനാദ്ധ്വാനം ചെയ്തെങ്കിൽ മാത്രമെ തങ്ങ ളുടെ മുന്നോട്ടുള്ള പാതയിൽ വിജയിക്കുകയുള്ളു.

മിക്കവരും ഇതിനകം തങ്ങൾക്ക് ഇഷ്ടപ്പെട്ട കോഴ്സുകളിൽ ചേർന്ന് പഠനം ആരംഭിച്ചുകാണും. ചിലർക്കെല്ലാം തങ്ങൾക്ക് ഇഷ്ട പ്പെട്ടത് ലഭിക്കാത്തതിൽ നിരാശയും ഉണ്ടാകും. മറ്റു ചിലരാകട്ടെ സാമ്പ ത്തികപരാധീനതമൂലം അതല്ലെങ്കിൽ വീട്ടിലെ സാഹചര്യങ്ങൾ അനു കൂലമല്ലാത്തതുകൊണ്ട് പഠനം തുടർന്നെന്നും വരുകയില്ല. പ്രതിസന്ധി കൾ ജീവിതത്തിൽ സാധാരണമാണ്. എന്നാൽ അതിനെയെല്ലാം അതി ജീവിക്കാനുള്ള കഴിവ് ദൈവം നമ്മുക്ക് നൽകിയിട്ടുണ്ട്. അതിനായി നാം പരിശ്രമിക്കുക എന്നതാണ് പരമപ്രധാനം. ഒരു സാഹചര്യവും നമ്മെ തോൽപ്പിക്കാൻ നാം അനുവദിക്കരുത്. കാരണം പതനം ഇന്നത്തെ ലോകത്തിൽ ജിവിതവിജയത്തിന് അനിവാര്യമാണ്.

കാർഷികസംസ്കാരത്തിലായിരുന്നു നമ്മുടെ നാട് ഏതാനും വർഷം മുമ്പ് വരെ. അതിനാൽ കുട്ടികൾ പഠിക്കുന്നതിൽ മാതാപിതാ ക്കൾ അത്ര ശ്രദ്ധയൊന്നും കൊടുത്തിരുന്നില്ല. എന്നാൽ ഇന്ന് സ്ഥിതി

മാറി. കൃഷി ഒരു ജീവിതവൃത്തിയായി തെരഞ്ഞെടുക്കുന്നവരുടെ എണ്ണം വളരെ പരിമിതമാണ്. ഇപ്പോൾ കൃഷിയിൽ ഏർപ്പെട്ടിരിക്കുന്നവരുടെ തലമുറ അപ്രത്യക്ഷമാകുന്നതോടെ നമ്മുടെ നാട്ടിൽ കൃഷിക്കാരുടെ എണ്ണം വളരെ കുറയും എന്നത് നിസ്സംശയമാണ്. അത് നമ്മെ വലിയ അപകടത്തിലേയ്ക്ക് കൊണ്ടെത്തിയ്ക്കും എന്ന് നാം ഓർക്കേണ്ടതാണ്. അതുകൊണ്ട് കൃഷി ഉപജീവനമാർഗ്ഗമായി സ്വീകരിക്കുന്നവരും ഉണ്ടാകണം. അതിനർത്ഥം അവർ പഠിക്കേണ്ട എന്നല്ല. കൃഷി ലാഭകരമാകണമെങ്കിൽ അതിനുള്ള അറിവും പരിശീലനവും വേണം. അത് പഠനത്തിലൂടെയേ ആർജ്ജിക്കാനാവുകയുള്ളു. ശരിയായി ചെയ്താൽ കൃഷി ഇന്നും ലാഭകരമാണ് എന്ന് പലരുടേയും അനുഭവങ്ങൾ സാക്ഷിയാണ്. അതുകൊണ്ട് ഏതാനും പേരെങ്കിലും കൃഷിസംബന്ധമായ പഠനങ്ങൾക്കായി പോകണം.

എന്തുകൊണ്ടാണ് കൃഷി ലാഭകരമല്ലാതായതും അതിൽ നിന്ന് ആളുകൾ മറ്റ് മേഖലകളിലേയ്ക്ക് മാറിപ്പോയതും? കാലം മാറുന്നതിനുസരിച്ച് കൃഷിരീതികളിൽ മാറ്റം വരുത്തി കൃഷി ശാസ്ത്രീയമാക്കാതിരുന്നതും മണ്ണിൽ ജോലിയെടുത്ത് കാത്തിരുന്ന് സാവധാനം പണം സമ്പാദിക്കുന്നതിനുള്ള നമ്മുടെ വൈമനസ്യവും രാഷ്ട്രീയ അതിപ്രസരം മൂലമുള്ള തൊഴിലിലേയും ഉത്പന്നവിലയിലേയും അനിശ്ചിതത്വവും സർക്കാരിന്റെയും ഉദ്യോഗസ്ഥവൃന്ദത്തിന്റേയും അനാസ്ഥയും കൃഷിക്കാരോടുള്ള അവഗണനയും മറ്റുമാണ് കൃഷിയെ അനാകർഷകമാക്കിയത്. അതുകൊണ്ടാണ് അതിമത്സരത്തെ അതിജീവിച്ച് പോലും ഓട്ടോറിക്ഷായും മറ്റ് ടാക്സിവാഹനങ്ങളും ഓടിയ്ക്കാൻ പലരും തയ്യാറാകുന്നത്. ശരിയായ സാഹചര്യങ്ങൾ ഉണ്ടാകുകയാണെങ്കിൽ ഈ മേഖലകളേക്കാൾ കൃഷി ലാഭകരമാണ്. കൃഷിയിൽ നിന്ന് കിട്ടുന്ന മാനസിക സന്തോഷവും സ്വസ്ഥതയും മറ്റൊരു മേഖലയ്ക്കും തരാൻ സാധിക്കുകയില്ല. മത്സരാധിഷ്ഠിതമായ ഇന്നത്തെ ജോലിസാഹചര്യങ്ങൾ മൂലം പലതരത്തിലുമുള്ള പുതിയ രോഗങ്ങൾ ആവിർഭവിക്കുന്ന ഇക്കാലത്ത് കുട്ടികൾ കൃഷിയിലേയ്ക്ക് തിരിയുന്നതിനെപ്പറ്റി ഗൗരവമായി ആലോചിക്കണം എന്നാണെന്റെ അഭിപ്രായം. മാതാപിതാക്കൾ അതിനായി കുട്ടികൾക്ക് പ്രോത്സാഹനം കൊടുക്കുകയും ചെയ്യണം.

ഓരോരുത്തരും അവരവരുടെ അഭിരുചികൾ തിരിച്ചറിഞ്ഞ് പഠന മേഖലകൾ തെരഞ്ഞെടുക്കേണ്ടത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. അല്ലാത്തപക്ഷം പാതിവഴിയിൽ പഠനം ഉപേക്ഷിക്കേണ്ടി വരും. മാതാപിതാക്കൾ അവർക്കിഷ്ടപ്പെട്ട കോഴ്സുകൾ മക്കളെക്കൊണ്ട് പഠിപ്പിക്കുന്ന രീതി നല്ലതാണെന്നു തോന്നുന്നില്ല. കുട്ടികളുടെ അഭിരുചി തിരിച്ചറിഞ്ഞ് അതനുസരിച്ചുള്ള കോഴ്സുകൾക്ക് അവരെ പറഞ്ഞു വിടുക

യാണ് വേണ്ടത്. കാരണം എല്ലാവർക്കും ഒരേ കഴിവല്ല ഉള്ളത് എന്ന് നമുക്കറിയാം. ചിലർക്ക് കണക്ക് വളരെ പ്രയാസമായിരിക്കും, എന്നാൽ അവർക്ക് ഭാഷകൾ പഠിക്കാൻ വളരെ എളുപ്പമായിരിക്കും. കണക്ക് പ്രയാസമായ ഒരാൾ എഞ്ചിനീയറിംഗ് തെരഞ്ഞെടുത്താൽ ഉണ്ടാകാവുന്ന അവസ്ഥ നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ. ചില മാതാപിതാക്കളാകട്ടെ സമൂഹത്തിൽ തങ്ങളുടെ സ്ഥാനം ഉയർത്താൻ മക്കളെ അവർക്കിഷ്ടമില്ലാത്ത മേഖലകളിലേയ്ക്ക് പറഞ്ഞു വിടാറുണ്ട്. ഇത് അവരോട് ചെയ്യുന്ന വലിയൊരു അനീതിയാണ്. അങ്ങനെ നിർബന്ധിക്കപ്പെടുന്ന കുട്ടികൾ പഠനത്തിൽ താത്പര്യമില്ലാത്തവരും ചിലപ്പോൾ സാമൂഹ്യവിരുദ്ധരും ആയി മാറിയെന്ന് വരാം.

തെരഞ്ഞെടുക്കുന്ന പഠനമേഖലകളെപ്പറ്റി മുൻവർഷങ്ങളിൽ ഞാൻ എഴുതിയത് ഈ വർഷവും ആവർത്തിക്കുകയാണ്. മെഡിസിൻ, എഞ്ചിനീയറിംഗ്, നേഴ്സിംഗ് എന്നിവ മാത്രമല്ല ജോലികളായി ഉള്ളത് എന്ന കാര്യം നാം വിസ്മരിക്കരുത്. അവ പഠിച്ച് ജോലി സമ്പാദിക്കുന്നതിന് ചെലവാകുന്ന തുകയുടെ ചെറിയൊരംശം മാത്രം ചെലവഴിച്ച് പഠിച്ച് നല്ല ജോലി സമ്പാദിക്കാവുന്ന ഒട്ടനവധി മറ്റ് പഠനമേഖലകൾ ഉണ്ട്. അവയെപ്പറ്റി നിങ്ങൾ അറിവുള്ളവരോട് ചോദിച്ചറിഞ്ഞ് കോഴ്സുകൾ തെരഞ്ഞെടുത്താൽ ഭാവിയിൽ ജോലിയ്ക്ക് വേണ്ടി അലയേണ്ടി വരില്ല.

ജോലിസംസ്കാരത്തെപ്പറ്റിയും ഒരു വാക്ക് നിങ്ങളുടെ ശ്രദ്ധയിൽ പെടുത്തട്ടെ. എല്ലാ ജോലികളും മാന്യമാണ് എന്ന വസ്തുത നമ്മുടെ മനസ്സിൽ ഉണ്ടായിരിക്കണം. ജോലികളെ മാന്യത കൂടിയത്, കുറഞ്ഞത് എന്നിങ്ങനെ തിരിയ്ക്കുന്ന ശൈലി ശരിയല്ല. എല്ലാ ജോലികളും ചെയ്യാൻ ആരെങ്കിലും ഉണ്ടായേ മതിയാകൂ. അതുകൊണ്ട് തന്നെയല്ലേ ദൈവം നമുക്ക് വ്യത്യസ്തമായ കഴിവുകൾ നൽകിയിരിക്കുന്നത്? തുണിയലക്കാനും മുടിമുറിയ്ക്കാനും റോഡുകൾ അടിച്ച് വാരാനും ഒന്നും ആളില്ലാത്ത സ്ഥിതിയെപ്പറ്റി നിങ്ങൾ ഓർത്തു നോക്കൂ. മറ്റു സംസ്ഥാനങ്ങളിൽ നിന്ന് ആയിരക്കണക്കിന് തൊഴിലാളികൾ നമ്മുടെ ഈ കൊച്ച് കേരളത്തിൽ വന്ന് ധാരാളം പണം സമ്പാദിക്കുന്ന കാഴ്ച നാം ദിവസവും കാണുന്നുണ്ട്. ഇതേ ജോലി തന്നെ ഗൾഫ് രാജ്യങ്ങളിൽ പോയി ചെയ്യാൻ നമ്മുടെ ആളുകൾക്ക് യാതൊരു മടിയുമില്ല താനും. എന്നാൽ അവിടെ കിട്ടുന്നതിലും എത്രയോ മാനസിക സംതൃപ്തിയോടെ ആ ജോലികൾ നമ്മുടെ നാട്ടിൽ ചെയ്യാൻ കഴിയും!

പഠനത്തോടൊപ്പം നിങ്ങളുടെ സ്വഭാവരൂപവത്ക്കരണവും നടക്കണം. അതാണ് ശരിയായ വിദ്യാഭ്യാസം എന്ന് പറയുന്നത്.

നിങ്ങളുടെ വിദ്യാഭ്യാസത്തിനായി വലിയ തുകകൾ നമ്മുടെ സർക്കാരും സ്വകാര്യ ഏജൻസികളും മുടക്കുന്നുണ്ട്. പണത്തിന് പുറമേ ഇതിന് വേണ്ടിവരുന്ന ഊർജ്ജത്തിന്റേയും സമയത്തിന്റേയുമെല്ലാം കണക്ക് കൂട്ടിയാൽ നിങ്ങൾക്ക് മനസ്സിലാക്കാം നിങ്ങൾ കൊടുക്കുന്ന ഫീസ് നിങ്ങളുടെ വിദ്യാഭ്യാസത്തിന് ചിലവാകുന്നതിനേക്കാൾ എത്രയോ ചെറുതാണ് എന്ന്. ഇടവകയിലെ വിദ്യാഭ്യാസസ്ഥാപനങ്ങൾ നടത്താൻ ഇടവകവികാരിയച്ചനും കൈക്കാരന്മാരും കമ്മറ്റിക്കാരുമെല്ലാം അദ്ധ്വാനിക്കുന്നത് സൗജന്യമായിട്ടാണല്ലോ. അവരുടെ അദ്ധ്വാനത്തിന്റെ ചെലവ് കൂടി കണക്കാക്കുകയാണെങ്കിൽ തുക എത്രയോ കൂടുതൽ ആകും!

എന്തിനാണ് നാമിങ്ങനെ സ്ഥാപനങ്ങൾ നടത്തുന്നത്? ഓരോ ക്രൈസ്തവവിശ്വാസിയും സ്വന്തം മതാനുയായികളുടെ മാത്രമല്ല മനുഷ്യവംശം മുഴുവന്റേയും ക്ഷേമം ലക്ഷ്യം വയ്ക്കണം എന്ന ചിന്തയാണ് അതിന്റെ പിന്നിലുള്ളത്. ഭാവിയിൽ ഒരു ജോലി സമ്പാദിക്കാനുള്ള കഴിവ് നിങ്ങളിൽ ഉണ്ടാക്കുന്നതോടൊപ്പം നിങ്ങളെ ഓരോരുത്തരേയും ഉത്തമപൗരരും രാഷ്ട്രത്തിന്റേയും സമൂഹത്തിന്റേയും ഉന്നതിയ്ക്കായി പ്രവർത്തിക്കാൻ മനസ്സുള്ളവരുമാക്കിത്തീർക്കുകയും ചെയ്യുക ഈ സ്ഥാപനങ്ങളുടെ ലക്ഷ്യമാണ്. നിങ്ങളിലൂടെ ഈ ലക്ഷ്യം നിറവേറുവാൻ നിങ്ങളുടെയും നിങ്ങളുടെ മാതാപിതാക്കന്മാരുടേയും അദ്ധ്യാപകരുടേയും എല്ലാം സഹകരണം ആവശ്യമാണ്. അതിന് എല്ലാവരേയും നല്ലവനായ ദൈവം പ്രാപ്തരാക്കട്ടെ. പുതിയ സ്കൂൾ വർഷത്തിൽ ഏവർക്കും ഒരിക്കൽകൂടി ആശംസകൾ നേരുന്നു. നിങ്ങളേവരോടും കൂടെ നമ്മുടെ കർത്താവിന്റെ കൃപ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽനിന്ന് 2011 ജൂൺ മാസം 20-ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2011 ജൂലൈ മാസം 10-ാം തീയതി കുട്ടികൾക്കുള്ള വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**



# യുവജനദിനം 2011

## ജൂലൈ 10 ഞായർ

### കെ.സി.ബി.സി. യുവജനകമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

വാത്സല്യമുള്ള യുവജനസുഹൃത്തുക്കളേ, വന്ദ്യവൈദികരേ, സന്യസ്തരേ, പ്രിയ സഹോദരരേ,

മാർതോമ്മാശ്ലീഹായുടെ ദുക്റാന തിരുനാൾ കഴിഞ്ഞുവരുന്ന ഞായറാഴ്ച - ഇക്കൊല്ലം ജൂലൈ 10-ന് ആണല്ലോ കേരളസഭ യുവജനദിനമായി ആചരിക്കുന്നത്. വിശ്വാസതീക്ഷ്ണതയിൽ വളരുന്നതിനും ആ വിശ്വാസം മറ്റുള്ളവരിലേയ്ക്ക്, പ്രത്യേകിച്ച്, സമപ്രായക്കാരിലേയ്ക്ക് കൈമാറുന്നതിനുമുള്ള ഉത്തരവാദിത്വം യുവജനങ്ങളിൽ ജനിപ്പിക്കുകയാണ് യുവജനദിനത്തിന്റെ ഒരു വലിയ ലക്ഷ്യം. ആഗോളസഭ നവസുവിശേഷവത്ക്കരണത്തെക്കുറിച്ചു ഗൗരവപൂർവ്വം ചിന്തിക്കുന്ന പശ്ചാത്തലത്തിൽ അതിനേറെ പ്രസക്തിയുണ്ട്.

ഈ ആഗസ്റ്റ് മാസത്തിൽ സ്പെയിനിലെ മഡ്രിഡിൽ വച്ചുനടക്കുന്ന 26-ാം ലോകയുവജനദിനത്തിൽ മുഖ്യവിഷയമായി പരിശുദ്ധ പിതാവ് ബെനഡിക്ട് പതിനാറാമൻ മാർപ്പാപ്പ തിരഞ്ഞെടുത്തിരിക്കുന്നത് "യേശുക്രിസ്തുവിൽ വേരുറപ്പിക്കപ്പെട്ടും പണിതുയർത്തപ്പെട്ടും നിങ്ങൾ സ്വീകരിച്ച വിശ്വാസത്തിൽ ദൃഢത പ്രാപിക്കുവിൻ" (കൊളോ. 2:7) എന്നതാണ്. ദൈവത്തിൽ ശരണപ്പെട്ട് ദൈവവചനത്തിൽ വീടുപണിത വിശുദ്ധരുടെ ജീവിതമാതൃക അനുകരിച്ച് ക്രിസ്തുവിൽ ആഴപ്പെടാൻ പരിശുദ്ധ പിതാവ് യുവജനങ്ങളെ ആഹ്വാനം ചെയ്യുന്നു. ആഴത്തിൽ അടിത്തറയിട്ടാലേ ഉറപ്പുള്ള സൗധം പണിതുയർത്താനാകൂ എന്നതു സുവിദിതമാണല്ലോ. ദൈവത്തിന്റെ വിളികേട്ട് അതിനോട് പ്രത്യുത്തരിക്കുന്നതുവഴിയാണു നല്ല അടിത്തറ ഇടുന്നതും നന്നായി പണിയുന്നതുമെന്ന കാര്യം യുവജനങ്ങൾക്കു നല്ല ബോധ്യം ഉണ്ടായിരിക്കണം.

2012 ഒക്ടോബർ 7-28 വരെ റോമിൽ ചേരുന്ന മെത്രാന്മാരുടെ

സിനഡിന്റെ വിഷയം 'ക്രൈസ്തവ വിശ്വാസകൈമാറ്റത്തിനു നവസുവിശേഷവത്കരണം' എന്നതാണ്. ക്രൈസ്തവ സമൂഹത്തിലുണ്ടാകേണ്ട നവസുവിശേഷവത്കരണത്തെ സംബന്ധിച്ച് ആദ്യം പ്രതിപാദിച്ചത് യുവജനങ്ങളുടെ വലിയ സുഹൃത്തായ വാഴ്ത്തപ്പെട്ട ജോൺപോൾ രണ്ടാമൻ മാർപാപ്പയായിരുന്നു. (cf. അത്മായ വിശ്വാസികൾ-34). ബെനഡിക്ട് പതിനാറാമൻ മാർപ്പാപ്പയും 'നവസുവിശേഷവത്കരണ'ത്തിന് കൂടുതൽ പ്രാധാന്യം നൽകാൻ ആഗ്രഹിക്കുന്നു. 2010 സെപ്റ്റംബർ 21-ന് പുറത്തിറക്കിയ 'എല്ലായ്പ്പോഴും എല്ലായിടത്തും' എന്ന തിരുവെഴുത്തുവഴി നവസുവിശേഷവത്കരണത്തിനായി ഒരു പുതിയ പൊന്തിഫിക്കൽ കൗൺസിൽ മാർപാപ്പ രൂപീകരിക്കുകയുണ്ടായി. കൂടാതെ സിനഡിന്റെ ചർച്ചാ വിഷയവുമായി ബന്ധപ്പെട്ട്, പൊന്തിഫിക്കൽ കൗൺസിൽ 2011 ഫെബ്രുവരി 2-ന് പുറത്തിറക്കിയിരിക്കുന്ന മാർഗ്ഗരേഖ സമകാലിക സമൂഹത്തിലെ സുവിശേഷവത്കരണ പ്രക്രിയയെ സംബന്ധിച്ച് വിശദമായ ചർച്ചയ്ക്ക് വഴിയൊരുക്കുന്നതുമാണ്. യുവജനങ്ങൾ ഈ രേഖ പഠിക്കുകയും കേരളത്തിന്റെ പശ്ചാത്തലത്തിൽ എന്തു ചെയ്യാനാവുമെന്നു ചർച്ച ചെയ്തു തീരുമാനങ്ങൾ എടുക്കുകയും അവ പ്രാവർത്തികമാക്കുകയും ചെയ്താൽ അതു വലിയ നന്മകൾ പുറപ്പെടുവിക്കും.

ക്രൈസ്തവ സമൂഹം തന്നെയാണ് നവസുവിശേഷവത്കരണത്തിന്റെ ലക്ഷ്യം. സുവിശേഷമൂല്യങ്ങൾക്കനുസരിച്ചുള്ള ജീവിതത്തിനു വന്നിരിക്കുന്ന ശോഷണം തിരുത്താനുള്ള ശ്രമമാണു മുഖ്യമായും നമുക്കുണ്ടാകേണ്ടത്. ആദിമ ചൈതന്യത്തിലേക്കുള്ള തിരിച്ചു പോകൽ അതിന് അത്യന്താപേക്ഷിതമാണ്. മാറിവരുന്ന സാഹചര്യങ്ങളോടും അവസ്ഥകളോടും പ്രത്യുത്തരിക്കാനും പുതിയ വഴികൾ വെട്ടിത്തുറക്കാനുമുള്ള ധീരതയും വേണം. ആത്മീയശക്തികൊണ്ട് നിറഞ്ഞ യുവജനങ്ങൾക്കതു സാധിക്കും. സുവിശേഷം വായിച്ച് അതു ജീവിതത്തിൽ പകർത്താൻ യുവജനങ്ങൾ സന്നദ്ധരാകണം. അങ്ങനെ സുവിശേഷത്തിനു ധീരമായി സാക്ഷ്യം നൽകാൻ പ്രിയ യുവസുഹൃത്തുക്കളേ, നിങ്ങൾക്കു കഴിയട്ടെ.

സമൂഹം, സംസ്കാരം, സാമ്പത്തികം, പൗരജീവിതം, രാഷ്ട്രീയം, മാധ്യമങ്ങൾ, ശാസ്ത്രം, സാങ്കേതികവിദ്യ എന്നീ രംഗങ്ങളിൽ സുവിശേഷമൂല്യങ്ങൾ - അവ യഥാർത്ഥ മാനുഷികമൂല്യങ്ങൾ തന്നെയാണ് - സംക്രമിപ്പിക്കുന്നതിനുള്ള കർമ്മപദ്ധതി തയ്യാറാക്കാൻ കഴിയുക ഇന്നു പ്രധാനപ്പെട്ട കാര്യമാണ്. സജീവവും ജീവദായകവുമായ സുവിശേഷ സന്ദേശങ്ങൾ എങ്ങും എത്തണം. മതവിരുദ്ധവും സഭാവിരുദ്ധ

വുമായ സന്ദേശങ്ങൾ വഴി മനുഷ്യന്റെ മന:സാക്ഷിയിൽ നിന്നു ദൈവത്തെ പൂർണ്ണമായോ ഭാഗികമായോ ഒഴിവാക്കുവാൻ പ്രേരിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടക്കുന്നു.

ആഗോളീകരണം നിരവധി നന്മകൾ മനുഷ്യസമൂഹത്തിന് നൽകിയിട്ടുണ്ട്. പക്ഷേ, അവയോടൊപ്പമോ അവയേക്കാളേറെയോ ദോഷങ്ങളും അതു വരുത്തിവയ്ക്കുന്നുണ്ട്. മനുഷ്യൻ കേവലം ഭൗതിക ജീവിയാണെന്നും ഉപഭോഗമാണ് മനുഷ്യജീവിതത്തിലെ ഏറ്റവും മഹത്തായ കാര്യമെന്നുമുള്ള വ്യാജമാണ് എങ്ങും പ്രചരിപ്പിക്കുന്നത്. മാധ്യമങ്ങൾ അതിനു വഹിക്കുന്ന പങ്കു വലുതാണ്. യുവജനങ്ങൾ വേഗം ഉപഭോഗസംസ്കാരത്തിന് അടിമപ്പെടുകയും ചെയ്യുന്നു. അത്യധികം ആഗ്രഹത്തോടെ അന്വേഷിക്കപ്പെടുന്ന ഭൗതികക്ഷേമവും സുഖാസ്വാദനവും അവരുടെ ജീവിതാദർശമായിത്തീരുന്നു. അത് എങ്ങനെയും എന്തുവിലകൊടുത്തും നേടാൻ ശ്രമിക്കുന്നു. പരിത്യാഗം ആവശ്യപ്പെടുന്നതെന്തും ഒഴിവാക്കാൻ ഇടയാകുന്നു. ആദ്ധ്യാത്മികവും മതപരവുമായ മൂല്യങ്ങളുടെ അന്വേഷണത്തെയും പരിശീലനത്തെയും തള്ളിക്കളയാനും ഇടയാകുന്നു (മൂന്നാം സഹസ്രാബ്ദത്തിലേക്ക്-58). ഇവിടെയാണ് പരിശുദ്ധ പിതാവ് മുന്നോട്ടു വയ്ക്കുന്ന നവസുവിശേഷവത്കരണം കൂടുതൽ പ്രസക്തമായിരിക്കുന്നത്; യുവജനങ്ങളുടെ ശ്രദ്ധ ഇതിലേയ്ക്ക് തിരിയേണ്ടതിന്റെ പ്രാധാന്യവും ഇവിടെ വ്യക്തമാകുന്നുണ്ട്.

ശാസ്ത്രസാങ്കേതിക രംഗത്തുണ്ടായിട്ടുള്ള വളർച്ചയും നാം ശ്രദ്ധിക്കണം. അതു മാനവരാശിക്ക് നൽകിയിട്ടുള്ള സംഭാവനകൾ വലുതാണ്. എന്നാൽ അവയുടെ ഫലങ്ങൾ ആനുപാതികമായി എല്ലാവർക്കും ലഭിക്കുന്നില്ല. സ്വത്തിന്റെ കേന്ദ്രീകരണം ചെറിയൊരു വിഭാഗം ആളുകളിൽ ഒതുങ്ങുന്നതു നല്ലതല്ല. ശാസ്ത്ര സാങ്കേതിക നേട്ടങ്ങളുടെ ഫലങ്ങൾ എല്ലാവർക്കും ഒന്നുപോലെ സംലഭ്യമാകണം. ഒപ്പം, ശാസ്ത്ര സാങ്കേതിക വിദ്യകൾ അധാർമ്മികമായി ഉപയോഗിക്കുന്നത് മനുഷ്യന് നാശമാകുമെന്ന കാര്യവും വിലയിരുത്തപ്പെടണം. ഭരണരംഗത്തും മറ്റും പല രംഗങ്ങളിലും അഴിമതിയുടെ അഴിഞ്ഞാട്ടം സംഭവിക്കുന്നു. സാധാരണക്കാരായ ജനങ്ങളാണ് പ്രത്യക്ഷമായും പരോക്ഷമായും പലപ്പോഴും ഇതിന് ഇരകളാകുന്നത്. അതിനാൽ അഴിമതിയും അധാർമ്മികതയും ഇല്ലായ്മ ചെയ്യാൻ യുവജനങ്ങൾ മുന്നിട്ടിറങ്ങണം.

നവസുവിശേഷവത്കരണത്തിന് നേതൃത്വം നൽകേണ്ടത് യുവജനങ്ങൾ തന്നെയാണ്. യുവജനങ്ങളെ സഭയുടെ അജപാലന താത്പര്യത്തിന്റെ ഒരു വിഷയം മാത്രമായി കരുതിയാൽ പോരാ, മറിച്ച് അവരെ

സഭയുടെ സുവിശേഷവത്കരണത്തിന്റെ നടുനായകരായും കരുതണം. അവർ സമൂഹനവീകരണത്തിൽ ഭാഗഭാക്കുകളാകണം (cf. അത്മായ വിശ്വാസികൾ-46). എല്ലാ മനുഷ്യരുടെയും സമഗ്ര വളർച്ച ലക്ഷ്യം വച്ച് പ്രവർത്തിക്കാനാണു യുവജനങ്ങൾ മുന്നോട്ട് വരേണ്ടത്. ദാരിദ്ര്യ നിർമ്മാർജ്ജനം, സകലർക്കും വിദ്യാഭ്യാസം, എല്ലാവർക്കും ആരോഗ്യ രക്ഷ, പരിസ്ഥിതി സംരക്ഷണം എന്നിവയ്ക്കായി അവർ പ്രവർത്തിക്കണം. അനീതി, വിഭാഗീയചിന്ത, അക്രമം, വർഗ്ഗീയത എന്നിവയ്ക്കെതിരെ പ്രതിരോധം തീർക്കേണ്ടതും യുവജനങ്ങളുടെ ദൗത്യം തന്നെയാണ്. ബഹുസ്വരതയുള്ള നമ്മുടെ നാട്ടിൽ മതങ്ങളും ജനസമൂഹങ്ങളും തമ്മിൽ സഹകരണവും സംഭാഷണവും മൈത്രിയും വളർത്താൻ കഴിയുന്നതും വിശാലവീക്ഷണം കൈമുതലായുള്ള കത്തോലിക്കാ യുവജനങ്ങൾക്കു തന്നെയാണ്.

മാതാപിതാക്കൾ നൽകുന്ന ആത്മീയ, ഭൗതിക സുരക്ഷിതത്വത്തിലും വിശ്വാസം പരിപോഷിപ്പിക്കപ്പെടുന്ന ഇടവക സംവിധാനത്തിലും നിന്നു നമ്മുടെ യുവജനങ്ങൾ പല സ്ഥലങ്ങളിലേക്ക് പഠനത്തിനും ജോലിക്കുമായി പോകുമ്പോൾ അവിടെ അവർക്ക് വിശ്വാസത്തിനും ധാർമ്മികതയ്ക്കും ചേർന്ന സാഹചര്യമുണ്ടെന്ന് മാതാപിതാക്കൾ ഉറപ്പുവരുത്തണം. ദൃശ്യശ്രാവ്യമാധ്യമങ്ങളുടെ മാസ്മരികതയിലേക്കും ഇന്റർനെറ്റിലെ നല്ല അറിവിന്റെ പരിധികൾക്കപ്പുറത്തുള്ള അനന്ത സാദ്ധ്യതകളിലേക്കും അനേകം മറ്റു കൗതുകങ്ങളിലേക്കും നിരീശ്വര പ്രസ്ഥാനങ്ങളിലേക്കും അധാർമ്മികപ്രവർത്തനങ്ങളിലേക്കും മദ്യ-മയക്കുമരുന്നുകളിലേക്കും ആകൃഷ്ടരായി വിശ്വാസത്തിൽ ഇടർച്ചയുണ്ടാകാനും ജീവിതം താളം തെറ്റാനുമുള്ള സാഹചര്യങ്ങൾ ഇന്ന് വളരെയേറെയുണ്ട്. അപ്പോൾ നമ്മുടെ യുവജനങ്ങളെ കത്തോലിക്കാവിശ്വാസ സമൂഹവുമായി ബന്ധപ്പെടുത്തി നിറുത്താൻ ശ്രദ്ധിക്കുന്നതിന്റെ ആവശ്യകത കൂടുതൽ വ്യക്തമാകുകയാണ്.

സാമൂഹികമായ മാറ്റം ഉൾക്കൊണ്ടുകൊണ്ട് കത്തോലിക്കാ യുവജന സംഘടനകളുടെ പ്രവർത്തനം കൂടുതൽ സജ്ജീവമാക്കണം. സഭയുടെ ഔദ്യോഗിക യുവജനസംഘടനയായ കെ.സി.വൈ.എം. പോലുള്ള യുവജനസംഘടനകൾ ഓരോ ഇടവകയിലും എല്ലാ യുവജനങ്ങളെയും ഉൾക്കൊള്ളത്തക്കവിധം കൂടുതൽ പ്രവർത്തനക്ഷമമാവുകയും വേണം. മാതാപിതാക്കൾ മക്കളെ നമ്മുടെ യുവജനപ്രസ്ഥാനങ്ങളിൽ അംഗങ്ങളാക്കുന്നതിൽ തത്പരരാകണം. ഇടവക, ഫൊറോന, രൂപത, സംസ്ഥാനതലത്തിൽ യുവജനങ്ങൾക്ക് അവധിക്കാല വിശ്വാസ പരിശീലന ക്യാമ്പുകളും സംഗമങ്ങളും സംഘടിപ്പിക്കേണ്ടതാണ്.

യുവജനങ്ങൾ തങ്ങളുടെ ബുദ്ധിയും സമ്പത്തും സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി പങ്കുവയ്ക്കാനുതകുന്ന പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കേണ്ടത്. ഇടവകതലത്തിൽ യുവജന മതബോധനം, യുവജന ധ്യാനങ്ങൾ, പ്രാർത്ഥനാസമ്മേളനങ്ങൾ എന്നിവ സംഘടിപ്പിക്കണം. കുമ്പസാരിക്കാനും ദിവ്യകാരുണ്യം സ്വീകരിക്കാനും യുവജനങ്ങളെ പ്രോത്സാഹിപ്പിക്കണം. വഴിതെറ്റാതിരിക്കാനും ഇനി വഴിതെറ്റാനിടയായാൽ തിരിച്ചുവരാനും അതു സഹായിക്കുമല്ലോ. വൈയക്തികവും സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവും ആത്മീയവുമായ രൂപീകരണത്തിലൂടെ യുവജനങ്ങളുടെ ശക്തീകരണം നടക്കണം. യു.എൻ.ഒ. യുവജന വർഷമായി ആചരിക്കുന്ന പശ്ചാത്തലത്തിൽ യുവജനങ്ങൾ തങ്ങളെത്തന്നെയും തങ്ങളുടെ കഴിവുകളെയും അറിഞ്ഞ് പരിപോഷിപ്പിക്കാനും പക്വതയുള്ള വ്യക്തികളായി ഉത്തരവാദിത്വത്തോടെ ജീവിക്കാനും വേണ്ടതൊക്കെ മുതിർന്ന തലമുറ അവർക്ക് ഒരുക്കിക്കൊടുക്കാൻ സന്നദ്ധരാകേണ്ടതുമാണ്.

സഭയിലെ യുവജനശുശ്രൂഷയിൽ പങ്കുകാരാകുവാൻ ഓരോരുത്തരെയും ഞങ്ങൾ ക്ഷണിക്കുന്നു. നമ്മുടെ യുവജനങ്ങൾ രൂപത, സംസ്ഥാന, ദേശീയ, അന്തർദേശീയ തലങ്ങളിൽ വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. യുവജനശുശ്രൂഷ ഫലപ്രദമായി നടക്കുവാൻ എല്ലാ സഭാംഗങ്ങളും പ്രാർത്ഥിക്കുകയും സഹായിക്കുകയും ചെയ്യുമല്ലോ. യുവജനങ്ങൾക്കുവേണ്ടി ചെലവഴിക്കുന്ന സമ്പത്ത് ഭാവിയിലേക്കുള്ള മുതൽക്കൂട്ടാണെന്ന് നാം അറിഞ്ഞിരിക്കണം. ഇടവകകളും രൂപതകളും സ്ഥാപനങ്ങളും യുവജനദിനം സമുചിതമായി ആചരിക്കണം. യുവജനദിനത്തിൽ എല്ലാ ഇടവകകളിലും യുവജനങ്ങൾക്കുവേണ്ടി പ്രത്യേകമായി ദിവ്യബലി അർപ്പിക്കുകയും യുവജനമുന്നേറ്റത്തിനു പ്രചോദനമേകുന്ന പരിപാടികൾ ക്രമീകരിക്കുകയും ചെയ്യുന്നത് ഉചിതമാണ്. യുവജനങ്ങളെ ആദരിക്കാനും അവരിലാണ് നമ്മുടെ പ്രതീക്ഷയെന്ന് അവരെ അറിയിക്കാനുമുള്ള ഏറ്റവും പറ്റിയ അവസരമാണിത്.

വാഴ്ത്തപ്പെട്ട ജോൺ പോൾ രണ്ടാമൻ മാർപാപ്പ 1986 ഫെബ്രുവരി 10-ന് ബോംബെയിൽ വച്ച് ഇന്ത്യയിലെ യുവജനങ്ങൾക്ക് നൽകിയ സന്ദേശം ഉദ്ധരിച്ചുകൊണ്ട് ഉപസംഹരിക്കാം. "പ്രിയപ്പെട്ട യുവജനങ്ങളേ, ജീവിതത്തിന്റെ ലക്ഷ്യം വ്യക്തമാക്കികൊണ്ട് ലോകത്തിലെ പ്രശ്നങ്ങളെന്തെന്നറിയാൻ സഭ നിങ്ങളെ സഹായിക്കും. മനുഷ്യ മഹത്വത്തെ ഊന്നിപ്പറഞ്ഞുകൊണ്ടും മനുഷ്യവംശത്തെപ്പറ്റി സഭയ്ക്കുള്ള ധാരണ നിങ്ങളുമായി പങ്കുവച്ചുകൊണ്ടും അപ്രകാരം ചെയ്യും. ഓരോ ഘട്ടത്തിലും സഭ നിങ്ങളോടൊപ്പം നിൽക്കുകയും നിങ്ങളെ പ്രോത്സാ

ഹിപ്പിക്കുകയും ചെയ്യും. സർവ്വോപരി ജീവിതപ്രശ്നങ്ങളെ നേരിടാനുള്ള മാർഗ്ഗങ്ങൾ നിങ്ങൾക്കു നൽകും. മറ്റു വാക്കുകളിൽ പറഞ്ഞാൽ, സഭ നിങ്ങൾക്ക് ക്രിസ്തുവിനെ നൽകും. ക്രിസ്തുവിനോട് ഐക്യപ്പെട്ടും അവിടുത്തെ സ്നേഹത്തിലും നിലനിൽക്കാൻ സഭ നിങ്ങളെ നിർബ ന്ധിക്കും. ജീവിതത്തിലെ വിജയങ്ങളും പരാജയങ്ങളും അധിനിവേശ ങ്ങളും പ്രശാന്തതയോടെ നേരിടാൻ നിങ്ങളെ സജ്ജരാക്കും. നിങ്ങളുടെ ആവേശവും സാമർത്ഥ്യവും ആദർശനിഷ്ഠയും നിങ്ങളുടെ അയൽക്കാ രുടെയും ഭാരതത്തിന്റെയും ലോകത്തിന്റെയും ഉപകാരത്തിനായി ഉപ യോഗിക്കണമെന്ന് കർത്താവ് ആഗ്രഹിക്കുന്നു. ദൈവം നിങ്ങളെ സമൃ ദ്ധമായി അനുഗ്രഹിക്കട്ടെ." യുവജനങ്ങൾക്കുവേണ്ടി സഭ ഇക്കാര്യമാണ് എന്നും ചെയ്യുന്നത്. യുവജനദിനാചരണം അതു ശക്തിപ്പെടുത്തുന്ന തിനുള്ള ഉപാധിയുമാണ്.

യുവജനദിനത്തിന്റെ മംഗളങ്ങൾ നിങ്ങൾക്കു ഹൃദയപൂർവ്വം നേർന്നുകൊണ്ടും ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ടും

**ബിഷപ്പ് മാർ ജോസഫ് പണ്ടാരശ്ശേരിൽ**
കെ.സി.ബി.സി. യുവജനകമ്മീഷൻ ചെയർമാൻ

**ബിഷപ്പ് തോമസ് മാർ അന്തോനിയോസ്**
**ബിഷപ്പ് ഡോ. ജോസഫ് കരിയിൽ**
കെ.സി.ബി.സി. യുവജനകമ്മീഷൻ വൈസ് ചെയർമാൻ

---

**NB:- ഈ സർക്കുലർ 2011 ജൂലൈ 10-ാം തീയതി എല്ലാ ദൈവാല യങ്ങളിലും, അന്നേദിവസം ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ച് കൊടുക്കുകയോ ചെയ്യേണ്ടതാണ്.**

# രൂപതാകച്ചേരി വാർത്തകൾ

### സ്നേഹസ്മരണ

ബഹു. അബ്രാഹം മൂക്കനോലിൽ അച്ചന്റെ ചരമദിനമാണ് ജൂലൈ 16. അച്ചനെ നമ്മുടെ പ്രാർത്ഥനയിലും വി. ബലിയിലും പ്രത്യേകം സ്മരിക്കാം.

### യുവജനദിനം - ജൂലൈ 10

ഇന്നത്തെ യുവജനങ്ങളാണല്ലോ നാളത്തെ സഭയുടെയും സമൂഹത്തിന്റെയും ഭാവി നിർണ്ണയിക്കുക. ദൈവവിശ്വാസത്തിലും മൂല്യങ്ങളിലും അടിയുറച്ച ഒരു ജീവിതം നയിക്കാൻ യുവജനങ്ങൾക്ക് സാധിക്കട്ടെ. ജൂലൈ 10-ാം തീയതി കേരള സഭ യുവജനദിനം ആചരിക്കുകയാണല്ലോ. ഉചിതമായ വിധത്തിൽ യുവജനദിനം ആഘോഷിക്കുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കണമെന്ന് താല്പര്യപ്പെടുന്നു. നമ്മുടെ രൂപതയിലെ യുവജനശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്ന ബഹു. ടോമി പുത്തൻപുരയച്ചനും മറ്റു ഭാരവാഹികൾക്കും ഹൃദയം നിറയെ അനുമോദനങ്ങൾ നേരുന്നു. അന്നേദിവസം യുവജനങ്ങൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും പ്രത്യേകം സ്തോത്രക്കാഴ്ച സ്വീകരിച്ച് യുവജനപ്രവർത്തനങ്ങളെ സഹായിക്കുവാൻ രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യുമല്ലോ.

### വൈദിക സമ്മേളനം: (Priests' Conference)

നമ്മുടെ രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദികരുടെയും ഒരു സമ്മേളനം (Priests' Conference) 2011 ഓഗസ്റ്റ് 29 തിങ്കളാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ചേരുന്നു. ആ ദിവസത്തെ പരിപാടികൾ മുൻകൂട്ടി ക്രമീകരിച്ച് വൈദിക സമ്മേളനത്തിൽ പങ്കെടുക്കുവാൻ ബഹു. അച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കണമെന്ന് താല്പര്യപ്പെടുന്നു.

**LIVING TOGETHER PROGRAMME**

Hand book -ൽ കൊടുത്തിരിക്കുന്നതനുസരിച്ച് നടക്കേണ്ട Living Together Programme ഈ വർഷം ഉണ്ടായിരിക്കുന്നതല്ല.

**APPOINTMENTS:**

Re. Fr. Mathew Perumattikunnel : Vicar, Sts.Peter & Paul Church
(w.e.f. 15-05-2011) Mananthavady

Rev. Fr. Emmanuel Vadakkel : Director, Vianney Bhavan &
(w.e.f. 19-06-2011) Assistant Director,
Family Apostolate

**വിവാഹ സഹായം**

ദോഹയിലെ സീറോ–മലബാർ കമ്മ്യൂണിറ്റി സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന പെൺകുട്ടികളുടെ വിവാഹത്തിനായി ഒരു തുക സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയായിൽ ഏല്പിച്ചിരിക്കുന്നു. ഒരു രൂപതയിൽ നിന്നും ഒരു പെൺകുട്ടിയ്ക്കാണ് വിവാഹ സഹായം ലഭിക്കുക. താല്പര്യമുള്ളവർ ബഹു. വികാരിയച്ചന്റെ ശുപാർശയോടുകൂടി വെള്ള പേപ്പറിൽ അപേക്ഷ എഴുതി മാനന്തവാടി ബിഷപ്സ് ഹൗസിൽ എത്തിക്കുക. അപേക്ഷയിൽ കുടുംബത്തിന്റെ വിശദവിവരങ്ങളും സാമ്പത്തിക അവസ്ഥയും കാണിച്ചിരിക്കണം.

**NEW ADDRESSES & PHONE NUMBERS:**

Santhigiri church : 0490-2414277
Rev. Fr. Saji Elayaidath : 09747191999,
9447344001

**Rev. Fr. Saji Kattamkottil**
Don Saji Thomas
P. Matteoli 1
87066 Longobucco CS Italy
Mob: 00393668949031
E-Mail. skattamkottil@gmail.com

**Rev. Fr. James Chembakkara**
Mob: 9496272909, 9544680444

**Rev. Fr. Vinod Pakkanikuzhiyil**
Shanti Nilaya, Anchechittinahalli
Nagamangala 571 432
Tel: 08861722016, Mob: 9746964663

**Rev. Fr. Prince Thumbiamkuzhy**
Infant Jesus Cathedral
Hinkal P.O., House No. 3
Hunsur Road, Mysore - 570 017
Tel: 0821-2517841
Mob: 07676677877

**Rev. Fr. Siby Cheruthottil**
Via Bianca Piccolomini 6
53100 Siena, Italia
Mob: 00393495986539

**Rev. Fr. John Kizhakkanputhupally**
Gulabi Sadana, Ragimuddanahalli
Chinakurli 571 455, Mandya Dt.
Tel: 08236-268333
Mob: 9980009028, 09482112322

**Rev. Fr. Manuel Puthenpurayil**
Dharmaram Vidya Kshethram, P.G Block
Bangalore -560 029
Mob: 08123566454, 9846268915

**വൈദികരുടെ വാർഷികധ്യാനം**

സെപ്റ്റംബർ 18-ാം തീയതി മുതൽ 23-ാം തീയതി വരെയും സെപ്റ്റംബർ 25-ാം തീയതി മുതൽ 30-ാം തീയതി വരെയുമായിരിക്കും വൈദികരുടെ വാർഷികധ്യാനം. പതിവുപോലെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ചായിരിക്കും ധ്യാനം നടത്തുക. നമ്മുടെ രൂപതാംഗവും പ്രശസ്ത ബൈബിൾ പണ്ഡിതനും ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിലെ പ്രൊഫസറുമായ റവ.ഡോ. ജോസഫ് തൊണ്ടിപ്പറമ്പിലായിരിക്കും ധ്യാനം നയിക്കുക. വളരെ ഗൗരവതരമായ കാരണങ്ങളാൽ ധ്യാനത്തിൽ പങ്കെടുക്കുവാൻ സാധിക്കാത്തവർ അക്കാര്യം മുൻകൂട്ടി അറിയിക്കുകയും ഡിസംബർ 31-നു മുൻപായി എവിടെയെങ്കിലും ധ്യാനത്തിൽ സംബന്ധിച്ച് വിവരം അറിയിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. വാർഷിക ധ്യാനത്തിനു വരുമ്പോൾ കുർബാന കണക്ക് കൊണ്ടുവരുന്ന കാര്യം ഓർക്കുമല്ലോ.

# ANNUAL RETREAT FOR PRIESTS

## Ist Batch - 2011 September 18 Sunday to 23 Friday

| SN | Rev.Frs. Housename & Name | SN | Rev.Frs. Housename & Name |
|---|---|---|---|
| 1. | Aikkarathazhath Joseph | 31. | Korattiparambil Vincent |
| 2. | Chakiyath Xavier | 32. | Kottackal Stephen |
| 3. | Changanamthundathil George | 33. | Kottayil Joseph |
| 4. | Chettaniyil Thomas | 34. | Kulirany Jose |
| 5. | Chettiyassery Joseph | 35. | Kumbakeel Kuriakose |
| 6. | Edayakondattu Paul | 36. | Kuzhikandathil Joseph |
| 7. | Elavunkal Johny | 37. | Madapallikunnel Mathew |
| 8. | Elayidathu Mani | 38. | Madathil Abraham |
| 9. | Elemkunnel Sebastian | 39. | Madathinakam Leopold |
| 10. | Kakkonal Manoj | 40. | Malayil Mathew |
| 11. | Kalambukattu Joseph | 41. | Manchuvally Joseph |
| 12. | Kalappura Jose | 42. | Mannoor Thomas |
| 13. | Kalappura Vincent | 43. | Mavara Stanislaus |
| 14. | Kallumkathara Agustine | 44. | Memana Joseph |
| 15. | Kallupura Johny | 45. | Meppurath Chacko |
| 16. | Kaniamattam Joseph | 46. | Moloparambil Jose |
| 17. | Kappiarumalayil John | 47. | Moonnanal Justin |
| 18. | Kappiarumalayil Jose | 48. | Mulavelikunnel Jacob |
| 19. | Karuthedath Mathew | 49. | Mundackamattam Jose |
| 20. | Kassamkuttiyil Sebastian | 50. | Mundolickal Paul |
| 21. | Kattarath Mathew | 51. | Munjanattu Mathew |
| 22. | Kattuthuruthiyil Thomas | 52. | Nadukunnel Abraham |
| 23. | Kazhuthadiyil Mathew | 53. | Nanthikatt Joseph |
| 24. | Kizhakkumpuram George | 54. | Narikuzhy Jacob |
| 25. | Kocharackal Jose | 55. | Nechikatt Joseph |
| 26. | Kochuparackal Kurian | 56. | Nellickal Abraham |
| 27. | Koipuram Sebastian | 57. | Onampally Jerry |
| 28. | Kokkandathil John | 58. | Ousepparampil Joseph |
| 29. | Kollarthottam Mathew | 59. | Padinjarayil Mathew |
| 30. | Koottala Paul | 60. | Paikkatt Mathew |

61. Pakkanikuzhiyil Vinod
62. Pallichankudiyil Mathai
63. Parambil Kuriakose
64. Parunthanolil Thomas
65. Paruvummel Joseph
66. Peedikappara James
67. Perumattikunnel John
68. Perumattikunnel Mathew
69. Plassanal Thomas
70. Ponthottiyil Thomas
71. Poothakkuzhy Jacob
72. Poovathinkal Peter
73. Pullamkunnel Joy
74. Pullankunnel Chacko
75. Pulpayil Joseph
76. Punakkatt Chandy
77. Punnakkapadavil Sebastian
78. Puthanapra Kurian
79. Puthenpura Augustine
80. Puthenpurackal Mathew
81. Thanniyil Augustine
82. Thayyil Jose
83. Thekkepera Mathew
84. Thondiparambil Sebastian
85. Thykunnumpuram Thomas
86. Urumbil Joseph
87. Vadayaparambil Sony
88. Vadayaparambil Jose
89. Valloppilly Joseph
90. Vathelil Abraham
91. Vattukunnel Issac
92. Vazhachalil Thomas
93. Vazhakatt Joseph
94. Vazhakkala Chacko
95. Vazhayil Kurian

## RELIGIOUS PRIESTS

1. Ambathadam Antony VC
2. Chakkalayil Mathew CST
3. Chalil Mathew CMI
4. Chembukettickal Jose O.Praem
5. Kokkandathil Jose MSFS
6. Mullasseril Joy CSs R
7. Njallampuzha Francis CMI
8. Parakattukuzhiyil Chacko CMI
9. Ponnambel Joseph TOR
10. Poovakulath Jose SAC
11. Purathayil James CST
12. Thanniyil Varkey CMF
13. Thottumkara Manoj O.Praem

## II$^{nd}$ Batch - 2011 September 25 Sunday to 30 Friday

SN Rev.Frs. Housename & Name

1. Alukka George
2. Ambalathinkal Sebastian
3. Chakkittakudiyil James
4. Chakkittukudy Jose
5. Chelackapallil Thomas
6. Chembakkara James

SN Rev.Frs. Housename & Name

7. Chempalayil Augustine
8. Chittoor Joseph
9. Choorapuzhayil John
10. Chozhenparambil John
11. Edakkudiyil Mathew
12. Elavanappara Sebastian

13. Kachirayil Thomas
14. Kakkattikalayil Sebastian
15. Kalappura Alex
16. Karukapally Joseph
17. Kavumkal Joseph
18. Keezheth Sebastian
19. Kizhakkanputhupally John
20. Kochuparackal Mathew
21. Korandiyarkunnel Paul
22. Kottaram Jose
23. Koyikattil Thomas
24. Kulathinal James
25. Kumbukal James
26. Kunnath Johny
27. Kunnath Kuriakose
28. Kunnathett James
29. Kuthukallunkal Francis
30. Kuttikattukunnel Thomas
31. Kuttimakkal James
32. Mampallil Anto
33. Mampallil George
34. Manakkattumattam Paul
35. Manakkunnel Thomas
36. Mangalathil Thomas
37. Mankottil James
38. Maplassery Lukose
39. Mattam Gervasis
40. Mecheril Joseph
41. Memana George
42. Moolayil George
43. Moothedath Mathew
44. Moothedath Thomas
45. Mukkattukavunkal Thomas
46. Mulakudiyankal Varghese
47. Mundackal Jose
48. Muthanikkattu Justin
49. Muthirakalayil Joseph
50. Muthukathaniyil Varghese
51. Muthukattil Shantidas
52. Myladoor George
53. Nedumkallel Joseph
54. Nellikunnel Francis
55. Nilackappillil Augustine
56. Olickal Thomas
57. Ottaplackal Thomas
58. Padinjarayil George
59. Painumkal Kuriakose
60. Palackeel Sebastian
61. Palakatt Augustine
62. Palath Joseph
63. Palathadathil George
64. Parayil Sebastian
65. Pariyappanal Thomas
66. Periappuram Mathew
67. Perumattikunnel Thomas
68. Pinakkat Joseph
69. Pudussery Vincent
70. Pudussery Martin
71. Pulinthanam Jose
72. Punchayil Lucka
73. Puthenpura John
74. Puthenpurayil Joseph
75. Puthukulangara Thomas
76. Puthukulathil John
77. Thamarasseril Vincent
78. Thekkanady Jose
79. Therakam Thomas Joseph
80. Therakam George

81. Thumbiamkuzhy Joseph
82. Thuruthel Joseph
83. Thuruthel Kuriakose
84. Thuruthel Thomas
85. Unnippally Sebastian
86. Vadakkancheril Mathew
87. Vadakkel Emmanuel
88. Vadakkemulanjanal Michael
89. Valakodiyil Dominic
90. Vazhappilly Paul
91. Veliyath Joseph

**<u>RELIGIOUS PRIESTS</u>**

1. Chakkummootil Jojo TOR
2. Chirappurath Kurian OFM
3. Elikot Vipin CST
4. Ellickal Chacko OFM
5. Illiparambil Chacko CMI
6. Kanjiramparambil Johny MSFS
7. Kizhakkarakatt Vigil O.Praem
8. Moonnanal Francis CMI
9. Pattathilchira Thomas CMF
10. Perubampally Joseph (Suneesh) CMI
11. Puthukulangara Chacko CMI
12. Thakadiyeel Siby CMI2
13. Thalachira Thomas Michael O'Carm
14. Thottathil Mathew CMF

**വെരി. റവ. ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# ക്രൈസ്തവ വിശ്വാസം പകർന്നു നൽകുന്നത് നവസുവിശേഷവത്കരണം

## 13–ാം മെത്രാൻ സിനഡിന്റെ മാർഗ്ഗരേഖക്ക് ഒരു പഠനസഹായി

**ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്ന 13–ാം മെത്രാൻ സിനഡിന്റെ മാർഗ്ഗരേഖയ്ക്കുള്ള പഠനസഹായി ബഹു. വൈദികരുടെ മാസധ്യാനാവസരത്തിലും ഭക്തസംഘടനകളുടെ മീറ്റിംഗുകളിലും സന്യാസ ഭവനങ്ങളിലും ഇടവകയിലെ പാരിഷ് കൗൺസിലിലും ചർച്ച ചെയ്ത് ജൂലൈ മാസം 25–ാം തീയതിയ്ക്കകം കിട്ടത്തക്കവിധം റിപ്പോർട്ട് വികാരിജനറാളുടെ പേർക്ക് രൂപതാ കേന്ദ്രത്തിലേയ്ക്ക് അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു. ഇവിടെ കിട്ടുന്ന റിപ്പോർട്ടുകൾ ക്രോഡീകരിച്ച് മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയായിലേയ്ക്ക് അയച്ചുകൊടുക്കുന്നതായിരിക്കും.**

**വെരി. റവ. ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ**
**പ്രോട്ടോസിഞ്ചെല്ലൂസ്**

### I സിനഡിന്റെ പശ്ചാത്തലം

പരിശുദ്ധപിതാവ് ബെനഡിക്ട് പതിനാറാമൻ മാർപ്പാപ്പ 2012 ഒക്ടോബർ 7 മുതൽ 12 വരെ മെത്രാൻമാരുടെ സിനഡ് വിളിച്ചു ചേർക്കാൻ തീരുമാനിച്ചിരിക്കുകയാണ്. 'ക്രൈസ്തവ വിശ്വാസം പകർന്നുനൽകുന്നതിന് നവസുവിശേഷവത്കരണം' (The New Evangelization for the Transmission of Christian Faith) എന്നതാണ് സിനഡിന്റെ ചർച്ചാവിഷയം. സിനഡിന്റെ മാർഗ്ഗരേഖ (Lineamenta) 2011 മാർച്ച് 4–ാം തീയതി മെത്രാന്മാരുടെ സിനഡിനുള്ള കാര്യാലയം പ്രസിദ്ധീകരിച്ചു. ഈ വിഷയത്തെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ഈ മാർഗ്ഗരേഖ എല്ലാ മെത്രാൻ സമിതികൾക്കും അയച്ചുകൊടുത്തിരിക്കുകയാണ്. പൗരസ്ത്യസഭകളിൽ ഏറെ പ്രാധാന്യമർഹിക്കുന്ന സീറോ മലബാർ സഭയും ഈ മാർഗ്ഗരേഖ പഠിച്ച് അഭിപ്രായങ്ങൾ സമർപ്പിക്കുവാൻ കടപ്പെട്ടിരിക്കുന്നു. പ്രാദേശിക സഭകൾ അവരുടെ നിർദ്ദേശങ്ങൾ 2011 നവംബർ മാസം ഒന്നിന് മുമ്പായി റോമിലേക്ക്

അയച്ചു കൊടുക്കേണ്ടതാണ്. നവസുവിശേഷവത്കരണത്തെക്കുറിച്ചുള്ള മാർഗ്ഗരേഖയെ നമ്മുടെ സഭയുടെ സാഹചര്യത്തിൽ പരിചയപ്പെടുത്തുന്നതിനുവേണ്ടിയാണ് ഹ്രസ്വവും ലളിതവുമായ ഈ പഠന സഹായി തയ്യാറാക്കപ്പെട്ടിരിക്കുന്നത്. സീറോ മലബാർ സഭ പ്രേഷിത വർഷമായി ആചരിക്കുന്ന ഈ കാലഘട്ടത്തിൽ നവസുവിശേഷവത്കരണത്തെക്കുറിച്ചുള്ള ചർച്ചകൾ അതീവപ്രാധാന്യം അർഹിക്കുന്നു.

**1. റോമിലെ മെത്രാൻമാരുടെ സിനഡിന്റെ പ്രാധാന്യം**

രണ്ടാം വത്തിക്കാൻ കൗൺസിൽ സഭയിൽ ഉളവാക്കിയ ഉണർവ്വ് നിലനിർത്തുന്നതിനും മെത്രാന്മാരുടെ കൂട്ടായ്മ സഭയിൽ നിരന്തരം തുടരുന്നതിനും വേണ്ടി പോൾ ആറാമൻ മാർപാപ്പ സഭയിൽ ഏർപ്പെടുത്തിയ സ്ഥിരസംവിധാനമാണ് മെത്രാന്മാരുടെ സിനഡ്. സഭയെ സംബന്ധിക്കുന്ന കാലികപ്രസക്തിയുള്ള വിഷയങ്ങൾ ദൈവശാസ്ത്ര ഉൾക്കാഴ്ചയോടും അജപാലനാത്മകതയോടും കൂടെ കൂട്ടായി ചർച്ചചെയ്ത് പ്രായോഗിക നിർദ്ദേശങ്ങൾ കണ്ടെത്തുകയാണ് സിനഡിന്റെ പ്രഥമ ലക്ഷ്യം. 2012 ൽ റോമിൽ വച്ച് നടക്കാൻ പോകുന്നത് 13-ാമത്തെ ഓഡിനറി സിനഡാണ്.

**2. മാർഗ്ഗരേഖയുടെ (Lineamenta) ലക്ഷ്യം**

മെത്രാന്മാരുടെ സിനഡ് ചർച്ച ചെയ്യാൻ ഉദ്ദേശിക്കുന്ന വിഷയത്തെ സംബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന പ്രഥമവിവരരേഖയെയാണ് ലീനിയമെന്ത എന്നറിയപ്പെടുന്നത്. സിനഡ് ചർച്ച ചെയ്യാൻ ഉദ്ദേശിക്കുന്ന വിഷയത്തിന്റെ പ്രസക്തി, ദൈവശാസ്ത്രപരമായ അർത്ഥതലങ്ങൾ, വിഷയം ചർച്ച ചെയ്യാൻ ഇടയാക്കിയ സാഹചര്യങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചുള്ള വിഷയാവതരണ രേഖയാണ് ലീനിയമെന്ത. ഈ രേഖ ഈ വിഷയത്തെക്കുറിച്ച് ഗൗരവമായ പഠനത്തിലേക്ക് സഭാതനയരെ പ്രേരിപ്പിക്കുകയും അവരുടെ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ അവസരമൊരുക്കുകയും ചെയ്യുന്നു. പ്രാദേശിക തലത്തിൽ നടത്തപ്പെടുന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ സമർപ്പിക്കപ്പെടുന്ന അഭിപ്രായങ്ങളെ ക്രോഡീകരിച്ച ശേഷമാണ് വിഷയത്തെ സംബന്ധിച്ചുള്ള പ്രവർത്തന രേഖ (Instrumentum Laboris) തയ്യാറാക്കുക. ഇക്കാരണത്താൽ മാർഗ്ഗരേഖയെക്കുറിച്ചുള്ള ഗൗരവമായ പഠനങ്ങളും നിർദ്ദേശങ്ങളും യഥാസമയം സമർപ്പിക്കപ്പെട്ടാൽ മാത്രമെ പ്രവർത്തനരേഖ അർത്ഥവത്തായ വിധത്തിൽ യാഥാർത്ഥ്യമാക്കാൻ സാധിക്കുകയുള്ളൂ.

## II മാർഗ്ഗരേഖയുടെ ഉള്ളടക്കം

### 1. ആമുഖം

ആമുഖവും ഉപസംഹാരവും കൂടാതെ നവസുവിശേഷവത്കരണത്തെക്കുറിച്ചുള്ള മാർഗ്ഗരേഖയ്ക്ക് മൂന്ന് അദ്ധ്യായങ്ങളാണ് ഉള്ളത്. ബെനഡിക്ട് പതിനാറാമൻ മാർപ്പാപ്പ പൗരസ്ത്യ ദേശങ്ങൾക്കുവേണ്ടി നടത്തപ്പെട്ട സിനഡിന്റെ സമാപനവേളയിലാണ് 2012 ലെ സിനഡ് നവസുവിശേഷവത്കരണത്തെക്കുറിച്ചായിരിക്കുമെന്ന് ആദ്യമായി പ്രഖ്യാപിച്ചത്. സഭാദൗത്യത്തിൽ പരമപ്രാധാന്യമർഹിക്കുന്ന അജൻഡാ സുവിശേഷവത്കരണമാണ്. സുവിശേഷം ഇന്നുവരെ അറിയാത്തവർക്ക് വേണ്ടിയും വിശ്വാസത്തിൽനിന്ന് വിവിധ കാരണങ്ങളാൽ വേർപെട്ട് പോയവർക്ക് വേണ്ടിയും സഭ സുവിശേഷത്തെ നവ്യമായി അവതരിപ്പിക്കേണ്ടതുണ്ട്. ജനതകളുടെ മാതാവാണ് സഭ. അവളുടെ പ്രഥമചുമതല ദൈവരാജ്യത്തിനുവേണ്ടി മക്കളെ ഗർഭംധരിക്കുകയും അവർക്ക് വിശ്വാസത്തിന്റെ മുലപാൽ നൽകി വളർത്തുകയുമാണ്. സുവിശേഷവത്കരണത്തെക്കാൾ വലിയൊരു ഉത്തരവാദിത്വം ദൈവം സഭയെ ഏൽപ്പിച്ചിട്ടില്ല. ഓരോ ക്രിസ്തു ശിഷ്യനും വിളിക്കപ്പെട്ടിരിക്കുന്നത് അയയ്ക്കപ്പെടുവാൻ വേണ്ടിയാണ്. ക്രിസ്തു സാക്ഷിയാകാത്തവന് ക്രിസ്തുശിഷ്യനാകാൻ സാധിക്കുകയില്ല. നാം ജീവിക്കുന്ന ലോകം മാറ്റങ്ങളുടെ നടുവിലാണ്. ധാരാളം പ്രശ്നങ്ങളും പ്രതിസന്ധികളും നമുക്ക് ചുറ്റുമുണ്ട്. അതുകൊണ്ട് തന്നെ സുവിശേഷവത്കരണദൗത്യം ഇന്ന് എന്നത്തേക്കാളും പ്രയാസകരമാണ്. ഇവിടെ നാം നഷ്ടധൈര്യരോ നിരാശരോ ആകേണ്ട കാര്യമില്ല. സുവിശേഷവത്കരണം ദൈവത്തിന്റെ ഇടപെടലിന്റെ അത്ഭുതമാണ്. സുവിശേഷവത്കരണം നമ്മുടെയാരുടെയും വ്യക്തിപരമായ നേട്ടമോ വിജയമോ അല്ല. പ്രത്യുത അത് പരിശുദ്ധാത്മാവിന്റെ വഴിനടത്തലാണ്. നമുക്ക് ദൈവത്തിന്റെ കൈകളിൽ ഉപകരണങ്ങളാകാൻ പരിശ്രമിക്കാം. നമ്മുടെ ചർച്ചകളും പഠനങ്ങളും പ്രതിസന്ധികളുടെ നടുവിൽ ദൈവത്തിന്റെ വഴികൾ കണ്ടെത്താൻ നമ്മെ സഹായിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യും.

### 2. അധ്യായം ഒന്ന് : നവസുവിശേഷവത്കരണത്തിന് സമയമായിരിക്കുന്നു

പുനർസുവിശേഷവത്കരണത്തെക്കാൾ നവസുവിശേഷവത്കരണമാണ് ഇന്നത്തെ ആവശ്യമെന്ന് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ പോളണ്ട് സന്ദർശനവേളയിൽ നടത്തിയ അഭിപ്രായപ്രകടനത്തിന്റെ

വെളിച്ചത്തിലാണ് സിനഡിന്റെ പ്രമേയമായി നവസുവിശേഷവത്കരണം എന്ന പ്രമേയം തെരഞ്ഞെടുത്തിരിക്കുന്നത്. ലാറ്റിനമേരിക്കയിലെ നൂതന ക്രൈസ്തവ സെക്റ്റുകളുടെയും (New Sects) കമ്മ്യൂണിസ്റ്റ് ചിന്താഗതികളുടെയും സാഹചര്യത്തിൽ നവസുവിശേഷവത്കരണത്തിനുള്ള ആഹ്വാനം കൂടുതൽ പ്രസക്തമായിരിക്കുന്നു.

നവസുവിശേഷവത്കരണത്തിൽ സഭ നേരിടുന്ന വെല്ലുവിളികളെ മാർഗ്ഗരേഖ ആറ് മേഖലകളിലായാണ് സംക്ഷേപിക്കുന്നത്. 1) സംസ്കാരികം: നാം ജീവിക്കുന്ന സംസ്കാരം കൂടുതൽ ലൗകീകമായിക്കൊണ്ടിരിക്കുന്നു. ദൈവത്തിനും അടിസ്ഥാനമൂല്യങ്ങൾക്കും വില കല്പിക്കാത്ത സംസ്കാരത്തിലാണ് നാം ജീവിക്കുന്നത്. വിശ്വാസവും ധാർമ്മികതയും നിന്ദിക്കപ്പെടുന്ന ഇന്നത്തെ സംസ്കാരത്തിൽ സുവിശേഷവത്കരണം നേരിടുന്ന പ്രതിസന്ധി നിസാരമല്ല. 2) സാമൂഹികം: നവസുവിശേഷവത്കരണത്തിന്റെ രണ്ടാമത്തെ തലം സാമൂഹിക മേഖലയാണ്. കൂടുതൽ മെച്ചപ്പെട്ട ജീവിത സൗകര്യത്തിനും തൊഴിലിനും വേണ്ടി ജനങ്ങൾ ഗ്രാമങ്ങൾ വിട്ട് നഗരങ്ങളിലേക്കും കൂടുതൽ സമ്പന്നമായ രാജ്യങ്ങളിലേക്കും കുടിയേറുന്നു. ഇതിന്റെ ഫലമായി സാമൂഹിക മേഖലയിൽ സങ്കരസംസ്കാരം രൂപപ്പെടുന്നു. ഇങ്ങനെയുള്ള പ്രവാസികൾ നേരിടുന്ന മതപരവും ആദ്ധ്യാത്മികവും ധാർമ്മികവുമായ അപച്യുതി വിശ്വാസ കൈമാറ്റത്തെ ബാധിക്കുന്നു. 3) സാമൂഹിക-സമ്പർക്കമാധ്യമ മേഖല: സാമൂഹിക - സമ്പർക്ക മാധ്യമങ്ങളുടെ മേഖലയാണ് മൂന്നാമത്തെ തലം. ഈ മണ്ഡലത്തിൽ ദിനംപ്രതി സംഭവിക്കുന്ന മാറ്റങ്ങൾ ഗുണത്തേക്കാൾ ഏറെ ദോഷമാണ് സുവിശേഷവത്കരണത്തിന് ചെയ്തുകൊണ്ടിരിക്കുന്നത്. ഈ മേഖലയിലെ നൂതന വികാസപരിണാമങ്ങളെ സുവിശേഷവത്കരണത്തിന് അനുകൂലമാക്കി തീർക്കുന്നതിന് ജനങ്ങളെ ബോധവത്കരിക്കാൻ നമുക്ക് കഴിയേണ്ടിയിരിക്കുന്നു. എങ്കിൽ മാത്രമെ സാമൂഹിക-സമ്പർക്കമാധ്യമങ്ങളുപയോഗിച്ചു കൊണ്ടുള്ള നവസുവിശേഷവത്കരണം സാധ്യമാകൂ. 4) സാമ്പത്തികം: സാമ്പത്തിക സ്രോതസ്സുകളുടെ അസന്തുലിതാവസ്ഥ, സാമ്പത്തിക പ്രതിസന്ധി, സാമ്പത്തിക അനീതി, ദരിദ്ര-ധനികവിവേചനം തുടങ്ങിയ സാമ്പത്തികഘടകങ്ങൾ സുവിശേഷവത്കരണത്തെ ബാധിക്കുന്നുണ്ട്. ഈ മേഖലയിൽ സുവിശേഷമൂല്യങ്ങളെ ഉയർത്തിപ്പിടിക്കാൻ നവസുവിശേഷവത്കരണത്തിന് സാധിക്കണം. 5) ശാസ്ത്ര-സാങ്കേതികം: ശാസ്ത്ര സാങ്കേതിക വളർച്ച സുവിശേഷവത്കരണത്തെ ദോഷകരമായി ബാധിക്കാൻ പാടില്ല. ശാസ്ത്ര സാങ്കേതിക വളർച്ചയെ സുവി

ശേഷവത്കരണത്തിന് എങ്ങിനെ സഹായകമാക്കാൻ കഴിയുമെന്ന് പ്രാർത്ഥനാപൂർവ്വം നാം പഠിക്കേണ്ടതുണ്ട്. 6) രാഷ്ട്രീയം: മതസ്വാതന്ത്ര്യത്തിന്റെ പേരിൽ മതനിരപേക്ഷതയുടെ ഒരു പുതിയ സാഹചര്യം സമൂഹത്തിൽ ഇന്ന് സംജാതമായിട്ടുണ്ട്. ലോകത്തിൽ സമാധാനം സംജാതമാകുന്നതിനും ജനങ്ങൾ ഭീതിയില്ലാതെ സ്വാതന്ത്ര്യത്തോടെ ജീവിക്കുന്നതിനും മനുഷ്യാവകാശങ്ങളും ന്യൂനപക്ഷങ്ങളും സംരക്ഷിക്കപ്പെടുന്നതിനും പ്രപഞ്ചത്തോട് പ്രതിബദ്ധതയുള്ളവരായി ജീവിക്കുന്നതിനും രാഷ്ട്രീയമേഖല സുവിശേഷചൈതന്യത്താൽ നവീകരിക്കപ്പെടേണ്ടത് ആവശ്യമാണെന്ന് മാർഗ്ഗരേഖ പഠിപ്പിക്കുന്നു.

**3. അധ്യായം രണ്ട് : ഈശോമിശിഹായുടെ സുവിശേഷം പ്രഘോഷിക്കപ്പെടേണ്ടതിന്**

സുവിശേഷം പ്രഘോഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചാണ് മാർഗ്ഗരേഖയുടെ രണ്ടാമത്തെ അധ്യായം പ്രതിപാദിക്കുന്നത്. യേശുവിനെ വ്യക്തിപരമായി കണ്ടുമുട്ടേണ്ടതിന്റെ ആവശ്യകത, വിശ്വാസ കൈമാറ്റത്തിന്റെ പ്രാധാന്യം, സുവിശേഷവത്കരണത്തിൽ ദൈവവചനത്തിന്റെ പങ്ക്, വിശ്വാസത്തിന്റെ പ്രബോധനരീതികൾ, വിശ്വാസ കൈമാറ്റത്തിൽ പ്രാദേശിക സഭകൾക്കുള്ള സജീവപങ്കാളിത്തം, വിശ്വാസ കൈമാറ്റത്തിന്റെ സത്ഫലങ്ങൾ എന്നീ വിഷയങ്ങളാണ് രണ്ടാമധ്യായത്തിന്റെ ഉള്ളടക്കം.

ക്രിസ്തുവുമായി വ്യക്തിപരമായി കണ്ടുമുട്ടലും അതിലൂടെ ഉത്ഭൂതമാകുന്ന കൂട്ടായ്മയുമാണ് സുവിശേഷപ്രഘോഷണത്തിന്റെ പ്രഥമ ലക്ഷ്യം. സുവിശേഷം ജീവദായകമായ വചനമാണ്. സുവിശേഷത്തിലൂടെ കണ്ടുമുട്ടുന്നത് വചനം മാംസമായ ദൈവത്തെതന്നെയാണ്. പരിശുദ്ധാത്മാവിലൂടെയാണ് ഈ കണ്ടുമുട്ടൽ സാധ്യമാകുന്നത്.

വിശ്വാസം ജീവിക്കുന്നതും പങ്കുവയ്ക്കുന്നതും സഭയുടെ കൂട്ടായ്മയിലൂടെയാണ്. സഭയാണ് ദൈവവചനത്തിലൂടെയും വിശുദ്ധപാരമ്പര്യത്തിലൂടെയും വിശ്വാസിക്ക് യേശുവിനെ കാണിച്ചുകൊടുക്കുന്നത്. സഭയിലൂടെ വിശ്വാസത്തിലേക്ക് വിളിക്കപ്പെട്ടവർ ജീവിതം കൊണ്ടാണ് വിശ്വാസം സാക്ഷ്യപ്പെടുത്തേണ്ടത്. വിശ്വാസത്തിന്റെ സാക്ഷ്യപ്പെടുത്തൽ നിർവ്വഹിക്കപ്പെടുന്നത് ദൈവസ്നേഹത്തിലൂടെയും പരസ്നേഹത്തിലൂടെയുമാണ്. ദൈവത്തോടുള്ള വിശ്വസ്തതയും സഹോദരങ്ങളോടുള്ള വിശ്വസ്തതയും വിശ്വാസത്തിന്റെ സാക്ഷ്യപ്പെടുത്തലിന്റെ അവിഭാജ്യഘടകങ്ങളാണ്.

വിശ്വാസ കൈമാറ്റ പ്രക്രിയയിൽ പ്രാർത്ഥനാനുഭവവും ആരാധനാക്രമ അനുഭവവും പരമപ്രധാനമായ പ്രബോധനരീതികളാണ്. ദൈവവുമായി വ്യക്തിബന്ധം സ്ഥാപിക്കുവാൻ പ്രാർത്ഥന അനിവാര്യമാണ്. ദൈവാനുഭവത്തിലേക്ക് വ്യക്തികളെ വളർത്താൻ പ്രാർത്ഥന പോലെ പ്രധാനപ്പെട്ടതാണ് ആരാധനക്രമ അനുഭവവും. നവസുവിശേഷവത്കരണത്തിന്റെ പ്രധാന ഉത്തരവാദിത്വം പ്രാദേശിക സഭകൾക്കാണ്. സുവിശേഷത്തിന്റെ ചൈതന്യം വ്യക്തികളിൽനിന്ന് വ്യക്തികളിലേക്കും സമൂഹങ്ങളിൽനിന്ന് സമൂഹങ്ങളിലേക്കും കാര്യക്ഷമമായി കൈമാറ്റം ചെയ്യാൻ പ്രാദേശിക സഭകൾക്കെ കഴിയൂ. ഓരോ പ്രാദേശിക സഭയും അവരുടെ പ്രത്യേക പശ്ചാത്തലത്തിന്റെയും സാമൂഹികസാഹചര്യങ്ങളുടെയും അടിസ്ഥാനത്തിൽ വിശ്വാസപ്രഘോഷണം എങ്ങിനെ കാര്യക്ഷമമായി നിർവ്വഹിക്കാൻ സാധിക്കുമെന്ന് കണ്ടെത്തേണ്ടതുണ്ട്. പരിശുദ്ധാത്മാവിന്റെ ഇടപെടലിലൂടെ നവസുവിശേഷവത്കരണത്തിന് ഓരോ പ്രാദേശികസഭയും പങ്കാളിയാകണം.

**4. അധ്യായം മൂന്ന്: ക്രൈസ്തവ വിശ്വാസാനുഭവത്തിലേക്ക് വഴിനടത്തുന്നതിന്**

വ്യക്തികളെയും സമൂഹങ്ങളെയും ക്രൈസ്തവവിശ്വാസ അനുഭവത്തിലേയ്ക്ക് പ്രവേശിപ്പിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചാണ് മൂന്നാമധ്യായം പ്രതിപാദിക്കുന്നത്. സുവിശേഷവത്കരണപ്രക്രിയയിൽ പ്രവേശനകൂദാശകളുടെ പ്രാധാന്യം, പ്രാർത്ഥനാരീതികളുടെ ആവശ്യകത, ആധികാരികതയുള്ള വിശ്വാസപ്രബോധനത്തിന്റെ പ്രസക്തി, സുവിശേഷപ്രഘോഷകരുടെയും പരിശീലകരുടെയും ജീവിതസാക്ഷ്യത്തിന്റെ പ്രാധാന്യം എന്നീ പ്രമേയങ്ങളെക്കുറിച്ചാണ് മൂന്നാമദ്ധ്യായം പ്രതിപാദിക്കുന്നത്.

ജനനം മുതൽ മരണംവരെ വിശ്വാസത്തിൽ നിലനിൽക്കാൻ പരിശീലിപ്പിക്കപ്പെടുക എന്നുള്ളത് വിശ്വാസകൈമാറ്റത്തിന്റെ ഏറ്റവും ഗൗരവ്വാവഹമായ കടമയാണ്. വിശ്വാസകൈമാറ്റത്തിൽ വിശ്വാസി സമൂഹത്തിന്റെ ഉത്തരവാദിത്വം അതീവപ്രാധാന്യമർഹിക്കുന്നതാണ്. പുതിയ തലമുറയ്ക്ക് ജീവിതമൂല്യങ്ങളും സ്വഭാവസംശുദ്ധിയും പകർന്ന് നൽകാൻ മാതാപിതാക്കളോടൊപ്പം വിശ്വാസിസമൂഹത്തിന് കഴിയണം. വിശ്വാസത്തിലും ധാർമ്മികതയിലും അടിസ്ഥാനപ്പെടുത്തി മനുഷ്യവ്യക്തിത്വത്തെ പടുത്തുയർത്താൻ നമ്മുടെ വിദ്യാഭ്യാസ-വിശ്വാസ പരിശീലനപദ്ധതികൾക്ക് കഴിയണം.

പ്രകൃതി സംരക്ഷണം എന്നത് പ്രകൃതിയുടെ ബാഹ്യഘടനയുടെ സംരക്ഷണമായി മാത്രമായി ചുരുങ്ങാൻ പാടില്ല. അത് ധാർമ്മികതയു

ടെയും ആത്മീകതയുടെയും കൂടി സംരക്ഷണമാകണം. സാമൂഹിക ബന്ധങ്ങളും കുടുംബഭദ്രതയും ലൈംഗിക ധാർമ്മികതയും ജീവന്റെ സംരക്ഷണവും ഇതിലൂടെ സംജാതമാകണം. വ്യക്തികളുടെയും സമൂഹങ്ങളുടെയും ധാർമ്മികമായ അധഃപതനം പ്രകൃതിയുടെ അസന്തുലിതാവസ്ഥക്കും നാശത്തിനും കാരണമാകും.

വിശ്വാസ പരിശീലനത്തിൽ ആധുനിക ലോകം ഉറ്റുനോക്കുന്നത് വെറും അധ്യാപകരെക്കാൾ ജീവിതസാക്ഷ്യമുള്ളവരെയാണ്. വിശ്വാസ പരിശീലകരുടെ ജീവിതസാക്ഷ്യത്തിനുമാത്രമെ വിശ്വാസ കൈമാറ്റത്തെ ആധികാരികമാക്കാൻ സാധിക്കുകയുള്ളൂ. കുടുംബങ്ങൾ വിശ്വാസപരിശീലനത്തിന്റെ പ്രഥമപഠനകളരികളാണ്. കുടുംബങ്ങളിൽ വിശ്വാസ കൈമാറ്റത്തിനനുകൂലമായ കാലാവസ്ഥ ഉണ്ടായാൽ മാത്രമെ നവസുവിശേഷവത്കരണം സമൂഹത്തിൽ കാര്യക്ഷമമാകൂ.

**5. ഉപസംഹാരം**

മാർഗ്ഗരേഖ അവസാനിക്കുന്നത് ഏറെ പ്രതീക്ഷാനിർഭരമായ ചിന്തകളോടുകൂടിയാണ്. യേശുവിന്റെ ഉത്ഥാനവും പന്തക്കുസ്താ അനുഭവവും ആയിരുന്നു ആദിമ ക്രൈസ്തവരുടെ ഉയിർത്തെഴുന്നേൽപ്പിനും വിശ്വാസപ്രഘോഷണത്തിനും പ്രചോദനകാരണമായത്. യേശുവിന്റെ സുവിശേഷം ഇന്നലെയും ഇന്നും നാളെയും ഒന്ന് തന്നെയാണ്. നവസുവിശേഷവത്കരണം നമ്മെ നിർബന്ധിക്കുന്നത് പുതിയ സാമൂഹിക -സാംസ്കാരിക-രാഷ്ട്രീയ സമ്മർദ്ദങ്ങളുടെ മധ്യത്തിൽ എങ്ങിനെ യേശുവിന്റെ സുവിശേഷത്തെ പരിശുദ്ധാത്മാവിന്റെ അഭിഷേകത്താൽ പുത്തനായി ആവിഷ്കരിക്കാൻ സാധിക്കും എന്ന് കണ്ടെത്തുന്നതിലാണ്. പന്തക്കുസ്തായിൽ സംഭവിച്ചത് ഇന്നും സംഭവിക്കണം. നവസുവിശേഷവത്കരണം ഒരു പുതിയ കാഴ്ചപ്പാടാണ്. സഭയെ ഇന്നും നാളെയും എന്നും പ്രസക്തമാക്കാൻ നമ്മെ സഹായിക്കുന്ന ഒരു പുതിയ പന്തക്കുസ്ത അനുഭവമായിരിക്കണം അത്. പ്രതിസന്ധികൾ കണ്ട് ഭയപ്പെട്ട് പിറകോട്ട് മാറുകയല്ല. പ്രത്യുത പൗലോസ് അപ്പസ്തോലനെപ്പോലെ പ്രതിസന്ധികളുടെ നടുവിൽ 'സുവിശേഷം പ്രസംഗിച്ചില്ലെങ്കിൽ എനിക്ക് ദുരിതം' എന്ന് പറയാനുള്ള ആത്മധൈര്യമാണ് നമുക്ക് വേണ്ടത്. സുവിശേഷം നമുക്ക് നൽകുന്ന പ്രത്യാശ നമ്മെ ആനന്ദഭരിതരാക്കണം. കർത്താവിനെ പ്രത്യാശനിർഭരമായി പുതിയ ആവേശത്തോടും ആനന്ദത്തോടുംകൂടെ സർവ്വമനുഷ്യരോടും അറിയിക്കാൻ നവസുവിശേഷവത്കരണത്തിൽ നാം സജ്ജരാകണം.

**ചർച്ചയ്ക്ക് സഹായകമായ ചോദ്യങ്ങൾ**

(മാർഗ്ഗരേഖ ചർച്ചയ്ക്ക് സഹായിക്കുന്ന 72 ചോദ്യങ്ങൾ നൽകുന്നുണ്ട്. എന്നാൽ നമ്മുടെ സഭയുടെ സാഹചര്യത്തിൽ പ്രസക്തമായ ചില ചോദ്യങ്ങളാണ് താഴെ നൽകിയിരിക്കുന്നത്. ചർച്ച ചെയ്യപ്പെടുന്ന സമൂഹത്തിന്റെ സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് ചോദ്യങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താവുന്നതാണ്.)

1. **സുവിശേഷവത്കരണം നമ്മുടെ സഭയിൽ എത്ര കാര്യക്ഷമമായി നടക്കുന്നുണ്ട്?**
2. **സുവിശേഷവത്കരണത്തെ ദോഷകരമായി ബാധിക്കുന്ന സാഹചര്യങ്ങൾ ഏതൊക്കെയാണ്?**
3. **സാംസ്കാരിക, സാമൂഹിക, സാമ്പത്തിക, സാമൂഹിക – സമ്പർക്ക മാധ്യമ, ശാസ്ത്ര – സാങ്കേതിക, രാഷ്ട്രീയ സമ്മർദ്ദങ്ങൾ എങ്ങിനെയാണ് നമ്മുടെ സുവിശേഷവത്കരണദൗത്യത്തെ ബാധിക്കുന്നത്? ഈ മേഖലകളെ എങ്ങിനെ സുവിശേഷവത്കരണത്തെ അനുകൂലമാക്കിമാറ്റാൻ നമുക്ക് സാധിക്കും?**
4. **വിജാതിയരോട് സുവിശേഷം അറിയിക്കുവാനുള്ള സഭയുടെ ഇതുവരെയുള്ള നിലപാട് ശക്തമാണോ?**
5. **സുവിശേഷവത്കരണ പ്രക്രിയയിൽ കൂടുതൽ കാര്യക്ഷമത കൈവരിക്കാൻ സ്വീകരിക്കേണ്ട മാർഗ്ഗങ്ങൾ എന്തൊക്കെയാണ്?**
6. **സീറോ മലബാർ സഭയുടെ പ്രേഷിതോന്മുഖത കുറയുകയാണോ കൂടുകയാണോ? കുറയുകയാണെങ്കിൽ കാരണങ്ങൾ എന്തൊക്കെയാണ്?**
7. **സീറോ മലബാർ സഭ പ്രേഷിതമേഖലകളിൽ കൂടുതൽ സജീവമാകാൻ നിർദ്ദേശങ്ങൾ സമർപ്പിക്കുക?**
8. **കത്തോലിക്ക കുടുംബങ്ങളിലെ വിശ്വാസ കൈമാറ്റം കൂടുകയാണോ കുറയുകയാണോ?**
9. **കുടുംബങ്ങളെ വിശ്വാസപരിശീലന കളരികളാക്കാൻ പ്രായോഗികനിർദ്ദേശങ്ങൾ എന്തൊക്കെയാണ്?**
10. **കുട്ടികളുടെ വിശ്വാസപരിശീലനം കൂടുതൽ ഫലപ്രദമാക്കാൻ മാർഗ്ഗങ്ങൾ ഏവ?**
11. **സഭയുടെ വിദ്യാഭ്യാസ ശുശ്രൂഷ വിശ്വാസ – സാന്മാർഗ്ഗിക പരിശീലനം പുതുതലമുറയ്ക്ക് നൽകാൻ സാധിക്കുന്നുണ്ടോ?**

12. വിദ്യാഭ്യാസമേഖലയെ എങ്ങിനെ സുവിശേഷ വത്കരണത്തിന് മാധ്യമമാക്കാം?

13. നമ്മുടെ യുവജനങ്ങൾ എന്തുകൊണ്ട് നമ്മിൽ നിന്ന് അകന്ന് നിൽക്കുന്നു? അവരെ വിശ്വാസത്തിൽ വളർത്താനും നിലനിർത്താനും മാർഗ്ഗങ്ങൾ ഏതൊക്കെയാണ്?

14. സഭയിൽനിന്ന് തെറ്റിപിരിയുന്ന ദൈവജനത്തെ എങ്ങിനെ തിരികെ കൊണ്ടുവരാം?

15. ഓരോ കത്തോലിക്കനും ജീവിതസാഹചര്യത്തിൽ സുവിശേഷത്തിന് സാക്ഷിയാകാൻ നിങ്ങളുടെ നിർദ്ദേശങ്ങൾ ഏവ?

16. സീറോ മലബാർ സഭയിൽനിന്നുള്ള പ്രവാസികളുടെ പ്രശ്നങ്ങളും പ്രതി സന്ധികളും ഏവ? പ്രവാസികളുടെ വിശ്വാസപരിശീലനം ഫലപ്രദമാക്കാൻ സഭയ്ക്ക് എന്തു ചെയ്യാൻ സാധിക്കും?

17. സീറോ മലബാർ സഭ കൂടുതൽ അജപാലനോന്മുഖമാകാൻ എന്തു ചെയ്യണം?

18. സീറോ മലബാർ സഭയിലെ വൈദികരുടെയും സമർപ്പിതരുടെയും പ്രേഷിതോന്മുഖതയും ശുശ്രൂഷാ മനോഭാവവും വളർത്താൻ എന്താണ് ചെയ്യേണ്ടത്?

19. സീറോ മലബാർ സഭയിലെ അത്മായർ സഭയോടൊത്ത് ചിന്തിക്കുവാനും സഭയുടെ പ്രേഷിതദൗത്യത്തിൽ കൂടുതൽ പങ്കുകാരാകുവാനും ഉപാധി കൾ നിർദ്ദേശിക്കുക.

20. ഭാരതത്തിന്റെ സുവിശേഷവത്കരണത്തിൽ സീറോ മലബാർ സഭയുടെ പങ്കാളിത്തം കൂടുതൽ പ്രസക്തമാക്കാൻ എന്തു ചെയ്യണം?

# സെമിനാരി വാർത്തകൾ

## ദൈവശാസ്ത്രം

തങ്ങളുടെ വിജയകരമായ തത്വശാസ്ത്ര പഠനത്തിന് ശേഷം ദൈവസ്നേഹം അനുഭവിക്കുവാനും പങ്കുവയ്ക്കുവാനുമായി പുത്തൻ ഉണർവ്വോടെ ദൈവശാസ്ത്ര പടവുകളിലേയ്ക്ക് കാലെടുത്തുവച്ച സഹോദരന്മാർക്ക് സ്നേഹം നിറഞ്ഞ പ്രാർത്ഥനാ മംഗളങ്ങൾ.

1. വേനക്കുഴിയിൽ മത്തായി - കുന്നോത്ത് സെമിനാരി
2. ആലുങ്കൽ ജോസഫ് - തൃശൂർ സെമിനാരി
3. കറുത്തേടത്ത് മാത്യു - തൃശൂർ സെമിനാരി
4. ഇളംകുന്നപ്പുഴ ജോസഫ് - മംഗലപ്പുഴ സെമിനാരി
5. മാടപ്പള്ളിക്കുന്നേൽ ആന്റണി - മംഗലപ്പുഴ സെമിനാരി
6. പാറയ്ക്കൽ വർഗ്ഗീസ് - വടവാതൂർ സെമിനാരി
7. പുലിക്കുഴിയിൽ അബ്രാഹം - വടവാതൂർ സെമിനാരി

## തത്വശാസ്ത്രം

മൈനർ സെമിനാരിയുടെ അകത്തളങ്ങളിൽ നിന്നും യേശുവിനെ സ്വന്തമാക്കുവാനുള്ള ആഗ്രഹത്താൽ ജ്വലിച്ചുകൊണ്ട് തത്വശാസ്ത്ര പഠനത്തിനായി ഇറങ്ങിത്തിരിച്ച ജ്യേഷ്ഠസഹോദരങ്ങൾക്ക് പ്രാർത്ഥനാ നിർഭരമായ ആശംസകൾ.

1. ഇടച്ചിലാത്ത് ജോസഫ് - കുന്നോത്ത് സെമിനാരി
2. കണിപ്പിള്ളിൽ വർഗീസ് - കുന്നോത്ത് സെമിനാരി
3. പൊയ്കയിൽ കുര്യൻ - കുന്നോത്ത് സെമിനാരി
4. വെള്ളാനയിൽ ജോസഫ് - തൃശൂർ സെമിനാരി
5. പൊരിയത്ത് തോമസ് - തൃശൂർ സെമിനാരി
6. മുളകൊടിയാങ്കൽ സെബാസ്റ്റ്യൻ - തൃശൂർ സെമിനാരി
7. പുത്തേട്ട് സെബാസ്റ്റ്യൻ - മംഗലപ്പുഴ സെമിനാരി
8. പേഴക്കാട്ടിൽ ഫ്രാൻസീസ് - മംഗലപ്പുഴ സെമിനാരി
9. കൊച്ചുകുളത്തിങ്കൽ സെബാസ്റ്റ്യൻ - മംഗലപ്പുഴ സെമിനാരി
10. കളപ്പുരയ്ക്കൽ അബ്രാഹം - മംഗലപ്പുഴ സെമിനാരി
11. തൈപ്പറമ്പിൽ വർഗ്ഗീസ് - വടവാതൂർ സെമിനാരി

12. കുരിക്കാട്ടുകുന്നേൽ ആന്റണി - വടവാതൂർ സെമിനാരി
13. കുന്നത്ത് ജോസഫ് - വടവാതൂർ സെമിനാരി
14. മുട്ടപ്പള്ളിൽ ജോസഫ് - ഏലൂര് സെമിനാരി (ആന്ധ്ര)
15. തെക്കേതിൽ അബ്രാഹം - ഏലൂര് സെമിനാരി (ആന്ധ്ര)

**കോളേജ് പഠനം**

വിദ്യയെ സുവിശേഷപ്രഘോഷണത്തിനുള്ള ആയുധമാക്കാൻ കോളേജിലേക്ക് ഇറങ്ങിത്തിരിച്ച സഹോദരങ്ങൾക്ക് വിജയാശംസകൾ.

1. പല്ലാട്ടുകുന്നേൽ അഗസ്റ്റിൻ - മേരിമാതാ കോളേജ്, മാനന്തവാടി
2. തേക്കിലക്കാട്ടിൽ ജോസഫ് - എസ്.ബി. കോളേജ്, ചങ്ങനാശ്ശേരി
3. കുമ്പളക്കുഴി മാത്യു - എസ്.ബി. കോളേജ്, ചങ്ങനാശ്ശേരി

**മൗണ്ട്മേരി വാർത്തകൾ**

യേശുവിന്റെ അനുയായികളായി, പൗരോഹിത്യം സ്വന്തമാക്കി അവനിയിൽ ദൈവത്തിന് സാക്ഷികളാകുവാൻ പുത്തൻ പ്രതീക്ഷയോടും ഊർജ്ജസ്വലതയോടുംകൂടെ രൂപതയുടെ ഹൃദയസിരകളാകുവാൻ മൗണ്ട്മേരിയിലേക്ക് ആഗതരായ എല്ലാ കുഞ്ഞനുജൻമാർക്കും ഹൃദ്യമായ സ്വാഗതം.

മാനന്തവാടി രൂപതയുടെ പ്രതീക്ഷകളായ 16 പേരും മണ്ഡ്യ രൂപതയുടെ നിറദീപങ്ങളാകുവാൻ 4 പേരും ഭദ്രാവതി രൂപതയുടെ സ്വപ്നങ്ങൾ പേറിക്കൊണ്ട് 3 പേരും ചേർന്ന് 23 വൈദികവിദ്യാർത്ഥികളാണ് മൗണ്ട് മേരിയിലേക്ക് കടന്നുവന്നിരിക്കുന്നത്.

**മാനന്തവാടി രൂപത**

1. അരഞ്ഞാണിയിൽ ബിബിൻ - മുതിരേരി
2. കാഞ്ഞിരത്താംകുഴിയിൽ ഷാർജറ്റ് - ചുങ്കക്കുന്ന്
3. കട്ടക്കയത്ത് ടിന്റോ - ചോക്കാട്
4. കിഴക്കേടത്ത് സിജോ - മുതിരേരി
5. കൊരട്ടിപ്പറമ്പിൽ നൈസിൽ - കൽപ്ര
6. കുളത്തിൻകര സെബിൻ - പാറത്തോട്ടം
7. മരുതുംപാറയിൽ അഭിൻ - ചുങ്കക്കുന്ന്
8. മൂത്തേടത്ത് പ്രിൻസ് - കാവുംമന്ദം
9. ഞള്ളമ്പുഴ തോമസ് - നിലമ്പൂർ
10. പാലാപുളിക്കൽ ആഗ്നൽ - കബനിഗിരി
11. പെരുമ്പിൽ മനു - പട്ടാണികൂപ്പ്
12. പുരയ്ക്കൽ അനീഷ് - കല്ലുവയൽ

13. തലച്ചിറ നിധീഷ് - ദീപ്തിഗിരി
14. വടക്കേക്കണ്ണമംഗലത്ത് സ്റ്റെബിൻ - ശിശുമല
15. വാദ്യപ്പിള്ളിൽ ഷിബിൻ - കുറുമ്പാല
16. വെട്ടുകാട്ടിൽ സെബിൻ - മണിമൂളി

**മണ്ഡ്യരൂപത**

1. ഗോഡ്വിൻ സാവിയോ - ഹിംഗൽ (മണ്ഡ്യ രൂപത)
2. മണ്ണഞ്ചേരിയിൽ പ്രകാശ് - തോമാപുരം (തലശ്ശേരി)
3. പനമട അലൻ - ചെറുകാട്ടൂർ
4. പന്തിരുവേലിൽ വിമൽ - പൈക (പാലാ)

**ഭദ്രാവതി രൂപത**

1. കണ്ണംപള്ളിൽ വിവിൻ - മക്കോട് (ഭദ്രാവതി)
2. കുന്നപ്പള്ളി വിനോദ് - ഉപ്പ്തറ (കാഞ്ഞിരപ്പള്ളി)
3. തെങ്ങനാക്കുന്നേൽ അബിൻ - നെല്ലിപ്പാറ (ഇടുക്കി)

**മൗണ്ട് മേരി കുടുംബം**

## മതബോധനരംഗം

### പ്രധാനാധ്യാപകരുടെയും ബഹു. വികാരിയച്ചന്മാരുടെയും സംയുക്ത സമ്മേളനം

പുതിയ അധ്യയനവർഷം മെയ് 28 ന് നടന്ന പ്രധാനാധ്യാപക രുടെയും ബഹു. വികാരിയച്ചന്മാരുടെയും സമ്മേളനത്തോടെ തുടക്ക മായി. പ്രാർത്ഥനയോടെ ആരംഭിച്ച സമ്മേളനത്തിന് രൂപതാ ഡയറ ക്ടർ ബെന്നി മുതിരക്കാലായിലച്ചൻ സ്വാഗതമേകി. ഈ വർഷത്തെ പഠനവിഷയമായ 'ജീവന്റെ സംരക്ഷണവും മിഷൻവർഷാചരണവും' എന്നതിനെ കേന്ദ്രീകരിച്ച് വചനാധിഷ്ഠിതവും കൂദാശാബന്ധിതവുമായ ജീവിതത്തിനുള്ള പ്രാധാന്യത്തെപ്പറ്റി തന്റെ അധ്യക്ഷ പ്രസംഗത്തിൽ ബഹു. വികാരിജനറാൾ മാത്യു മാടപ്പള്ളിക്കുന്നേലച്ചൻ വ്യക്തമാക്കി.

കഴിഞ്ഞ അധ്യയനവർഷത്തിൽ IV, VII, X, XII ക്ലാസ്സുകളിൽ ഉന്നതവിജയം നേടിയ കുട്ടികൾക്കും HDC പരീക്ഷയിൽ റാങ്ക് നേടി യവർക്കും രൂപതയുടെ ക്യാഷ് അവാർഡും, സർട്ടിഫിക്കറ്റും നൽകി. മതബോധന രംഗത്ത് 25 വർഷം പൂർത്തിയാക്കിയ അധ്യാപകർക്ക് ഉപ ഹാരം നൽകി ആദരിച്ചു. സ്കോളർഷിപ്പ് പരീക്ഷയ്ക്ക് കുട്ടികളെ ഒരു ക്കിയ അധ്യാപകർക്കും പ്രത്യേകം ഉപഹാരം നൽകി, അവരുടെ സേവ നത്തെ പ്രശംസിച്ചു.

അധ്യയനരംഗത്ത് ഉന്നതവിജയം നേടിയ കുട്ടികളെ അഭിനന്ദിച്ച് ബഹു. സി. ആൻസി തോമസ് സി.എം.സി., ജൂബിലേറിയൻസിനെ അനുമോദിച്ച് ശ്രീ. ബേബി ജോസഫ് ചക്കാലയ്ക്കൽ എന്നിവർ പ്രസം ഗിച്ചു. കുട്ടികളുടെ പ്രതിനിധിയായി കുമാരി അനുഷ റോസ് പ്ലാവനാ ക്കുഴി, ജൂബിലേറിയൻസിന്റെ പ്രതിനിധിയായി ശ്രീ. സെബാസ്റ്റ്യൻ ചെറിയമ്പനാട്ട്, HDC പ്രതിനിധിയായി ബഹു. സി. അഞ്ജലി സി.എം. സി. എന്നിവർ കൃതജ്ഞത പറഞ്ഞു.

വിശ്വാസ പരിശീലനരംഗത്ത് ഈ വർഷം 25 വർഷം പിന്നിട്ടവർ - ശ്രീ. വിൻസെന്റ് ചൂനാട്ട്, ശ്രീ. സെബാസ്റ്റ്യൻ ചെറിയമ്പനാട്ട്, ശ്രീ. സെബാസ്റ്റ്യൻ തുണ്ടിയിൽ, ശ്രീ. ദേവസ്യ വല്ലൂരാൻ, ശ്രീ. ജോസ് മുടിയാട്ട്പറമ്പിൽ, ശ്രീ. ജോൺസൺ കിഴക്കേൽ, ശ്രീ. പോൾ തോണിക്കുഴി, ശ്രീ. ബേബി അറയ്ക്കൽ, ഷേർലി ജോൺ പുത്തൻപുരയ്ക്കൽ, സി. ഫിലോമിന ഫ്രാൻസീസ് SH, സി. എൽസി SABS, സി. ലിസ്സ SABS.

2011-12 അധ്യയനവർഷത്തെ രൂപതാ കലണ്ടർ, സിലബസ്, മൂല്യനിർണ്ണയ രീതികൾ, വിശ്വാസോത്സവം, നിരന്തരമൂല്യനിർണ്ണയം, എന്റെ വചനഡയറി, പരീക്ഷകൾ, അധ്യാപക പരിശീലനം... തുടങ്ങിയ വിഷയങ്ങളെ കേന്ദ്രീകരിച്ചുള്ള ചർച്ചയ്ക്ക് രൂപതാ മതബോധന സെക്രട്ടറി ശ്രീ. തോമസ് ഏറണാട്ട് നേതൃത്വം നൽകി.

## പ്രത്യേക തീരുമാനങ്ങൾ

- അധ്യാപകരുടെ പഠനസംഗമം ഫൊറോനാതലത്തിൽ നടത്തുക.
- XII -ാം ക്ലാസിലെ കുട്ടികളുടെ പഠനസംഗമം കഴിഞ്ഞവർഷത്തെപ്പോലെ ഫൊറോനാടിസ്ഥാനത്തിൽ നടത്തുക.
- വിശ്വാസോത്സവം ഭംഗിയായി നടത്തുക.
- നവോദയ കുട്ടികളുടെ പേര് വിവരം രൂപതയിൽ അറിയിക്കുക. അവരുടെ പരിശീലനത്തിൽ ആവശ്യമായ പഠനരീതി ക്രമീകരിക്കുക.
- അധ്യാപകർ 15 വർഷത്തിൽ കൂടുതൽ സേവനരംഗത്തുള്ളവരുടെ രൂപതാതല സംഗമം നടത്തുക.
- വാർഷിക പരീക്ഷയോടനുബന്ധിച്ച് പരീക്ഷാ പഠനശില്പശാല സംഘടിപ്പിക്കുക.
- കുട്ടികളുടെ ദിനം, അധ്യാപകദിനം - എന്നിവ സെപ്റ്റംബർ 11-ന് മതബോധനദിനത്തോടനുബന്ധിച്ച് സമുചിതമായി ആഘോഷിക്കുക.
- സഭാകേന്ദ്രത്തിൽ നിന്നും സീറോ മലബാർ രൂപതകളിൽ ഈ വർഷം മുതൽ നടത്തുന്ന X, VII ക്ലാസ്സുകളിലെ സ്കോളർഷിപ്പ് പരീക്ഷകൾ, XII-ാം ക്ലാസിലെ പ്രതിഭയെ കണ്ടെത്തൽ ... എന്നിവയിൽ പങ്കെടുക്കുവാൻ കുട്ടികളെ നന്നായി ഒരുക്കുക.

രൂപതാ ടീം അംഗം ബഹു. സി. ആൻസി ടോം SH ഏവർക്കും നന്ദി പ്രകാശിപ്പിച്ചു. രൂപതാ ഗാനത്തോടെ സമ്മേളനം അവസാനിച്ചു.

## അധ്യാപക പരിശീലനം

നടവയൽ, ലക്കിടി, കല്ലുമുക്ക് എന്നീ ഇടവകകളിൽ അധ്യാപകർക്കായി ഏകദിന, അർദ്ധദിന പഠനപരിശീലനം സംഘടിപ്പിച്ചു. ബഹു. വികാരിയച്ചന്മാർക്കും അധ്യാപകർക്കും, രൂപതാ ടീം അംഗങ്ങൾക്കും പ്രത്യേകം നന്ദി.

**മണ്ഡ്യ രൂപതയിൽ**

മണ്ഡ്യ രൂപതയിലെ അധ്യാപകർക്കായി പ്രത്യേക പരിശീലനം നടത്തപ്പെട്ടു. പരിശീലനത്തിന് ഡയറക്ടറച്ചനോടൊപ്പം നേതൃത്വം നൽകിയ രൂപതാ ടീം അംഗങ്ങളായ ശ്രീ. വർക്കിച്ചൻ നിരപ്പേൽ, ശ്രീ. ജോൺസൻ വടക്കേക്കര എന്നിവർക്ക് പ്രത്യേകം നന്ദി. മണ്ഡ്യ രൂപതയിലെ വൈദികർക്കും അധ്യാപകർക്കും ആശംസകൾ.

**അധ്യാപക പരിശീലനം ക്ലാസ്സടിസ്ഥാനത്തിൽ**

ജൂൺ 11-ാം തീയതി VII മുതൽ XII വരെ ക്ലാസ്സിലേക്ക് മാറ്റം കിട്ടിയ അധ്യാപകരുടെ പരിശീലനം ദ്വാരക യു.പി. സ്കൂളിൽ നടത്തി. അധ്യാപകരെയും, ബഹു. വികാരിയച്ചന്മാരെയും, പ്രധാനാധ്യാപകരെയും നന്ദിയോടെ ഓർക്കുന്നു. സ്കൂൾ അധികാരികൾക്ക് നന്ദി പറയുന്നതോടൊപ്പം രൂപതാ ടീം അംഗങ്ങൾക്ക് വളരെ പ്രത്യേകം നന്ദി അറിയിക്കുന്നു.

**ആമുഖസെമിനാർ**

ജൂൺ 17-19 ദിവസങ്ങളിൽ നടത്തിയ ആമുഖസെമിനാറിൽ പങ്കെടുത്ത പുതിയ അധ്യാപകർക്കെല്ലാം ആശംസകളും അഭിനന്ദനങ്ങളും അറിയിക്കുന്നു. അവരെ നന്നായി ഒരുക്കുവാൻ സഹായിച്ച രൂപതാ ടീം അംഗങ്ങളെ ഏറെ നന്ദിയോടെ അനുസ്മരിക്കുന്നു.

**അടുത്ത ആമുഖസെമിനാർ**

ദ്വാരകയിൽ ജൂലൈ 22-24 തീയതികളിലാണ്. മുള്ളൻകൊല്ലി, ബത്തേരി, കൽപ്പറ്റ, നടവയൽ, നീലഗിരി ഫൊറോനകളിലെ അധ്യാപകരാണ് (ആമുഖസെമിനാർ കൂടാത്തവർ) അതിൽ പങ്കെടുക്കേണ്ടത്. പങ്കെടുക്കുന്നവരുടെ പേര് രൂപതാഓഫീസിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യണം.

മണിമൂളി, നിലമ്പൂർ - ഫൊറോനയിലെയും ഗൂഡല്ലൂർ ഭാഗത്തെയും അധ്യാപകർക്ക് ആമുഖസെമിനാർ ജൂലൈ 2-ന് രാവിലെ തുടങ്ങി 3-ന് വൈകുന്നേരം അവസാനിക്കും.

**മാതാപിതാക്കൾക്ക് സെമിനാർ**

കരിമ്പിൽ, കുറുമ്പാല, അടയ്ക്കാത്തോട് ഇടവകകളിലെ മാതാപിതാക്കൾക്കുള്ള സെമിനാറിന് ശ്രീ. വർക്കിച്ചൻ നിരപ്പേൽ, ശ്രീ. തോമസ് ഏറണാട്ട്, ശ്രീ. ജോണി അമ്പാട്ട് എന്നിവർ ക്ലാസുകൾ നയിച്ചു. ബഹു. വികാരിയച്ചന്മാർക്കും ടീം അംഗങ്ങൾക്കും നന്ദി.

**അധ്യാപക പഠനസംഗമം**

തരിയോട് ഫൊറോനയിലെ അധ്യാപകരുടെ പഠനസംഗമം ജൂൺ 5-ാം തീയതി കാവുംമന്ദം ഇടവകയിൽ സംഘടിപ്പിച്ചു. ഡയറക്ടറച്ച

നോടൊപ്പം ക്ലാസ്സുകൾ നയിച്ചത് ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ, ശ്രീ. ബെന്നി വട്ടക്കാമുളയിൽ എന്നിവരാണ്. ഫൊറോന ഡയറക്ടർ ബഹു. മേപ്പുറത്ത് ചാക്കോ അച്ചനും, ഫൊറോന ടീം അംഗങ്ങൾക്കും, കാവുംമന്ദം വികാരി ബഹു. റെജി മുതുകത്താനി അച്ചനും അധ്യാപകർക്കും പ്രത്യേകം നന്ദി. അധ്യാപകരെ പറഞ്ഞയച്ച ബഹു. വികാരിയച്ചന്മാരേയും നന്ദിയോടെ ഓർക്കുന്നു.

**ഫൊറോന ഡയറക്ടർമാരുടെ മീറ്റിംഗ്**

ജൂൺ 14-ന് രൂപതാ ഓഫീസിൽ ഫൊറോന ഡയറക്ടർമാർ ഒരുമിച്ച് കൂടി മതബോധന പ്രവർത്തനങ്ങൾ അവലോകനം ചെയ്തു. ഈ വർഷത്തെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങളും ക്രമീകരണങ്ങളും രൂപപ്പെടുത്തി. മണിമൂളി ഫോറോന ഡയറക്ടറായി നിയമിതനായിരിക്കുന്ന ബഹു. സണ്ണി കൊല്ലാർതോട്ടം അച്ചനും, മാനന്തവാടി ഫൊറോന ഡയറക്ടറായി നിയമിതനായിരിക്കുന്ന ബഹു. തോമസ് മണക്കുന്നേലച്ചനും പ്രത്യേകം സ്വാഗതവും, ആശംസകളും.

**സൺഡേസ്കൂൾ സന്ദർശനം**

രൂപതാ ടീം അംഗങ്ങൾ ജൂലൈ 17 മുതൽ സൺഡേസ്കൂൾ സന്ദർശനം ആരംഭിക്കുകയാണ്.

**XII -ാം ക്ലാസ് കുട്ടികളുടെ പഠനസംഗമം**

മതബോധന കലണ്ടറിൽ ക്രമീകരിച്ചിട്ടുള്ളതുപോലെ XII -ാം ക്ലാസ് കുട്ടികളുടെ ഫൊറോനാടിസ്ഥാനത്തിലുള്ള പഠനസംഗമം ജൂലൈ 10-ാം തീയതി മുതൽ ആരംഭിക്കുകയാണ്. ശ്രദ്ധിക്കുമല്ലോ.

**ഫൊറോന വാർത്തകൾ**

**ബത്തേരി 2010-11 ഫൊറോന സ്കോളർഷിപ്പ്**

**Class - V**

| | | |
|---|---|---|
| I | ചെറിയാൻ തറപ്പേൽ | - അമ്പലവയൽ |
| II | ആൻ സെബാസ്റ്റ്യൻ വാരിക്കാട്ട് | - മീനങ്ങാടി |
| III | മേരി തൊഴുത്തുങ്കൽ | - തോമാട്ടുചാൽ |
| III | ചാക്കോ ഏലൂർ | - അമ്പലവയൽ |

**Class - VI**

| | | |
|---|---|---|
| I | അന്ന കല്ലാനിക്കാട്ടുകുന്നേൽ | - ബത്തേരി |
| II | അജ്വൽ പുഞ്ചയിൽ | - മൂലങ്കാവ് |
| III | അന്നമ്മ കളമ്പുകാട്ട് | - മൂലങ്കാവ് |

**Class - VIII**

| | | |
|---|---|---|
| I | മറിയം കന്നുകെട്ടിയിൽ | - കടൽമാട് |
| II | ത്രേസ്യ കന്നുകെട്ടിയിൽ | - കടൽമാട് |
| III | ഷാരോൺ ചാലിൽ | - മീനങ്ങാടി |

**Class - IX**

I റോസമ്മ തടത്തിൽ - കടൽമാട്
I മിലു കളമ്പുകാട്ട് - മൂലങ്കാവ്
II എലിസബത്ത് തട്ടാറടിയിൽ - അമ്പലവയൽ
III ആഷ്നാ മാണി ചെറിയംകണ്ടത്തിൽ - കല്ലുമുക്ക്

**ബത്തേരി ഫൊറോന - 2010-11 അധ്യയനവർഷം മതാധ്യാപകർക്കായി നടത്തിയ സാഹിത്യമത്സര വിജയികൾ**

**കഥ**

I സനി പുതിയകുന്നേൽ - തോമാട്ടുചാൽ
II എൽസി പുഞ്ചയിൽ - മൂലങ്കാവ്
III സി. ലൂസി അലക്സ് SH - ബത്തേരി

**കവിത**

I ക്ലമന്റ് കുഴികണ്ടത്തിൽ - മൂലങ്കാവ്
II ഷാജി ചന്ദനപറമ്പിൽ - മീനങ്ങാടി
III അനുമോൾ ചെറിയംകണ്ടത്തിൽ- മൂലങ്കാവ്

**ഉപന്യാസം**

I ക്ലമന്റ് കുഴികണ്ടത്തിൽ - മൂലങ്കാവ്
II അഞ്ചു പഴയവീട്ടിൽ - മൂലങ്കാവ്
III സി. ജാൻസി SH - ചുള്ളിയോട്

**കല്ലോടി ഫോറോന- V, VI, VIII, IX ക്ലാസുകൾക്കായി നടത്തിയ സ്കോളർഷിപ്പ് പരീക്ഷയിലെ വിജയികൾ**

**Class - V**

I ഫെമിന വലരിയിൽ - ദീപ്തിഗിരി
II സ്റ്റെഫിൻ തോപ്പിൽ - ചുള്ളിയാന

**Class - VI**

I ആൽബിൻ മാതേക്കൽ - ചുള്ളിയാന
II മറിയം നിലമ്പനാട്ട് - കാരക്കാമല

**Class - VIII**

I അന്നമ്മ കൊല്ലംപറമ്പിൽ - കല്ലോടി
II എയ്ഞ്ചലിൻ മഠത്തിക്കുന്നേൽ - കൊമ്മയാട്

**Class - IX**

I റിയ മാത്യു - ജൂഡ്സ് മൗണ്ട്
II ഡാനി പരിയാരത്ത് - ചുള്ളിയാന

**ഫാ. ബെന്നി മുതിരക്കാലായിൽ**
മതബോധന ഡയറക്ടർ

# ബൈബിൾ അപ്പോസ്തലേറ്റ്

ലോഗോസ് 2011 രജിസ്ട്രേഷൻ ഫോമുകൾ ഇതിനോടകം ഇട വകകളിൽ എത്തിയല്ലോ (രജിസ്ട്രേഷൻ ഫോം ലഭിക്കാത്ത ഏതെങ്കിലും ഇടവക ഉണ്ടെങ്കിൽ എത്രയും പെട്ടെന്ന് രൂപതാ ഓഫീസുമായി ബന്ധപ്പെടുക). ലഘുപഠനസഹായി രജിസ്ട്രേഷനുശേഷം ലഭിക്കുന്നതാണ്.

(a) ഈ വർഷം ഓൺ–ലൈൻ രജിസ്ട്രേഷൻ ആണെന്നകാര്യം ശ്രദ്ധിക്കുമല്ലോ. അതുകൊണ്ട് തന്നെ (01) ജൂലൈ 31–ന് മുൻപ് രജിസ്ട്രേഷൻ ചെയ്യാത്തവർക്ക് പരീക്ഷ എഴുതാൻസാധിക്കില്ല. (02) ഓരോ ഇടവകയും നൽകിയിരിക്കുന്ന User ID യും Password ഉപയോഗിച്ച് www.logosquiz.org/Mananthavady/ എന്ന internet Site ൽ Login ചെയ്ത് അവിടെ പറയുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് പേര് രജിസ്ട്രർ ചെയ്യേണ്ടതാണ്. (03) ഏതെങ്കിലും ഇടവകയിൽ സാങ്കേതിക കാരണങ്ങളാൽ ഇത് സാധിക്കാതെ വന്നാൽ ഫൊറോന ഫാമിലി അപ്പോസ്റ്റലേറ്റ് ഡയറക്ടേഴ്സിനോട് ബന്ധപ്പെടുക.

(b) ഓൺ – ലൈൻ രജിസ്ട്രേഷൻ നടത്തിയാലും ഈ വർഷം Manual ആയിട്ടുള്ള Paper Work കൂടി നടക്കണം. July 31 ന് മുൻപ് രജിസ്ട്രേഷൻ ഫോമും, രജിസ്ട്രേഷൻ ഫീസും ഓഫീസിൽ എത്തിക്കേണ്ടതാണ്.

(c) മണിമൂളി, നിലമ്പൂർ ഫൊറോനകളിലേയും, നീലഗിരി റീജിയണിലേയും പള്ളികൾ അതാത് പ്രദേശത്തെ ഫാമിലി അപ്പോസ്റ്റലേറ്റ് ഡയറക്ടേഴ്സിന്റെ പക്കലാണ് രജിസ്ട്രേഷൻഫോമും, രജിസ്ട്രേ

ഷൻ ഫീസും ഏൽപ്പിക്കേണ്ടത്. അവർ അത് ഒരുമിച്ച് രൂപതാ ഓഫീസിൽ എത്തിക്കുന്നതാണ്. മറ്റു ഫൊറോനകളിൽപ്പെട്ടവർക്ക് ഫൊറോന ഡയറക്ടേഴ്സിന്റെ അടുത്തോ രൂപതാ ഓഫീസിലോ രജിസ്ട്രേഷൻഫോമും, രജിസ്ട്രേഷൻ ഫീസും ഏൽപ്പിക്കാവുന്നതാണ്.

(d) പ്രായപരിധി കൃത്യമായി പാലിച്ചിരിക്കണം. ഓരോ അംഗത്തിന്റേയും പേരിനോടൊപ്പം ജനനത്തീയതി നിർബന്ധമായും ചേർക്കണം.

A (01-01-2000 നു ശേഷം ജനിച്ചവർ)

B (01-01-1995 നും 31-12-1999 നും ഇടയിൽ ജനിച്ചവർ)

C (01-01-1980 നും 31-12-1994 നും ഇടയിൽ ജനിച്ചവർ)

D (01-01-1960 നും 31-12-1979 നും ഇടയിൽ ജനിച്ചവർ)

E (31-12-1959 നു മുമ്പ് ജനിച്ചവർ)

(e) സമ്മാനങ്ങൾ

(01) A, B, C, D, E ഗ്രൂപ്പുകളിൽ 1,2,3 സ്ഥാനങ്ങൾ നേടുന്നവർ

(02) ഏറ്റവും കൂടുതൽ ആളുകളെ പങ്കെടുപ്പിക്കുന്ന മൂന്ന് ഇടവകകൾ

(03) ഇടവകാംഗങ്ങളുടെ എണ്ണത്തിന് ആനുപാതികമായി ഏറ്റവും കൂടുതൽ പേരെ പങ്കെടുപ്പിക്കുന്ന മൂന്ന് ഇടവകകൾ.

(04) C, D, E ഗ്രൂപ്പുകളിൽ ഏറ്റവും അധികം മാർക്ക് ലഭിക്കുന്ന മാതൃസംഘടനാ പ്രവർത്തകരായ മൂന്ന് അമ്മമാർക്ക് വീതം സമ്മാനം.

(05) ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന കുടുംബത്തിന് (Five Members, Six Members/ or More Members). ഒരു കുടുംബത്തിൽ നിന്നും പരീക്ഷ എഴുതിയിരിക്കുന്ന (പരീക്ഷ എഴുതാൻ പ്രായമായ എല്ലാവരും) അംഗങ്ങളുടെ എല്ലാവരുടേയും മാർക്കുകൾ ഒരുമിച്ച്കൂട്ടി 05/06/ or More എന്ന ഗണത്തിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന മൂന്ന് കുടുംബങ്ങൾക്ക് സമ്മാനം. പരീക്ഷ എഴുതാൻ പ്രായമായ (ആദ്യകുർബാന കഴിഞ്ഞ) അംഗങ്ങളിൽ ഒരാൾ പരീക്ഷ എഴുതാതിരുന്നാലും ആ കുടുംബത്തെ അംഗങ്ങളുടെ എണ്ണമനുസരിച്ചുള്ള ഗ്രൂപ്പിലായിരിക്കും കൂട്ടുക. (06 അംഗങ്ങൾ പരീക്ഷ എഴുതാവുന്ന കുടുംബത്തിൽ നിന്നും 05 പേർ പരീക്ഷ എഴുതിയാൽ അവരുടെ മാർക്ക് കൂട്ടുന്നത് 600-ൽ ആയിരിക്കും 500-ൽ ആയിരിക്കില്ല.)

## മത്തായി 26-28 മാതൃകാചോദ്യങ്ങൾ

01. പ്രധാനപുരോഹിതന്മാരും ജനപ്രമാണികളും കയ്യാഫാസിന്റെ കൊട്ടാരത്തിൽ സമ്മേളിച്ച് ആലോചിച്ചതെന്ത്? (26.04)

(a) മനുഷ്യപുത്രനെ ക്രൂശിക്കാൻ ഏൽപിച്ചുകൊടുക്കേണ്ടത് എങ്ങനെയെന്ന്, (b) ജനങ്ങൾ ബഹളമുണ്ടാക്കാതിരിക്കാൻ എന്ത് ചെയ്യണമെന്ന്, (c) യേശുവിനെ ചതിവിൽ പിടികൂടി വധിക്കേണ്ടത് എങ്ങനെയെന്ന്, (d) തിരുന്നാൾ ദിവസം ഒഴിവാക്കി യേശുവിനെ ക്രൂശിക്കേണ്ടത് എങ്ങനെയെന്ന്.

02. യേശു എവിടെ ഇരിക്കുമ്പോഴാണ്, വിലയേറിയ സുഗന്ധതൈലം നിറച്ച് ഒരു വെൺകൽ പാത്രവുമായി ഒരു സ്ത്രീ അവനെ സമീപിച്ചത്? (26.06)

(a) ബഥാനിയായിൽ, (b) കയ്യാഫാസിന്റെ ഭവനത്തിൽ, (c) ബഥാനിയായിൽ കുഷ്ഠരോഗിയായ ശിമയോന്റെ വീട്ടിൽ, (d) ശിമയോൻ എന്ന യഹൂദപ്രമാണിയുടെ വീട്ടിൽ.

03. 'എന്തിന് ഈ പാഴ്ചിലവ്'? എന്ന കോപത്തോടെ പറഞ്ഞതാര്? (26.08)

(a) കയ്യാഫാസ്, (b) ശിമയോൻ, (c) ശിഷ്യന്മാർ, (d) യേശു

04. പാനപാത്രത്തിൽ നിന്നും പാനം ചെയ്യുവാൻ ആവശ്യപ്പെട്ടുകൊണ്ട് ശിഷ്യർക്കു കൊടുത്ത യേശു, പാനപാത്രത്തെക്കുറിച്ചു പറഞ്ഞതെന്താണ്? (26.28)

(a) ഈ പാനപാത്രം നിങ്ങൾക്കുവേണ്ടി ചിന്തപ്പെടുന്ന എന്റെ രക്തത്തിലുള്ള പുതിയ ഉടമ്പടിയാണ്, (b) ഇതു പാപമോചനത്തിനായി അനേകർക്കുവേണ്ടി ചിന്തപ്പെടുന്നതും ഉടമ്പടിയുടേതുമായ എന്റെ രക്തമാണ്, (c) ഇത് അനേകർക്കുവേണ്ടി ചിന്തപ്പെടുന്നതും ഉടമ്പടിയുടേതുമായ എന്റെ രക്തമാണ്, (d) ഇത് എന്റെ രക്തത്തിലുള്ള പുതിയ ഉടമ്പടിയാണ്.

05. ഗത്സേമനിയിൽ പ്രാർത്ഥിക്കുവാൻപോയ ഈശോ കൂടെകൊണ്ടുപോയത് ആരെയൊക്കെ? (26.37)

(a) പത്രോസിനേയും യാക്കോബിനേയും യോഹന്നാനെയും, (b) പത്രോസിനേയും സെബദിയുടെ ഇരുപുത്രന്മാരേയും, (c) പത്രോസിനേയും സെബദിപുത്രന്മാരേയും, (d) പത്രോസിനേയും മറ്റു ശിഷ്യന്മാരേയും.

06. ആരാണ് വാളൂരി പ്രധാന പുരോഹിതന്റെ സേവകനെവെട്ടി, അവന്റെ ചെവി ഛേദിച്ചുകളഞ്ഞത്? (26.51)

(a) ശിമയോൻപത്രോസ്, (b) സമീപത്തു നിന്നിരുന്ന ഒരുവൻ, (c) യേശുവിനോടുകൂടെ ഉണ്ടായിരുന്നവരിൽ ഒരുവൻ, (d) ശിഷ്യന്മാരിൽ ഒരുവൻ.

07. നീ അവരിൽ ഒരുവനാണ് തീർച്ച നിന്റെ സംസാരരീതിതന്നെ ഇതു തെളിയിക്കുന്നു എന്ന അഭിപ്രായത്തോട് പത്രോസ് പ്രതികരിച്ചതെങ്ങനെ? (26.74)

(a) നീ പറയുന്നത് എന്താണെന്ന് ഞാൻ അറിയുന്നില്ല എന്ന് നിഷേധിച്ചുപറഞ്ഞു, (b) ഞാൻ അവനെ അറിയുകയില്ല എന്ന് ആണയിട്ടുപറഞ്ഞു, (c) നിങ്ങൾ പറയുന്ന ആ മനുഷ്യനെ ഞാൻ അറിയുന്നില്ല എന്ന് പറഞ്ഞ് അവൻ ശപിക്കാനും ആണയിടാനും തുടങ്ങി, (d) ഞാൻ ആ മനുഷ്യനെ അറിയുകയില്ല എന്ന് പറഞ്ഞ് ശപിക്കാനും ആണയിടാനും തുടങ്ങി.

08. യേശുവിന്റെ വിലയായി നിശ്ചയിക്കപ്പെട്ട നാണയങ്ങളെക്കുറിച്ചുള്ള പ്രവാചക വചനങ്ങൾ, സുവിശേഷത്തിൽ ഉദ്ധരിച്ചിരിക്കുന്നത് എവിടെയാണ്? (27.9.10)

(a) Mt.26.73-74, (b) Mt.27.05-06, (c) Mt.27.09-10,
(d) Mt.27.43-44,

09. ബറാബാസിനെ വിട്ടുതരാനും യേശുവിനെ നശിപ്പിക്കാനും ആവശ്യപ്പെടാൻ ജനങ്ങളെ പ്രേരിപ്പിച്ചതാരാണ്? (27.20)

(a) പുരോഹിതന്മാരും ജനപ്രമാണികളും, (b) പ്രധാന പുരോഹിതന്മാരും നിയമജ്ഞരും (c) പ്രധാനപുരോഹിതന്മാരും ജനപ്രമാണികളും (d) പ്രധാനപുരോഹിതന്മാരും പ്രമാണികളും

10. ഗോൽഗോഥായിലെത്തിയപ്പോൾ അവർ യേശുവിന് കുടിക്കാൻ കൊടുത്തത് എന്താണ്? (27.34)

(a) ചൊറുക്കാ കലർത്തിയ വീഞ്ഞ്, (b) മീറാ കലർത്തിയ വീഞ്ഞ്, (c) കയ്പു കലർത്തിയ വീഞ്ഞ്, (d) വിനാഗിരി കലർത്തിയ വീഞ്ഞ്.

11. നിദ്രപ്രാപിച്ചിരുന്ന പല വിശുദ്ധൻമാരും ശവകുടീരങ്ങളിൽ നിന്നും പുറത്തുവന്നത് എപ്പോൾ? (27.52)

(a) യേശുവിന്റെ മരണസമയത്ത്, (b) ദേവാലയത്തിലെ തിരശ്ശീല നടുവേ കീറിയപ്പോൾ, (c) യേശുവിന്റെ പുനരുത്ഥാനത്തിന് ശേഷം, (d) പാറകൾ പിളർന്ന് ശവകുടീരങ്ങൾ തുറക്കപ്പെട്ടപ്പോൾ

12. യേശു മരിച്ചവരുടെ ഇടയിൽ നിന്ന് ഉയർപ്പിക്കപ്പെട്ടു എന്ന സന്ദേശം പ്രഘോഷിക്കാൻ ആദ്യം തെരഞ്ഞെടുക്കപ്പെട്ടത് ... (28.05-07)

(a) സ്ത്രീകൾ, (b) മഗ്ദലേനമറിയം, (c) ശിഷ്യന്മാർ, (d) പത്രോസും യോഹന്നാനും

13. ഉത്ഥിതനായ യേശു സ്ത്രീകളെ ഏല്പിച്ച ദൗത്യം എന്ത്? (28.10)

(a) നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ, (b) പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ ജ്ഞാനസ്നാനം നൽകുവിൻ, (c) എന്റെ സഹോദരന്മാരുടെ അടുത്ത്ചെന്ന് അവരോട് ഞാൻ എന്റെ പിതാവിന്റെ അടുത്തേയ്ക്ക് ആരോഹണം ചെയ്യുന്നു എന്നു പറയുക, (d) എന്റെ സഹോദരന്മാരോട് ഗലീലിയിലേയ്ക്ക് പോകണമെന്നും അവിടെ അവർ എന്നെ കാണുമെന്നും പറയുക.

14. ഉത്ഥിതനായ യേശു ശിഷ്യന്മാരെ എൽപ്പിക്കുന്ന ആദ്യ ദൗത്യം എന്താണ്? (28.19)

(a) പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ ജ്ഞാനസ്നാനം നൽകുവിൻ, (b) ഞാൻ നിങ്ങളോട് കല്പിച്ചവയെല്ലാം അനുസരിക്കാൻ സകലരെയും പഠിപ്പിക്കുവിൻ, (c) യേശു നിർദ്ദേശിച്ചതുപോലെ ഗലീലിയിലെ മലയിലേയ്ക്ക് ചെന്ന് അവനെ ആരാധിക്കുക, (d) നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുക.

15. പ്രേഷിതദൗത്യം നിർവഹിക്കാൻ ശിഷ്യന്മാർക്ക് എല്ലാകാലമുള്ള ശക്തിയും ഉറപ്പും എന്താണ്? (28.20)

(a) യുഗാന്തംവരെ എന്നും ഞാൻ നിങ്ങളോട് കൂടെ ഉണ്ടായിരിക്കും എന്ന വാഗ്ദാനം, (b) സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ അധികാരവും യേശുവിന് നൽകപ്പെട്ടിരിക്കുന്നു എന്ന ഉറപ്പ്, (c) യേശു മരണത്തെപ്പോലും കീഴടക്കി ഉത്ഥിതനായി എന്നും ജീവിക്കുന്നു എന്ന തിരിച്ചറിവ് (d) യഹൂദരും കാവല്ക്കാരും വ്യാജംപറയുകയാണ് എന്ന് ജറുസലേമിൽ പരസ്യമായത്.

**ഫാ. ഡെന്നീസ് കഴുതാടിയിൽ**

ഡയറക്ടർ, ബൈബിൾ അപ്പോസ്റ്റലേറ്റ്

# ചെറുപുഷ്പ മിഷൻലീഗ്

പ്രിയ മിഷൻലീഗ് അംഗങ്ങളെ,

ചെറുപുഷ്പ മിഷൻലീഗ് മറ്റൊരു പ്രവർത്തനവർഷത്തിലേയ്ക്ക് പ്രവേശിച്ചിരിക്കുകയാണല്ലോ. പ്രേഷിതവർഷമായി നാം ഈവർഷം ആചരിക്കുമ്പോൾ പ്രേഷിതപ്രവർത്തനം എല്ലാവരുടെയും കടമയും ഉത്തരവാദിത്വവുമാണെന്ന ബോധ്യത്തിലേക്ക് നമുക്ക് കടന്നുവരാം. എന്താണ് പ്രേഷിതപ്രവർത്തനം? മത്തായിയുടെ സുവിശേഷം 25-ാം അധ്യായത്തിൽ നാം വായിക്കുന്നു. "എനിക്ക് വിശന്നു. നിങ്ങൾ ഭക്ഷിക്കാൻ തന്നു. എനിക്ക് ദാഹിച്ചു, നിങ്ങൾ കുടിക്കാൻ തന്നു. ഞാൻ നഗ്നനായിരുന്നു നിങ്ങൾ എന്നെ ഉടുപ്പിച്ചു. ഞാൻ രോഗിയായിരുന്നു നിങ്ങൾ എന്നെ സന്ദർശിച്ചു." നാം ആയിരിക്കുന്ന ജീവിതാവസ്ഥയിൽ നിന്നുകൊണ്ട് സഹോദരങ്ങൾക്ക് നമ്മളാലാവുന്ന നന്മയും സഹായവും ചെയ്യുന്നത് തന്നെയാണ് പ്രേഷിതപ്രവർത്തനം. മഴ തിമിർത്തുപെയ്യുന്ന ഈ സമയത്ത്, മഴക്കാല രോഗങ്ങൾ പടരാൻ ഏറെ സാധ്യതയുള്ളപ്പോൾ മിഷൻലീഗ് അംഗങ്ങൾ ഉണർന്ന് പ്രവർത്തിക്കണം. നമ്മുടെ സ്കൂൾ, കോളേജ്, പള്ളിപരിസരങ്ങൾ, ടൗണുകൾ ഇവ മാലിന്യവിമുക്തമായി സൂക്ഷിക്കാൻ അംഗങ്ങൾ താത്പര്യത്തോടെ മുൻകൈയെടുക്കണം. രോഗികളായി ബുദ്ധിമുട്ടുന്നവരെ കണ്ട് അവർക്ക് ആവശ്യമെങ്കിൽ മരുന്നും, വസ്ത്രവും, ഭക്ഷണവും ക്രമീകരിക്കാൻ അംഗങ്ങൾ താൽപര്യമെടുക്കണം. അങ്ങനെ ഈ മഴക്കാലത്ത് നമ്മുടെ പ്രേഷിത ദൗത്യം നിറവേറ്റാൻ നമുക്ക് സാധിക്കും. ആരോഗ്യകരമായ മഴക്കാലം ആശംസിച്ചുകൊണ്ട്,

സ്നേഹത്തോടെ,

**ഫാ. സോണി വടയാപറമ്പിൽ**

## രൂപതാകൗൺസിലും പ്രവർത്തനവർഷ ഉദ്ഘാടനവും

2011-12 പ്രവർത്തനവർഷ ഉദ്ഘാടനവും രൂപതാകൗൺസിലും 11-ാം തീയതി ശനിയാഴ്ച പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു. രൂപതാ പ്രസിഡന്റ് രഞ്ജിത്ത് മുതുപ്ലാക്കൽ പതാക ഉയർത്തിയതോടുകൂടി കൗൺസിലിന് ഔദ്യോഗികമായി തുടക്കമായി. തുടർന്ന് നടന്ന പൊതു സമ്മേളനത്തിൽ വെച്ച് മാനന്തവാടി രൂപത വികാരിജനറാൾ മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്തു. രൂപതാപ്രസിഡന്റ് യോഗത്തിന് അദ്ധ്യക്ഷതവഹിച്ചു. രൂപതാ ഡയറക്ടർ റവ.ഫാ. സോണി വടയാപറമ്പിലിന് കൗൺസിലിൽവെച്ച് ഔദ്യോഗികമായി സ്വീകരണം നൽകി. അന്തർദേശീയ വൈ.ഡയറക്ടർ റവ. ഫാ. ബെന്നി മുതിരക്കാലായിൽ പ്രവർത്തനവർഷമാർഗ്ഗരേഖ പ്രകാശനം നടത്തി. അന്തർദേശീയ പ്രസിഡന്റ് ശ്രീ. തോമസ് ഏറണാട്ട് വിഷയാവതരണം നടത്തി. രൂപതാ സംസ്ഥാന ജോ.ഡയറക്ടർ സി. ലിസ എസ്.കെ.ഡി., നാഷണൽ വൈസ് ഡയറക്ടർ റവ.ഫാ. ജിമ്മി ഓലിക്കൽ എന്നിവർ ആശംസകളർപ്പിച്ചു. ജനറൽ ഓർഗനൈസർ സജി വേങ്ങത്തടത്തിൽ മാർഗ്ഗരേഖ അവതരിപ്പിച്ചു. മിഷൻമാസാചരണം, ജോ. ഡയറക്ടേഴ്സ് സാഹിത്യമത്സരം, സ്കോളർഷിപ്പ് എന്നിവയ്ക്കുള്ള സമ്മാനങ്ങൾ കൗൺസിലിൽവെച്ച് കൊടുത്തു. രൂപതാഡയറക്ടർ റവ. ഫാ. സോണി വടയാപറമ്പിൽ സ്വാഗതവും രൂപതാസെക്രട്ടറി ബിനു മാങ്കൂട്ടത്തിൽ നന്ദിയും പറഞ്ഞു. ഉച്ചഭക്ഷണത്തോടുകൂടി കൗൺസിലിന് സമാപനമായി.

## അമ്മയോടൊപ്പം പ്രേഷിതവീഥിയിൽ - ഉദ്ഘാടനം

അമ്മയോടൊപ്പം പ്രേഷിതവീഥിയിൽ ഒരു കോടി ജപമാല സമാഹരണം. രൂപതാഡയറക്ടർ റവ.ഫാ. സോണി വടയാപറമ്പിൽ ഉദ്ഘാടനം ചെയ്തു.

## രൂപതാ ടീം ട്രെയിനിംഗ്

10-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം ദ്വാരക പാസ്റ്ററൽ സെന്ററിൽ ടീം ട്രെയിനിംഗ് നടത്തപ്പെട്ടു. രൂപതാ റിസോഴ്സ് പേഴ്സൺ ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ ട്രെയിനിംഗിന് നേതൃത്വം നൽകി.

## നവവൈദികരെ ആദരിക്കൽ

കഴിഞ്ഞവർഷം വൈദികരായ നവവൈദികരെ കൗൺസിലിൽവെച്ച് ആദരിക്കുകയും സി.എം.എൽ. രൂപതാകുടുംബത്തിന്റെ സ്നേഹോപഹാരം സമർപ്പിക്കുകയും ചെയ്തു.

**വീഥി 2011**

ശാഖാഭാരവാഹികൾക്ക് മേഖലാതലത്തിലുള്ള ട്രെയിനിംഗ് കൊട്ടിയൂർ തരിയോട് മേഖലകളിൽ നടന്നു. റവ.ഫാ. ബിജു തൊണ്ടിപ്പറമ്പിൽ, രഞ്ജിത്ത് മുതുപ്ലാക്കൽ എന്നിവർ ക്ലാസ് നയിച്ചു.

**ശാഖാ ജോ. ഡയറക്ടേഴ്സ് സംഗമം**

ശാഖകളിൽ സംഘടനയ്ക്ക് ശക്തിപകരുന്ന ജോ.ഡയറക്ടർ സിസ്റ്റേഴ്സിന്റെ സംഗമം ജൂലൈ 9 ശനിയാഴ്ച ദ്വാരക യു.പി. സ്കൂളിൽ നടത്തപ്പെടുന്നു. രൂപതാ സെമിനാരി റെക്ടർ റവ.ഫാ. തോമസ് കച്ചിറയിൽ ക്ലാസ്സെടുക്കുന്നതാണ്. മുഴുവൻ ശാഖാ ജോ.ഡയറക്ടേഴ്സും സംഗമത്തിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**മേഖലാ ഡയറക്ടേഴ്സ്, ജോ.ഡയറക്ടേഴ്സ് സംഗമം**

മേഖലാ പ്രവർത്തനങ്ങൾക്ക് ചുക്കാൻപിടിക്കുന്ന മേഖലാ ഡയറക്ടേഴ്സിന്റേയും ജോ.ഡയറക്ടേഴ്സിന്റെയും സംഗമം ജൂലൈ 21-ന് ദ്വാരക പാസ്റ്റൽ സെന്ററിൽ നടത്തുന്നതാണ്. എല്ലാ മേഖലാ ഡയറക്ടേഴ്സിനേയും ജോ.ഡയറക്ടേഴ്സിനേയും സംഗമത്തിലേയ്ക്ക് പ്രത്യേകം ക്ഷണിക്കുന്നു.

**സ്കോളർഷിപ്പ്**

ഡിപ്ലോമ പരീക്ഷയിൽ രൂപതാതല പരീക്ഷയിൽ ഒന്നാംറാങ്ക് നേടിയ നടവയൽ ശാഖയിലെ ചേരവേലിൽ ആൽബിന് കൗൺസിലിൽ വെച്ച് സ്കോളർഷിപ്പ് നൽകി.

**പ്രേഷിത് 2011 ശാഖാസെമിനാറും സന്ദർശനവും**

ശാഖാസെമിനാറും സന്ദർശനവും ജൂലൈ 10-ന് പയ്യമ്പള്ളി മേഖലയിലും 24 ഞായർ ബത്തേരി മേഖലയിലും 31- ഞായർ മാനന്തവാടി മേഖലയിലും നടത്തപ്പെടുകയാണ്. ശാഖാ ഭാരവാഹികൾ വേണ്ടകാര്യങ്ങൾ മുൻകൂട്ടി ക്രമീകരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. ശാഖാ റിക്കോർഡുകൾ ക്രമീകരിക്കുമല്ലോ.

**പലതുള്ളി 2011 - ഒരു സംഭാവന സമാഹരണം**

മിഷൻ ഗ്രാമങ്ങളിലെ പ്രേഷിതപ്രവർത്തനങ്ങൾക്ക് സഹായിക്കാൻ ശാഖകളിൽ സ്വരൂപിക്കുന്ന ഒരു രൂപ സംഭാവന സന്ദർശന സമയത്ത് കൊടുത്തുവിടേണ്ടതാണ്.

**മണിമൂളി, നിലമ്പൂർ റീജിയൻ മാനേജിംഗ് കമ്മിറ്റിയും ജോ.ഡയറക്ടേഴ്സ് സംഗമവും, റീജിയൻ കൗൺസിലും ടീം ട്രെയിനിംഗും**

നിലമ്പൂർ, മണിമൂളി റീജിയൻ കൗൺസിൽ, മാനേജിംഗ് കമ്മിറ്റി, ജോ.ഡയറക്ടേഴ്സ് സംഗമം, ജൂണിയർ ടീം ട്രെയിനിംഗ് എന്നിവ

ജൂലൈ 17 ഞായർ 2 മണിക്ക് മണിമൂളി പാസ്റ്ററൽ സെന്ററിൽ നടത്തപ്പെടുന്നു. നിലമ്പൂർ, മണിമൂളി മേഖലയിലെ മുഴുവൻ ശാഖാഭാരവാഹികളും, ജോ.ഡയറക്ടേഴ്സും, ജൂണിയർ ടീം അംഗങ്ങളും ഈ പ്രോഗ്രാമിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**സാഹിത്യമത്സരങ്ങൾ**

ശാഖാ സാഹിത്യമത്സരങ്ങൾ ഈ മാസം തന്നെ നടത്തേണ്ടതാണ്. രൂപതാ സാഹിത്യമത്സരം ഓഗസ്റ്റ് 14-ന് നടക്കുന്നതാണ്. ശാഖാ സാഹിത്യമത്സര വിജയികൾ മേഖലാതലത്തിലും മേഖലാതല വിജയികൾ രൂപതാസാഹിത്യമത്സരത്തിലും പങ്കെടുക്കേണ്ടതാണ്.

**ആദരാഞ്ജലികൾ**

ഉജ്ജെൻ രൂപതയിൽ 21 വർഷം മെത്രാനായി സേവനമനുഷ്ഠിച്ച് തന്റെ ദൗത്യം പൂർത്തിയാക്കി വേർപിരിഞ്ഞുപോയ മാർ.ജോൺ പെരുമറ്റം പിതാവിന് മാനന്തവാടി ചെറുപുഷ്പ മിഷൻലീഗിന്റെ ആദരാഞ്ജലികളും പ്രാർത്ഥനയും നേരുന്നു.

**നന്ദിയുടെ ഒരുവാക്ക്**

കഴിഞ്ഞ പ്രവർത്തനവർഷങ്ങളിൽ വിവിധ മേഖലകളിലെ സംഘടനാ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ച ഡയറക്ടറച്ചൻമാരേയും ജോ. ഡയറക്ടർ സിസ്റ്റേഴ്സിനേയും ഏറെ നന്ദിയോടെ ഓർക്കുന്നു.

റവ. ഫാ. ജെയിംസ് ചെമ്പക്കര - ഗൂഡല്ലൂർ, റവ. ഫാ. ജോണി പെരുമാട്ടിക്കുന്നേൽ - കല്ലോടി, റവ.ഫാ. ജോബി മുക്കാട്ടുകാവുങ്കൽ - പുൽപ്പള്ളി, റവ.ഫാ. ജെയിസൻ കുഴികണ്ടത്തിൽ - കൊട്ടിയൂർ, റവ. ഫാ. സജി കോട്ടായിൽ - മാനന്തവാടി, റവ.ഫാ. ഷൈജു പള്ളിച്ചാംകുടി - ബത്തേരി, റവ.ഫാ. വിനോദ് പാക്കാനിക്കുഴി - മണിമൂളി. ബഹു. വൈദികർക്ക് പുതിയ പ്രവർത്തന മേഖലയിലേയ്ക്ക് എല്ലാവിധ ആശംസകളും പ്രാർത്ഥനകളും സമർപ്പിക്കുന്നു.

സി. എൻസിജോൺ SABS - മാനന്തവാടി, സി. ആൽഫി SH - കൽപ്പറ്റ, സി. ജീന SH -കൊട്ടിയൂർ, സി. എമിലി CMC - നടവയൽ. ബഹു. സിസ്റ്റേഴ്സിനെ ഏറെ സ്നേഹപൂർവ്വം നന്ദി അറിയിക്കുകയും പുതിയ പ്രവർത്തന പാതയിൽ പ്രാർത്ഥനാശംസകളും നേരുന്നു.

**നന്ദിയുടെ ഒരുവാക്ക്**

തലഞ്ഞി ഇടവക വികാരിയായി സ്ഥലംമാറിയ ജെസ്റ്റിൻ മൂന്നാനാൽ അച്ചന് എല്ലാവിധ വിജയങ്ങളും ആശംസിക്കുന്നു. ഒപ്പം അച്ചൻ ചെറുപുഷ്പ മിഷൻലീഗിന് ചെയ്തുതന്ന എല്ലാ സേവന

ത്തിനും സി.എം.എൽ രൂപതാ കുടുംബത്തിന്റെ നന്ദി അറിയിക്കുന്നു.

**ജോ.ഡയറക്ടർമാരുടെ ശ്രദ്ധയ്ക്ക്**

അംഗത്വലിസ്റ്റിൽ തിരുത്തലുകൾ നടത്തുന്നതിനുള്ള അവസാന തീയതി ജൂലൈ 9-ന് ആണ്.

**സുസ്വാഗതം**

മേഖലകളിൽ പുതിയ ഡയറക്ടർമാരായി ചാർജെടുത്തിരിക്കുന്ന ബഹു. വൈദികരെ സി.എം.എൽ. രൂപതാ കുടുംബത്തിലേയ്ക്ക് ഏറ്റം സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

റവ.ഫാ. ജോണി കപ്യാരുമലയിൽ - ഗൂഡല്ലൂർ, റവ.ഫാ. ജെയിംസ് ചെമ്പക്കര - കല്ലോടി, റവ.ഫാ. ജെയ്മോൻ കളമ്പുകാട്ട് - പുൽപ്പള്ളി, റവ.ഫാ. മാണി ഇളയിടം - കൊട്ടിയൂർ, റവ.ഫാ. ജോണി പെരുമാട്ടിക്കുന്നേൽ - മാനന്തവാടി, റവ.ഫാ. ബിജു പുന്നയ്ക്കാപട വിൽ - ബത്തേരി.

പുതിയ ജോ.ഡയറക്ടേഴ്സായി വന്നിരിക്കുന്ന ബഹു. സിസ്റ്റേഴ്സിനെയും ഏറെ സ്നേഹപൂർവ്വം സി.എം.എൽ. രൂപതാകുടുംബത്തിലേയ്ക്ക് സ്വാഗതം ചെയ്യട്ടെ.

സി. റ്റിസാ SABS- മാനന്തവാടി, സി. ലിന്റ CMC- നടവയൽ, സി. ബിൻസി SH- കൊട്ടിയൂർ, സി. റ്റെയ്സി SH- കൽപ്പറ്റ.

**മിഷൻഞായർ പിരിവ് തന്ന ശാഖകൾ**

കാരയ്ക്കാമല - 500, മണിമൂളി - 2500, മാനന്തവാടി T.C.- 250, ധർമ്മഗിരി - 100, മൂലങ്കാവ് - 100, വിമലഗിരി-200, ശിശുമല-500.

**കാണിക്ക തന്ന ശാഖകൾ**

മക്കിയാട്-400, കരിമ്പിൽ-200, കൊട്ടിയൂർ-1000, ശാന്തിഗിരി-350, കൽപ്ര-2000, ചൂരൽമല-100, യവനാർകുളം-500, പട്ടാണികൂപ്പ്-300, ആലാറ്റിൽ-665, കേളകം-365, പനംചിറ-100, വിളമ്പുകണ്ടം -200, തരിയോട്-300, അടയ്ക്കാത്തോട്-515, തോണിച്ചാൽ-250, അമ്പലവയൽ -600, മാനന്തവാടി T.C.-150, എടപ്പെട്ടി-500, ധർമ്മഗിരി-486, മച്ചിക്കൊല്ലി-100, മരകാവ്-350, പുൽപ്പള്ളി-200, കൽപ്പറ്റ-600, ചിത്രഗിരി-100, നിരവിൽപുഴ-200, കല്ലുവയൽ-100, ജൂഡ്സ്മൗണ്ട്-100, പയ്യംപള്ളി-415, അമരക്കുനി-600, പാൽച്ചുരം - 250, പഴൂർ - 200, മീനങ്ങാടി - 150, വലിയകൊല്ലി-158, ചുങ്കക്കുന്ന്-500, ചുള്ളിയോട്-50, വിമലഗിരി-530, സീതാമൗണ്ട്-200, ശിശുമല-100, പേരിയ-470, ആടിക്കൊല്ലി-500, കണിയാരം-800, കുറുമണി-305.

**ശാഖാവാർത്തകൾ**

*കരിമാനി* - കോളയാട് സ്നേഹഭവൻ സന്ദർശിച്ച് വസ്ത്രവിതരണം നടത്തി.

*ആലാറ്റിൽ* - മിഷൻഗ്രാമമായ മാലിക്കെടിക്ക് 400 രൂപ സംഭാവന നൽകി.

*കേളകം, പൂളപ്പാടം, പാൽച്ചുരം, വൈത്തിരി, കൊളവയൽ, പുൽപ്പള്ളി, കണിയാരം, വെള്ളമുണ്ട* - എന്നീ ശാഖകളിൽ ക്രിസ്റ്റീൻ ധ്യാനം നടത്തി.

*മരകാവ്* - കടുകുമണി മിഷൻ ക്വിസ്സിൽ 8 കുട്ടികൾ പങ്കെടുത്തു.

*തവിഞ്ഞാൽ, മുതിരേരി* - ശാഖകളിൽ ഏകദിന സെമിനാർ നടത്തി.

*പനവല്ലി* - സിമിത്തേരി സന്ദർശനം നടത്തി.

*പഴൂർ* - പാവപ്പെട്ട ഒരു കുടുംബത്തിന് വസ്ത്രവിതരണം നടത്തി.

*കടൽമാട്* - സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒരു വിദ്യാർത്ഥിക്ക് വിദ്യാഭ്യാസ സഹായമായി 1000 രൂപ നൽകി.

*നരിവാലമുണ്ട* - ബഹു. ഡയറക്ടറച്ചന് സെന്റോഫ് നൽകി.

*ബത്തേരി* - ശാഖാ വൈസ് ഡയറക്ടറച്ചന് സെന്റോഫ് നൽകി.

*പുൽപ്പള്ളി* - 5000 രൂപ കൊണ്ട് പുത്തൂർവയലിലുള്ള അനാഥ ശാല യിലെ കുട്ടികൾക്ക് പഠനോപകരണങ്ങൾ വാങ്ങിക്കൊടുത്തു.

*ആടിക്കൊല്ലി* - ഏകദിന പ്രസംഗപരിശീലനം നടത്തി. തോമസ് കല്ലറ യ്ക്കൽ, ഫാ. ഡൊമിനിക് വളകൊടിയിൽ, ബിനു മാങ്കൂട്ടം എന്നിവർ നേതൃത്വം നൽകി.

**മേഖലാവാർത്തകൾ - ബത്തേരി**

മേഖലാ ഡയറക്ടറച്ചനായ ഷൈജു അച്ചന് യാത്രയയപ്പ് നൽകി. മിഷൻഗ്രാമമായ കളാര ഗ്രാമം സന്ദർശിച്ചു. മേഖല വാർഷിക മാനേ ജിംഗ് കമ്മറ്റി നടത്തി.

പ്രിയമുള്ളവരെ,

നാം ആരംഭിച്ചുകഴിഞ്ഞു. “ക്രിസ്തുവിന്റെ ഹൃദയവുമായി പ്രേഷിത വീഥിയിൽ” എന്ന ബോധ്യം ഹൃദയത്തിൽ സ്വീകരിച്ച് പ്രവർത്തനപാതയിലൂടെ മുന്നേറാൻ... നാം സജ്ജമായി... “നിങ്ങൾ ലോകമെങ്ങും പോയി എന്റെ സുവിശേഷം പ്രസംഗിക്കുവിൻ” എന്ന വചനം നമ്മുടെ മനസ്സിലുണ്ടായിരിക്കട്ടെ. നമുക്കാവുന്ന വിധത്തിൽ പ്രേഷിത പ്രവർത്തനങ്ങൾ ചെയ്ത്... പ്രാർത്ഥിച്ച്... സഹായിച്ച് കൊച്ചു പ്രേഷിതരാകാം. എല്ലാവർക്കും എല്ലാവിധ ആശംസകളും നേർന്നു കൊണ്ട്

മിഷൻ അഭിവാദനങ്ങളോടെ,

**ബിനു മാങ്കൂട്ടത്തിൽ,** സി.എം.എൽ. രൂപതാ സെക്രട്ടറി

# കെ. സി. വൈ. എം.

പ്രിയ യുവജനസുഹൃത്തുക്കളെ,

യുവജനദിനാഘോഷത്തിന്റെ നന്മകൾ നിറഞ്ഞ ജൂലൈ മാസത്തിലേയ്ക്ക് നാം പ്രവേശിക്കുമ്പോൾ എന്റെ പ്രിയപ്പെട്ട യുവജന സുഹൃത്തുക്കൾക്കെല്ലാവർക്കും സ്നേഹപൂർവ്വം യുവജന ദിനാശംസകളും ദൈവാനുഗ്രഹങ്ങളും നേരുന്നു. ഓരോ യുവജനദിനവും ഓരോ ഓർമ്മപ്പെടുത്തലാണ്. നമ്മെക്കുറിച്ച്, നമ്മുടെ ശക്തിയെക്കുറിച്ചുള്ള തിരിച്ചറിവിലേക്ക് വരുമ്പോൾ ഈ യുവജനദിനം നമ്മെ സഹായിക്കട്ടെ. യുവജനം നാടിന്റെ കരുത്താണ്. സഭയുടെ നട്ടെല്ലാണ്, സമൂഹത്തിന്റെ മുഖ്യധാരാപഥമാണ്. ഈ തിരിച്ചറിവിൽ നിന്നുകൊണ്ട് യുവാവായ ക്രിസ്തുവിനെ അടുത്തനുകരിച്ചുകൊണ്ട് സമൂഹ നന്മയ്ക്കായ് യത്നിക്കുവാൻ ഈ യുവജനദിനം നമ്മെ ഓർമ്മപ്പെടുത്തുന്നു. ഓരോ യൂണിറ്റിലും ഇടവകയിലെ മുഴുവൻ യുവജനങ്ങളും, ദൈവജനം മുഴുവനും ചേർന്ന് ഈ വർഷത്തെ യുവജനദിനം സമുചിതമായി ആഘോഷിക്കുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു.

സ്നേഹപൂർവ്വം,

**ടോമിയച്ചൻ**

## പിതാവിനോടൊപ്പം

മാനന്തവാടി രൂപത കെ.സി.വൈ.എം. പ്രസ്ഥാനത്തിന്റെ ഡയറക്ടറായി ചാർജ്ജെടുത്ത ബഹു. ടോമി പുത്തൻപുരയ്ക്കൽ അച്ചനോടൊപ്പം രൂപതാ സെക്രട്ടറിയേറ്റ് അംഗങ്ങൾ മാനന്തവാടി രൂപതാ ബിഷപ്പ് മാർ ജോസ് പൊരുന്നേടം പിതാവിനെ സന്ദർശിക്കുകയും ആശയങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു. എല്ലാ പ്രവർത്തനങ്ങൾക്കും പിന്തുണയും അനുഗ്രഹവും തന്ന പിതാവിന് രൂപത കെ.സി.വൈ.എം. നന്ദിയർപ്പിക്കുന്നു.

**EFL പദ്ധതിക്കെതിരെ**

വയനാട് ജില്ലയിലെ കാർഷിക മേഖലകൾ ഉൾപ്പെട്ട പ്രദേശങ്ങളെ പരിസ്ഥിതി ദുർബലമേഖലയായി പ്രഖ്യാപിക്കുക വഴി കർഷകരെ വീണ്ടും ദുരിതത്തിലേയ്ക്ക് തള്ളി വിടാനുള്ള ചില കേന്ദ്രങ്ങളുടെ നടപടിക്കെതിരെ കെ.സി.വൈ.എം. മാനന്തവാടി രൂപത എം.ഐ. ഷാനവാസ് എം.പി. യ്ക്ക് നിവേദനം നൽകുകയും പത്രവാർത്തകളിലൂടെ പ്രതികരിക്കുകയും ചെയ്തു. തുടർന്ന് വരും കാലങ്ങളിൽ ഉണ്ടാകുവാനിരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവാൻമാരാക്കാൻ പോസ്റ്റർ പ്രചരണവും വിശദീകരണ പരിപാടികളും രൂപത കെ.സി.വൈ.എം.-ന്റെ നേതൃത്വത്തിൽ നടന്നു.

## Director's Training - Bangalore

ജൂൺ 1 മുതൽ 10 വരെ ബാംഗ്ലൂരിൽ വച്ച് നടന്ന ഡയറക്ടേഴ്സിനുവേണ്ടിയുള്ള ട്രയിനിംഗ് (CAT) പ്രോഗ്രാമിൽ കെ.സി.വൈ.എം. രൂപതാ ഡയറക്ടർ റവ.ഫാ. ടോമി പുത്തൻപുരയ്ക്കൽ പങ്കെടുത്തു.

**അഭിനന്ദനങ്ങൾ**

സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പായി തെരഞ്ഞെടുക്കപ്പെട്ട അഭിവന്ദ്യ ജോർജ് ആലഞ്ചേരി പിതാവിന് കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ പ്രാർത്ഥനാനിർഭരമായ ആശംസകൾ. പിതാവിന്റെ സ്ഥാനാരോഹണ ചടങ്ങിൽ മാനന്തവാടി കെ.സി.വൈ.എം. പ്രസ്ഥാനത്തെ പ്രതിനിധീകരിച്ച് രുപതാ ട്രഷറർ ജിതേഷ് മുളയ്ക്കക്കുന്നേൽ പങ്കെടുത്തു.

**'ആത്മജ്വാല 2011' - പന്തക്കുസ്താ ജാഗരണ പ്രാർത്ഥന**

പ്രവർത്തനങ്ങളിൽ ധാർമ്മികതയും ഊർജ്ജവും ശക്തിയും നേടുവാൻ മാനന്തവാടി രൂപതയിലെ യുവജനങ്ങൾ ഒരുരാവ് മുഴുവൻ തമ്പുരാനോടൊത്ത് ചിലവഴിക്കുന്ന ജാഗരണ പ്രാർത്ഥന 'ആത്മജ്വാല -2011' ജൂൺ 11-ന് മരക്കടവ് സെന്റ് ജോസഫ്സ് ദേവാലയത്തിൽ വച്ച് നടന്നു. ത്യാഗപൂർവ്വം നിയോഗങ്ങൾ സമർപ്പിച്ച് സ്തുതിഗീതങ്ങളുടെ മദ്ധ്യേ തീക്ഷ്ണതയോടെ പ്രാർത്ഥിച്ച് ആത്മാവിന്റെ ശക്തിനേടി പരസ്നേഹത്തിന്റെ വക്താക്കളായി കർമ്മോത്സുകരാകുവാൻ ആത്മജ്വാല ജാഗരണ പ്രാർത്ഥന യുവജനങ്ങളെ ഏറെ സഹായിച്ചു.

മാനന്തവാടി രൂപത പ്രോട്ടോസിഞ്ചെല്ലൂസ് മോൺ മാത്യു മാടപ്പള്ളിക്കുന്നേൽ ആത്മജ്വാല 2011 ഉദ്ഘടനം ചെയ്തു. രൂപതാ പ്രസിഡന്റ് സജിൻ ജോസ് ചാലിൽ അദ്ധ്യക്ഷനായിരുന്നു. പുൽപ്പള്ളി മേഖലാ ഡയറക്ടർ റവ.ഫാ. ജിമ്മി ഓലിക്കൽ വചനപ്രതിഷ്ഠ നടത്തി. രൂപതാ ഡയറക്ടർ റവ.ഫാ. ടോമി പുത്തൻപുരയ്ക്കൽ, മരക്കടവ്

ഇടവക വികാരി റവ.ഫാ. ജോർജ് കിഴക്കുംപുറം, ജനറൽ സെക്രട്ടറി ഷംജിത്ത് ചേലയ്ക്കൽ, സെക്രട്ടറി ആന്റണി മങ്കടപ്ര, മരക്കടവ് യൂണിറ്റ് പ്രസിഡന്റ് റിസിൽ എന്നിവർ പ്രസംഗിച്ചു. പുൽപ്പള്ളി ടൗൺ ചർച്ച് വികാരി റവ.ഫാ. ജോൺ പുതുക്കുളം, പടമല ഇടവക വികാരി റവ. ഫാ. സണ്ണി മഠത്തിൽ, ജോർജ് മാതാളിക്കുന്നേൽ, കുര്യൻ പറയിടം, ജോസ് കുഴിവേലിൽ എന്നിവർ ജാഗരണ പ്രാർത്ഥന നയിച്ചു. മരക്കടവ് ഇടവഗാംഗങ്ങളും വിവിധ യൂണിറ്റുകളിൽ നിന്നും എത്തിയ യുവജന ങ്ങളും അടക്കം 400-ൽ അധികം പേർ ജാഗരണ പ്രാർത്ഥനയിൽ പങ്കു ചേർന്നു. 12-ന് രാവിലെ രൂപതാ ഡയറക്ടർ റവ.ഫാ. ടോമി പുത്തൻപു രയ്ക്കൽ അർപ്പിച്ച ദിവ്യബലിയോടുകൂടി ജാഗരണ പ്രാർത്ഥന സമാ പിച്ചു. രൂപതാ ആനിമേറ്റർ സി. വിൻസിജോൺ FCC, ജിതേഷ്, ശ്രുതി, ലിജി, സൻസി, ബിനോയ് പാനികുളം, പ്രിൻസി, ഡിന്റോ തുടങ്ങിയ വർ നേതൃത്വം നൽകി. മരക്കടവ് യൂണിറ്റിനും, വികാരിയച്ചനും, ആനി മേറ്റർ സി. ലിസ്സി ജോസ് SCV യ്ക്കും പങ്കെടുത്ത, പ്രോത്സാഹനം നൽകിയ ഏവർക്കും നന്ദി.

### "ANIMA - 11"

മാനന്തവാടി രൂപത കെ.സി.വൈ.എം. നെ മാതൃസ്നേഹത്തിന്റെ നിറവിലും കരുതലിലും നയിക്കുന്ന യൂണിറ്റ്, മേഖല ആനി മേറ്റേഴ്സിന്റെ സംഗമം ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ജൂലൈ 9-ാം തീയതി രാവിലെ 10 മണിക്ക് ആരംഭിക്കും. എല്ലാ ആനിമേറ്റർമാരും നിർബന്ധമായും ഈ സംഗമത്തിൽ പങ്കെടുക്കണമെന്ന് സ്നേഹ പൂർവ്വം ഓർമ്മിപ്പിക്കുന്നു.

### യുവജനദിനം

ജൂലൈ 10-ാം തീയതി യുവജനദിനം യൂണിറ്റുകളിൽ സമുചിത മായി നടത്തുമല്ലോ. എല്ലാ യുവജനങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ട് യുവജനദിനം ഏറ്റവും മികച്ച രീതിയിൽ നടത്തുകയും റിപ്പോർട്ട് രൂപതാ ഓഫീസിൽ നൽകുകയും ചെയ്യുമല്ലോ.

### PEARL - 2011

രൂപതാ PEARL കലാമത്സരങ്ങൾ നടത്തുന്നതിനു മുമ്പായി യൂണിറ്റുകളിലും മേഖലകളിലും മത്സരങ്ങൾ നടത്തേണ്ടതുണ്ട്. യൂണിറ്റ്തല മത്സരങ്ങൾ നടത്തുന്നതിന് വേണ്ട ക്രമീകരണങ്ങൾ നട ത്തണമെന്ന് ഓർമ്മിപ്പിക്കട്ടെ.

### മേഖലാ വാർത്തകൾ - കൽപ്പറ്റ മേഖല

കൽപ്പറ്റ മേഖലയിലെ യൂണിറ്റുകളും മേഖലയും തമ്മിലുള്ള

സൗഹൃദം പുതുക്കുന്നതിന്റെ ഭാഗമായി മെയ് 8-ന് മേഖലയിലെ മുഴുവൻ യൂണിറ്റുകളും മേഖലാ ഭാരവാഹികൾ സന്ദർശനം നടത്തി. യൂണിറ്റുകളിലെ യുവജനങ്ങൾക്കുവേണ്ടി ലോഗോസ് ക്വിസ് മത്സരം നടത്തി. വിവിധ യൂണിറ്റുകളിൽ മേഖലാ ഭാരവാഹികൾ നേതൃത്വം നൽകി.

കൽപ്പറ്റ മേഖലയുടെ നേതൃത്വത്തിൽ മെയ് 15-ന് വൈത്തിരി താലൂക്ക് ഹോസ്പിറ്റൽ സന്ദർശിക്കുകയും ഹോസ്പിറ്റലിൽ അന്നേ ദിവസത്തെ ഭക്ഷണം വിതരണം ചെയ്യുകയും ചെയ്തു.

കൽപ്പറ്റ മേഖലയുടെ നേതൃത്വത്തിൽ നെടുംമ്പാല യൂണിറ്റിൽവച്ച് മെയ് 28 ന് വർക്ക് ക്യാമ്പ് നടത്തുകയും നെടുമ്പാല പള്ളി പണിക്കാവശ്യമായ സഹകരണങ്ങൾ മേഖലയുടെ നേതൃത്വത്തിൽ ചെയ്തുകൊടുക്കുകയും ചെയ്തു. വർക്ക് ക്യാമ്പിൽ പ്രത്യേകമായി സഹകരിച്ച നെടുമ്പാല യൂണിറ്റിന് പ്രത്യേകം നന്ദിയറിയിക്കുന്നു.

കൽപ്പറ്റ മേഖലയുടെ നേതൃത്വത്തിൽ ജൂൺ 16-ന് വൈത്തിരി സബ്ജയിൽ സന്ദർശിക്കുകയും തടവുകാരുമായി സൗഹൃദസംഭാഷണം നടത്തുകയും ചെയ്തു.

മേഖലയുടെ പ്രവർത്തനങ്ങളുമായി സഹകരിക്കുന്ന മുഴുവൻ യുവജനങ്ങൾക്കും കൽപ്പറ്റ മേഖല പ്രത്യേകമായി നന്ദിയറിയിക്കുന്നു.

**മാനന്തവാടി മേഖല**

മാനന്തവാടി മേഖലയുടെ നേതൃത്വത്തിൽ മേഖലാ ഭാരവാഹികളും യൂണിറ്റു ഭാരവാഹികളും 'സമരിറ്റൻ ഭവൻ' സന്ദർശിച്ചു. അവിടെയുള്ള അന്തേവാസികളുമായി സൗഹൃദസംഭാഷണം നടത്തുകയും ഭവനവും പരിസരവും വൃത്തിയാക്കുകയും ഉച്ചഭക്ഷണം (ബിരിയാണി) നൽകുകയും ചെയ്തു. കൂടാതെ ട്രൈബൽ ഹോസ്റ്റലിലും ഭക്ഷണം നൽകി. മേഖലാ കോർഡിനേറ്ററായ ബിനു പൊട്ടക്കലിന്റെ വിവാഹ ചടങ്ങിൽ എല്ലാവരും പങ്കെടുത്തു. മേഖലാ സിൻഡിക്കേറ്റിൽ യൂണിറ്റുകളുടെ പ്രവർത്തന റിപ്പോർട്ടുകൾ വിശകലനം ചെയ്തു. കഴിഞ്ഞ മാസങ്ങളിലെ ജയപരാജയങ്ങൾ ചർച്ചചെയ്യുകയും പുതിയ തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

**വൈത്തിരി യൂണിറ്റ്**

ലോക പരിസ്ഥിതിദിനത്തോടനുബന്ധിച്ച് വൈത്തിരി യൂണിറ്റ് അംഗങ്ങൾ NH 212 നോട് ചേർന്നുള്ള ക്വാറി പരിസരത്തെ മാലിന്യങ്ങൾ നീക്കം ചെയ്യുകയും പള്ളിമുറ്റത്ത് അലങ്കാരചെടികൾ നട്ടുപിടിപ്പിക്കുകയും ചെയ്തു. നിർദ്ധരരും പാവങ്ങളുമായ കുട്ടികൾക്ക് നോട്ട് ബുക്കുകളും കുടകളും ജ്യോമട്രി ഉപകരണങ്ങളും വിതരണം ചെയ്ത് മദ്ധ്യവേനലവധിക്കുശേഷമുള്ള യൂണിറ്റ് പ്രവർത്തനങ്ങൾ ആരംഭിച്ചു. യൂണിറ്റ് പ്രവർത്തനങ്ങൾക്ക് പ്രസിഡന്റ് ജോബിൻ ജോർജ്ജ്,

റവ. ഫാ.ബിനു പൈനുങ്കൽ, സി. ലൂസി തറപ്പത്ത്, ജോർജ്ജ്, അനുഗ്രഹ് തുടങ്ങിയവർ നേതൃത്വം നൽകി.

## പ്രശാന്തഗിരി യൂണിറ്റ്

കെ.സി.വൈ.എം. പ്രശാന്തഗിരി യൂണിറ്റിന്റെ നേതൃത്വത്തിൽ 'തനിമ-2011' എന്ന പേരിൽ യുവജനക്യാമ്പ് സംഘടിപ്പിച്ചു. 63 അംഗങ്ങൾ ക്യാമ്പിൽ പങ്കെടുത്തു. പ്രഗത്ഭരായ അധ്യാപകരുടെ ക്ലാസ്സുകൾ മുഴുവൻ യുവജനങ്ങൾക്കും പുതിയ അനുഭവവും ആത്മബലവും നൽകി. മേഖലാടീമിനോടൊപ്പം സമരിറ്റൻഭവൻ സന്ദർശനത്തിൽ പ്രശാന്തഗിരി യൂണിറ്റിൽ നിന്നും 6 അംഗങ്ങൾ പങ്കെടുത്തു.

## പേര്യ യൂണിറ്റ്

ഇടവകയുടെ എല്ലാ പ്രവർത്തനങ്ങളിലും കെ.സി.വൈ.എം. അംഗങ്ങൾ സഹകരിച്ചുവരുന്നു. 14-ാം തീയതി നടന്ന ജാഗരണ പ്രാർത്ഥനയിൽ യുവജനങ്ങൾ പങ്കെടുത്തു. ലോകപരിസ്ഥിതി ദിനത്തോട് അനുബന്ധിച്ച് ആഗോളതാപനം ചെറുക്കാനും പ്രകൃതിയോടുള്ള സ്നേഹം ചൂണ്ടിക്കാണിക്കുവാനുമായി കെ.സി.വൈ.എം. പേര്യ യൂണിറ്റ് 5-6-2011 ന് ഇടവകയിൽ വൃക്ഷതൈകൾ നട്ടു. ഇടവകയിലെ മുഴുവൻ യുവജനങ്ങളും അതിൽ പങ്കുചേർന്നു.

## ആലാറ്റിൽ യൂണിറ്റ്

കെ.സി.വൈ.എം. ആലാറ്റിൽ യൂണിറ്റ് എല്ലാ മാസവും രണ്ടാമത്തെ വെള്ളിയാഴ്ച നടത്തിവരുന്ന ജാഗരണ പ്രാർത്ഥന ജൂൺമാസം 10-ാം തീയതി നടത്തി. യൂണിറ്റിലെ യുവജനങ്ങൾ എല്ലാവരും തന്നെ പങ്കെടുത്തു. യൂണിറ്റിന് ഫണ്ട് സ്വരൂപിക്കുവാൻവേണ്ടി പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും ഫണ്ട് സ്വരൂപിക്കുകയും ചെയ്തു. ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കെ.സി.വൈ.എം. ആലാറ്റിൽ യൂണിറ്റ് കഴിഞ്ഞ വർഷങ്ങളിൽ റോഡ് സൈഡിൽ നട്ടുവളർത്തിയ തണൽ മരങ്ങൾക്ക് വേണ്ട പരിചരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. ഡയറക്ടറായി ചാർജ്ജെടുത്ത പുതിയ ഇടവക വികാരി റവ.ഫാ. വിൻസെന്റ് കൊരട്ടിപ്പറമ്പിലച്ചന് കെ.സി.വൈ.എം. ആലാറ്റിൽ യൂണിറ്റ് സ്വീകരണം നൽകുകയും കെ.സി.വൈ.എം. യൂണിറ്റ് പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിക്കുകയും ചെയ്തു. മീറ്റിംഗിൽ യൂണിറ്റ് പ്രസിഡന്റ് ജിൻസ് പടിഞ്ഞാറെയിൽ, ആനിമേറ്റർ സി. ഫിൽസി, ഷംജിത്ത് ചേലയ്ക്കൽ, അനു തേനാലിൽ യൂണിറ്റ് ഭാരവാഹികൾ തുടങ്ങിയവർ സംസാരിച്ചു.

സ്നേഹത്തോടെ,

**ഷംജിത്ത് ചേലയ്ക്കൽ**
ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സുകൾ**

ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് മെയ് 21 മുതൽ 24 വരെ നടന്ന കോഴ്സിൽ 93 പേരും മെയ് 29 മുതൽ ജൂൺ 01 വരെ നടന്ന കോഴ്സിൽ 96 പേരും പങ്കെടുത്തു. കോഴ്സിന്റെ വിജയത്തിനായി യത്നിച്ച എല്ലാ വൈദികരെയും കുടുംബപ്രേഷിതത്വ ടീം അംഗങ്ങളെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

**അടുത്ത മാസങ്ങളിലെ കോഴ്സുകൾ**

| | | |
|---|---|---|
| ജൂലൈ 15-18 | - | പാസ്റ്ററൽ സെന്റർ ദ്വാരക |
| ആഗസ്റ്റ് 12-15 | - | പാസ്റ്ററൽ സെന്റർ ദ്വാരക |
| ആഗസ്റ്റ് 26-29 | - | പാസ്റ്ററൽ സെന്റർ മണിമൂളി |

**പ്രത്യേക ശ്രദ്ധയ്ക്ക്**

ആഗസ്റ്റ് 26 തുടങ്ങി 29 വരെ മണിമൂളി പാസ്റ്ററൽ സെന്ററിൽ നടക്കുന്ന കോഴ്സിനെക്കുറിച്ച് മണിമൂളി, നിലമ്പൂർ, നിലഗിരി പ്രദേശങ്ങളിലെ ഇടവകകളിൽ നേരത്തെ തന്നെ വിളിച്ചുപറയുമല്ലോ. ഈ പ്രദേശങ്ങളിൽ കോഴ്സ് കൂടാൻ ആഗ്രഹിക്കുന്നവരോട് 26-29 ന്റെ കോഴ്സിൽ സംബന്ധിക്കുവാൻ ഓർമ്മിപ്പിക്കുമല്ലോ.

**സ്നേഹപൂർവ്വം ഞങ്ങളുടെ ജോഷി അച്ചന്**

രൂപതയുടെ കുടുംബപ്രേഷിതത്വത്തിന് കഴിഞ്ഞ വർഷങ്ങളിൽ നിർലോഭമായി ചെയ്ത സഹായസഹകരണങ്ങൾക്ക് നന്ദി, 6 വർഷം വലം കൈയായി പ്രവർത്തിച്ച ജോഷിയച്ചന് കുടുംബപ്രേഷിതത്വം നന്ദി നിറഞ്ഞ മനസ്സോടെ യാത്രയയപ്പ് നൽകി. ജൂൺ 14 ന് പ്രത്യേക മീറ്റിംഗ് കൂടി അച്ചനെ അനുമോദിക്കുകയും അഭിനന്ദനങ്ങൾ അറിയിക്കുകയും

ചെയ്തു. കുടുംബപ്രേഷിതത്വ പ്രവർത്തനങ്ങളെ ഊർജ്ജസ്വലമാക്കാൻ നൽകിയ പ്രോത്സാഹനത്തിനും; കുടുംബപ്രേഷിതത്വം, ബൈബിൾ അപ്പോസ്റ്റലേറ്റ്, മാതൃസംഘടന, മരിയൻ സിംഗിൾസ് എന്നീ പ്രസ്ഥാനങ്ങളുടെ കൃതജ്ഞത അറിയിക്കുന്നു.

## സ്നേഹത്തോടെ...പ്രതീക്ഷയോടെ...സുസ്വാഗതം

രൂപതയുടെ കുടുംബപ്രേഷിതത്വത്തിന് ശക്തമായ പിൻതുണ നൽകാൻ, ഡെന്നീസച്ചനോടുകൂടി പ്രവർത്തിക്കാൻ എത്തിയ അസി. ഡയറക്ടർ ബഹു. ബിനു വടക്കേലച്ചന് ഹൃദ്യമായ സ്വാഗതവും, ആശംസകളും, പ്രവർത്തന പന്ഥാവിൽ എല്ലാ വിജയങ്ങളും കുടുംബപ്രേഷിതത്വത്തിന്റെ കീഴിലുള്ള എല്ലാ സംഘടനകളും ഏറ്റം സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

## കത്തോലിക്കാ മാതൃസംഘടന

14 ന് രൂപതാ ഡയറക്ടർ ബഹു. ഡെന്നീസച്ചന്റെ നേതൃത്വത്തിൽ പ്രസിഡന്റ് മോളി കരിമ്പനാക്കുഴിയുടെ അദ്ധ്യക്ഷതയിൽ രൂപതയിലെ ഫൊറോനയിലെ ബഹു. ഡയറക്ടർമാരും, ആനിമേറ്റേഴ്സും, വനിതാ കമ്മീഷൻ സെക്രട്ടറിമാരും, മാതൃസംഘടനയിലെ എക്സിക്യൂട്ടീവ് അംഗങ്ങളും സംയുക്തമായി യോഗം ചേർന്നു. ഡെന്നീസച്ചൻ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. തുടർന്ന് വനിതാകമ്മീഷൻ അംഗങ്ങളെ പരിചയപ്പെടുത്തി. ചർച്ചചെയ്യപ്പെടേണ്ട വിഷയങ്ങൾ ഡെന്നീസച്ചൻ അവതരിപ്പിച്ചു. മേഖലാതലത്തിൽ വനിതാസംഗമം നടത്തുന്നതിക്കുറിച്ചും ലോഗോസ് ക്വിസിനെക്കുറിച്ചും സാഹിത്യമത്സരങ്ങൾ ശാഖാ, മേഖല, രൂപതാ എന്നീ തലങ്ങളിൽ നടത്തുന്നതിനെക്കുറിച്ചും ചർച്ച നടന്നു. ചർച്ചയിൽ എല്ലാവരും സജീവമായി പങ്കെടുത്തു. മീറ്റിംഗിൽ മാതൃസംഘടനയെ, കുടുംബങ്ങളെ കൂടുതൽ ശക്തമാക്കാനുള്ള നിർദ്ദേശങ്ങൾ ചർച്ചചെയ്യപ്പെട്ടു. ചർച്ചകളുടെ വെളിച്ചത്തിൽ എല്ലാ ഇടവകയിലും നടപ്പാക്കാവുന്ന പദ്ധതി നിർദ്ദേശങ്ങൾ ഇടവകവികാരിമാരുടെയും CMA ആനിമേറ്റേഴ്സിന്റെയും, CMA എക്സിക്യൂട്ടീവിന്റെയും സത്വര ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നു.

1. ഇടവക മാതൃസംഘടനയിൽ ഇടവകയിലെ എല്ലാ അമ്മമാരും ഉൾകൊള്ളുന്ന ഒരു ശക്തികേന്ദ്രമായി തീരുക എന്ന ലക്ഷ്യത്തോടെ പദ്ധതികൾ പ്ലാൻ ചെയ്യണം.
2. ഒരു ആത്മീയ ശക്തിയായി മാതൃസംഘം മാറണം.
3. മാതൃസംഘടന എക്സിക്യൂട്ടീവിന് പുറമെ എല്ലാ വാർഡുകളിൽ

നിന്നും ഒന്നോ/ രണ്ടോ അമ്മമാരെകൂടി ഉൾപ്പെടുത്തികൊണ്ട് ഒരു മാതൃസംഘടനാ ആലോചനാ സമിതിയ്ക്ക് രൂപംകൊടുക്കുന്നത് ഏറ്റം നല്ലതാണ്.

4. മാതൃസംഘടനയോടൊപ്പം പിതൃവേദികൂടി രൂപപ്പെട്ടുവരാൻ ഇടവക വികാരിമാരുടെ പ്രത്യേക ശ്രദ്ധ ആവശ്യമാണ്.
5. വർഷത്തിൽ ഒന്നോ/ രണ്ടോ പ്രാവശ്യമെങ്കിലും മാതാപിതാക്കൾക്ക് സെമിനാറുകൾ നൽകേണ്ടതാണ്.
6. വിവാഹശേഷം ഒന്നു മുതൽ അഞ്ചുവരെ വർഷങ്ങളിലുള്ള മാതാപിതാക്കൾക്ക്, പ്രത്യേകിച്ച് അമ്മമാർക്ക് കുടുംബജീവിതബന്ധിയായ സെമിനാറുകൾ ഏറ്റം ആവശ്യമാണ്.
7. മാതാപിതാക്കൾക്കുള്ള ക്ലാസുകൾ, മാതാപിതാക്കൾക്കുള്ള സെമിനാറുകൾ, മാതൃസംഘടനാപ്രവർത്തനങ്ങൾ എന്നിവയൊക്കെ ഇടവകാസമൂഹത്തെ രൂപപ്പെടുത്തുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി, പരസ്പരപൂരകങ്ങളായി കാണാനും, പരിഗണിക്കാനും ഇടവരണം. ഈ പ്രവർത്തനങ്ങളിലെല്ലാം കുടുംബങ്ങളുടെ മദ്ധ്യസ്ഥയായ പരി. അമ്മ നമുക്ക് എപ്പോഴും തുണയായി ഉണ്ടാകട്ടെ എന്ന് പരസ്പരം ആശംസിക്കാം, പ്രാർത്ഥിക്കാം.

ചർച്ചകൾക്കും തീരുമാനങ്ങൾക്കും ശേഷം ശ്രീമതി കത്രിക്കുട്ടി ഏവർക്കും നന്ദി പറഞ്ഞു. തുടർന്ന് ജോഷിയച്ചന്റെ സെന്റോഫ് നടന്നു. അച്ചന്റെ അഭാവത്തിൽ ബഹു. ഡെന്നീസച്ചൻ ജോഷിയച്ചനെക്കുറിച്ചും അദ്ദേഹത്തിന്റെ സേവനങ്ങളെക്കുറിച്ചും സംസാരിച്ചു. പിന്നീട് ഉച്ചഭക്ഷണത്തിനുശേഷം യോഗം പിരിഞ്ഞു.

## ഹൃദയപൂർവ്വം നന്ദി

മാനന്തവാടി രൂപത ഫാമിലി അപ്പോസ്റ്റലേറ്റിനെ ഫൊറോനകളിൽ സജീവമാക്കുന്നതിന് മുഖ്യ പങ്കുവഹിച്ച റവ. ഫാ. കുര്യാക്കോസ് കുമ്പിക്കൽ (മണിമൂളി), റവ. ഫാ. തോമസ് ഒറ്റപ്ലാക്കൽ (പയ്യമ്പള്ളി), റവ. ഫാ. തോമസ് മണക്കുന്നേൽ (മാനന്തവാടി), റവ. ഫാ. അഗസ്റ്റ്യൻ താന്നിയിൽ (കല്ലോടി), സി. ടെസി SKD (നീലഗിരി റീജിയൻ) എന്നിവർക്ക് രൂപതാ ഡയറക്ടർ ബഹു. ഡെന്നീസ് കഴുതാടിയിലച്ചനും, ടീം അംഗങ്ങളും നന്ദി അർപ്പിച്ചു. ഇവർക്ക് ഓരോരുത്തർക്കും പുത്തൻപ്രവർത്തന മേഖലകളിൽ എല്ലാവിധ വിജയങ്ങളും ആശംസിക്കുന്നു.

## ഫൊറോനകൾ സജീവമാക്കുക... സുസ്വാഗതം

ഫൊറോനകൾക്ക് ആത്മീയ നേതൃത്വം നൽകുന്നതിന് ഡയറ

ക്ടർമാരായി കടന്നുവന്നിരിക്കുന്ന റവ. ഫാ. ജെസ്റ്റിൻ മൂന്നാനാൽ (മണി മൂളി), റവ. ഫാ. സജി പുതുക്കുളങ്ങര (കല്ലോടി), റവ. ഫാ. അലക്സ് കളപ്പുര (മാനന്തവാടി) എന്നിവരെ മാനന്തവാടി രൂപതാ ഫാമിലി അപ്പോസ്റ്റലേറ്റ് ഏറ്റം സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു. പുതിയ പ്രവർത്തന പന്ഥാവിൽ എല്ലാവിധ ആശംസകളും പ്രാർത്ഥനകളും നേരുന്നു.

**പയ്യമ്പള്ളി മേഖല**

പയ്യമ്പള്ളി മേഖലാശാഖാ ഭാരവാഹികളുടെ മീറ്റിംഗ് മെയ് 11 ന് ചേർന്നു. കഴിഞ്ഞ നാലുവർഷമായി പയ്യമ്പള്ളി മേഖലയുടെ മാതൃ സംഘടന ഡയറക്ടറായി സ്തുത്യർഹമായ സേവനമനുഷ്ഠിച്ച ബഹു. തോമസച്ചൻ, അമ്മമാർക്ക് ബോധവൽക്കരണ ക്ലാസ്സുകളിലൂടെയും വചന സന്ദേശങ്ങളിലൂടെയും അറിവുപകരുകയും കലാസാംസ്കാരിക മേഖലകളിൽ ഏറെ പ്രോത്സാഹനങ്ങളും നൽകി നയിച്ച ബഹു. തോമസച്ചന് ഹൃദയത്തിൽ നിറഞ്ഞ നന്ദിയും ഭാവിപ്രവർത്തനവിജയങ്ങളും ആയുരാരോഗ്യവും സ്നേഹപൂർവ്വം നേരുന്നു.

**മാനന്തവാടി മേഖല**

28 ന് പോരൂർ പള്ളി ഓഡിറ്റോറിയത്തിൽ വെച്ച് മേഖല ഡയറക്ടർ ബഹു. തോമസ് മണക്കുന്നേലച്ചന്റെ നേതൃത്വത്തിൽ ചേർന്ന് മേഖല എക്സിക്യൂട്ടീവിന്റെയും ശാഖാ ആനിമേറ്റേഴ്സിന്റെയും സംയുക്ത യോഗത്തിന് പ്രസിഡന്റ് ശ്രീമതി മോളി കരിമ്പനാക്കുഴി സ്വാഗതമാശംസിച്ചു. തുടർന്ന് ലോഗോസ് ക്വിസ് 2011 ന്റെ മുന്നോടിയായി മേഖലയിൽ ജൂലൈ 31 ന് നടത്താനിരിക്കുന്ന ബൈബിൾ ക്വിസ് മത്സരത്തിന്റെ ക്രമീകരണങ്ങൾ ചർച്ചയിലൂടെ തീരുമാനിച്ചു. 2011 ന് ജൂലൈ 31 ഞായറാഴ്ച ഉച്ചയ്ക്ക് 12.30 അതാത് ശാഖകളിൽ വെച്ച് ബഹു. വികാരിയച്ചന്റെയും, ഹെഡ്മാസ്റ്റർമാരുടെയും, ആനിമേറ്ററുടെയും നേതൃത്വത്തിൽ നടത്തപ്പെടുമെന്ന് തീരുമാനിച്ചു. മേഖലയിലെ എല്ലാ ഇടവകകളിലും ചെയിൻ റോസറി നടത്തുന്ന കാര്യങ്ങളെക്കുറിച്ചും അച്ചൻ പറയുകയുണ്ടായി. യോഗത്തിന് അച്ചൻ നൽകിയ സന്ദേശത്തിൽ മനുഷ്യന്റെ ആരോഗ്യത്തിനും, പ്രകൃതിയ്ക്കും ദോഷം ചെയ്യുന്ന പ്ലാസ്റ്റക്കിന്റെ ഉപയോഗം കുറച്ച് ഓരോ ഇടവകയും, ഭവനവും പ്ലാസ്റ്റിക് നിർമ്മാർജ്ജനസ്ഥലങ്ങളായി മാറ്റുന്നതിൽ അമ്മമാരും, ബഹു. സിസ്റ്റേഴ്സ് മുൻകൈയെടുത്ത് പ്രവർത്തിക്കണമെന്ന് അച്ചൻ ഓർമ്മപ്പെടുത്തി. എക്സിക്യൂട്ടീവ് അംഗം ഷീജ മറ്റത്തിലാനി യോഗത്തിന് നന്ദി പറഞ്ഞു.

**മണിമൂളി മേഖല**

24 ന് ചുങ്കത്തറ FCC കോൺവെന്റിൽ വെച്ച് മേഖലാ ഡയറക്ടർ ബഹു. കുര്യക്കോസ് അച്ചന്റെ അദ്ധ്യക്ഷതയിൽ മേഖലാ എക്സിക്യൂട്ടീവ് ചേരുകയുണ്ടായി. മാർച്ച് മാസം കൂടിയ എക്സിക്യൂട്ടീവ് മീറ്റിംഗിൽ ശാഖാ സന്ദർശനം നടത്തുവാൻ തീരുമാനിച്ചിരുന്നു. അതനുസരിച്ച് ഏപ്രിൽ 16-ാം തീയതി ഞാറപ്പാടം ശാഖാ സന്ദർശനം നടത്തുകയുണ്ടായി. ജൂൺ 8-ാം തീയതി പാലാങ്കര ശാഖാ സന്ദർശനം നടത്തുവാൻ തീരുമാനിച്ചു. തുടർന്ന് കഴിഞ്ഞ ഒരു വർഷം ഡയറക്ടറായി സേവനം ചെയ്ത ബഹു. കുര്യാക്കോസച്ചന് വൈസ് പ്രസിഡന്റ് ശ്രീമതി കത്രീന ജോസഫ് നന്ദി പറയുകയും തുടർന്നുള്ള അച്ചന്റെ എല്ലാ പ്രവർത്തനങ്ങൾക്കും പ്രാർത്ഥനയും വിജയങ്ങളും ആശംസിക്കുകയും ചെയ്തു. സെക്രട്ടറി നന്ദി പറഞ്ഞു യോഗം അവസാനിച്ചു.

**ഏലപ്പീടിക ശാഖ**

ഏലപ്പീടിക ഇടവകയിൽ ബഹു. സജി കൊച്ചുപാറയുടെ നേതൃത്വത്തിലും ആനിമേറ്റർ സി. ജോസ്നയുടെ സാന്നിധ്യത്തിലും മെയ് 03 -ന് എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. പ്രാർത്ഥനയോടെ ചേർന്ന യോഗത്തിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ വികാരിയച്ചനെ സ്വാഗതം ചെയ്തു. തുടർന്ന് റിപ്പോർട്ട്, കണക്ക് എന്നിവ അവതരിപ്പിച്ചു. വികാരിയച്ചൻ ചെറിയ സന്ദേശം നൽകി. കുടുംബത്തിന്റെയും, ഇടവകയുടെയും ചുക്കാൻ പിടിക്കാനും, നയിക്കാനും അമ്മമാർക്ക് സാധിക്കും അതിനുവേണ്ട പ്രവർത്തനങ്ങൾ സജീകരിക്കാനും പ്രവത്തിക്കാനും അതിനു വേണ്ട നേതൃത്വം കൊടുക്കാൻ എക്സിക്യൂട്ടീവിന് കഴിയണം. മേഖലയുടെ നിർദ്ദേശമനുസരിച്ച് ശാഖയിൽ ചെയിൻ റോസറി നടത്തി പ്രാർത്ഥിച്ചു.

**പോരൂർ ശാഖ**

മെയ് 27 ന് ഇടവകയിലെ എല്ലാ മാതാക്കളും ബഹു. തോമസ് മണക്കുന്നേലച്ചന്റെ നേതൃത്വത്തിൽ ഒരുമിച്ചുകൂടി. ശാഖാ സെക്രട്ടറി ശ്രീമതി ലില്ലി ചിറമുഖം എല്ലാവരേയും സ്വാഗതം ചെയ്തു. പ്രസ്തുത മീറ്റിംഗിൽ റവന്യു ഡീജെപി ജൂനിയർ ഓഫീസർ ശ്രീമതി മേഴ്സി ആര്യപ്പള്ളി മാതാക്കളോട് സംസാരിച്ചു. മാധ്യമങ്ങളുടെ അതിപ്രസരണം ഏറെ വർദ്ധിച്ചിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ വിശ്വാസത്തിൽ നിന്നു വ്യതിചലിക്കാതെ കാലത്തിന്റെ ചുവരെഴുത്തുകൾ മനസ്സിലാക്കി മൂല്യച്യുതി സംഭവിക്കാതെ തങ്ങളുടെ മക്കളിൽ എപ്രകാരമാണ്

സ്വഭാവരൂപീകരണം നടത്തേണ്ടത് എന്നും പൊതുവേദികളിൽ സ്ത്രീകൾക്ക് ഏറെ സ്വാധീനം ചെലുത്തുവാൻ സാധിക്കുന്ന ഈ കാല ഘട്ടത്തിൽ നമ്മുടെ വിശ്വാസജീവിതത്തിന് മുൻതൂക്കം നൽകികൊണ്ട് തങ്ങളുടെ ജീവിത പ്രവർത്തനങ്ങൾ എങ്ങനെയായിരിക്കണമെന്നും വിശദീകരിച്ചു. 180 മാതാക്കൾ പങ്കെടുത്തു. ശാഖാ പ്രസിഡന്റ് ശ്രീമതി മോളി കരിമ്പനാക്കുഴി എല്ലാവർക്കും നന്ദി പറഞ്ഞു. ലഘുഭക്ഷണ ത്തിനുശേഷം എല്ലാവരും ദിവ്യബലിയിൽ സംബന്ധിച്ചു പിരിഞ്ഞു.

**കരണി ശാഖ**

കരണി ശാഖയിലെ മാതൃസംഘത്തിന്റെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി മെയ് 29-ാം തീയതി ആനിമേറ്റർ സി. ജെസ്ന SABS ന്റെ നേതൃത്വത്തിൽ അമ്മമാർ കാര്യമ്പാടിയിൽ മാനസിക രോഗികളെ സംരക്ഷിക്കുന്ന സ്ഥാപനമായ 'നവജീവൻ' സന്ദർശിക്കുകയും അവരുമായി സൗഹൃദ സംഭാഷണം നടത്തുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും 2000 രൂപ സമാഹരിച്ച് നൽകു കയും ചെയ്തു. ജൂൺ 5-ാം തീയതി അമ്മമാർ രണ്ട് രോഗികളുടെ ഭവ നങ്ങൾ സന്ദർശിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.

**മരിയൻ സിംഗിൾസ്**

14 ന് ഡയറക്ടറിന്റെയും, സി. മരീനയുടെയും നേതൃത്വത്തിൽ ഏകസ്ഥ കൂട്ടായ്മ നടന്നു. 12 പേർ പങ്കെടുത്തു. അടുത്ത മീറ്റിംഗ് ജൂലൈ 19 ന് 10 മണിക്ക്.

**റവ. ഫാ. ഡെന്നീസ് കഴുതാടിയിൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സിയോൻ വാർത്തകൾ

**സോണൽ മീറ്റിംഗ്**

2011 ജൂൺ 2 ആദ്യവെള്ളി 66 ശുശ്രൂഷകർ സോണൽ മീറ്റിംഗിൽ സംബന്ധിച്ചു. സിയോൻ ചാപ്പലിൽ 10 മണിക്ക് ആരാധന ആരംഭിച്ചു. ശ്രീമതി പെണ്ണമ്മ കണ്ണൻചിറ ജപമാലയും ശ്രീ. ജോസ് തേനംമാക്കൽ ആരാധനയും നയിച്ചു. 11.30 ന് ശ്രീ. പൈലി തുറപ്പാട്ട് "സ്നേഹം" എന്ന വിഷയത്തെപ്പറ്റി വചനം പങ്കു വച്ചു. ദൈവത്തിന്റെ സ്നേഹം വ്യവസ്ഥകൾ ഇല്ലാത്തതാണ്. സ്വയം സ്നേഹത്തിന്റെ തടവറയിൽ നിന്നും പുറത്തു കടന്നാലേ മറ്റുള്ളവരെ സ്നേഹിക്കാനും ശുശ്രൂഷിക്കാനും പറ്റൂ. മറ്റുള്ളവർക്ക് അത്താണിയായി നാം വർത്തിക്കണം. 12 മണിക്ക് ബഹു. ജോർജ്ജ് മേമനയച്ചൻ വി. ബലി അർപ്പിച്ചു. 20 വർഷക്കാലം സിയോൻ കൗൺസിലറായി ശുശ്രൂഷ ചെയ്ത് 15-5-2011 നിര്യാതനായ ശ്രീ. ഔസേപ്പച്ചൻ വള്ളിക്കാവുങ്കലിനുവേണ്ടിയാണ് സിയോൻ ശുശ്രൂഷകർ എല്ലാവരും ചേർന്ന് ബലിയർപ്പിച്ച് പ്രാർത്ഥിച്ചത്. ബഹു. പാറയിലച്ചൻ ഔസേപ്പച്ചൻ ചേട്ടനെ പറ്റി മനോഹരമായ സന്ദേശം നൽകി. സഹനത്തിലൂടെ അഗ്നിശുദ്ധിവരുത്തി തന്റെ ജീവിതം കർത്താവിന് സമർപ്പിച്ചു. ആത്മാവിൽ നിന്നും വിശ്വാസത്തിൽ നിന്നും ഉറവുപൊട്ടിയ നിരവധി ഗാനങ്ങൾ രചിച്ചിട്ടുണ്ട്. വരദാനങ്ങളാൽ സമ്പന്നനായിരുന്നു. തന്റെ കുടുംബത്തോടുള്ള ഉത്തരവാദിത്വങ്ങളെല്ലാം കൃത്യമായി നിർവ്വഹിച്ചു. ദൈവം തന്റെ കൈവെള്ളയിൽ സൂക്ഷിച്ച് കയ്യൊപ്പു നൽകിയ വ്യക്തിയാണ് ഔസേപ്പച്ചൻ ചേട്ടൻ. വി. കുർബാനയിലും പരി. അമ്മയിലും ജപമാലയിലും വലിയ വിശ്വാസം ഉണ്ടായിരുന്നു. തന്റെ വേദന മറന്ന് തന്റെ വിശ്വാസത്തിന്റെ തീർത്ഥാടനത്തിൽ ദൈവം നൽകിയതെല്ലാം സന്തോഷത്തോടെ സ്വീകരിച്ച് തന്റെ ആത്മാവിനെ ദൈവകരങ്ങളിൽ സമർപ്പിച്ചു.

**ജാഗരണ പ്രാർത്ഥന**

6.30 ന് ജപമാല. 7 pm ദിവ്യബലി ബഹു. പാറയിൽ അച്ചൻ അർപ്പിച്ചു. അത്താഴത്തിനുശേഷം 9.15 ന് ആരാധന ആരംഭിച്ചു. 10.30 വരെ ബഹു. മനോജ് കാക്കോനാൽ അച്ചൻ പ്രാർത്ഥന നയിച്ചു. തുടർന്ന് 12 മണി വരെ സിയോന്റെ മ്യൂസിക് ടീമും ശുശ്രൂഷകരും നയിച്ചു. കർത്താവ് അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിച്ച രാത്രി യായിരുന്നു ജാഗരണപ്രാർത്ഥനയുടെ നിമിഷങ്ങൾ.

**ആദ്യശനി ഏകദിന കൺവെൻഷൻ 3-6-2011**

പതിവുപോലെ ശുശ്രൂഷകർ 6 am ന് പരി. അമ്മയുടെ സന്നിധി യിലണഞ്ഞു. ജപമാല ചൊല്ലി സിയോൻ ഹാളിലൂടെ നടന്ന് ശുശ്രൂ ഷകളെയും ശുശ്രൂഷകരെയും കടന്നു വരുന്ന ദൈവമക്കളെയും സമർപ്പിച്ച് പ്രാർത്ഥിച്ചു. ബഹു. പാറയിലച്ചൻ വചനസന്ദേശം നൽകി ശുശ്രൂഷകരെ പ്രബുദ്ധരാക്കി. ശുശ്രൂഷകരെയും ഹാളിനെയും വി.ജലം തളിച്ച് വിശുദ്ധീകരിച്ചു. ഒരുക്കശുശ്രൂഷയ്ക്കും പ്രഭാതഭക്ഷണത്തിനും ശേഷം 8.30 ന് സ്റ്റേജിൽ ശുശ്രൂഷകൾ ആരംഭിച്ചു. സപ്ര, ജപമാല, സ്തുതി ആരാധന എന്നിവ ബഹു. പാറയിൽ അച്ചനും സിയോൻ ശുശ്രൂ ഷകരും ചേർന്ന് നടത്തി. 11 ന് ശ്രീമതി ഗ്ലോറി ടീച്ചർ (കൽപ്പറ്റ ഡിപോൾ, സ്കൂൾ) കുടുംബ ജീവിതത്തെക്കുറിച്ച് ക്ലാസ്സെടുത്ത് വചനം പങ്കു വെച്ചു. 9.30 മുതൽ കൗൺസിലിംഗിനും കുമ്പസാരത്തിനും അവസരം ഒരുക്കി. 12 മണിക്ക് ബഹു. പാറയിലച്ചൻ വി. ബലി അർപ്പിച്ച് വചനം പങ്കുവെച്ചു. ലഘുഭക്ഷണം, അനുഭവസാക്ഷ്യങ്ങൾ ഇവയ്ക്കുശേഷം ദിവ്യകാരുണ്യ ആരാധന ആരംഭിച്ചു. ദിവ്യകാരുണ്യ പ്രദക്ഷിണം ഈശോയെ തൊട്ടനുഭവിക്കാൻ പര്യാപ്തമായിരുന്നു. ജനങ്ങൾക്കായി ലഭിച്ച സന്ദേശങ്ങൾ ബഹു. അച്ചൻ അറിയിച്ചു. 3.15 ന് ശുശ്രൂഷകൾ അവസാനിച്ചു.

**രണ്ടാംശനി ശുശ്രൂഷകൾ 11-6-2011**

**പൊതുകൗൺസിലിംഗ്**

75 പേർക്ക് കൗൺസിലിംഗ് നടത്തി. സന്തോഷവും സമാധാനവും സൗഖ്യവും നേടി പോയി.

**യുവജനകൂട്ടായ്മ**

ജീസസ് യൂത്ത് ലീഡേഴ്സ് വെള്ളിയാഴ്ച രാത്രി 12 മണി വരെ പ്രാർത്ഥിച്ചൊരുങ്ങി. യുവജനങ്ങൾ പങ്കെടുത്തു. ജപമാല, സ്തുതി ആരാധന, കുമ്പസാരം, കൗൺസിലിംഗ്, വി.ബലി, വചനപഠനം ഇവ യെല്ലാം യുവജനങ്ങൾക്കായി ഒരുക്കി. ബഹു. മനോജ് കാക്കോനാൽ അച്ചനും ജീസസ് യൂത്ത് ടീമും ശുശ്രൂഷകൾ നയിച്ചു.

**ദമ്പതികൂട്ടായ്മ**

മാനന്തവാടി രൂപതയുടെ കീഴിലുള്ള ദമ്പതീകൂട്ടായ്മകളുടെ സംഗമം 12-6-11 ന് കൊട്ടിയൂർ ദേവാലയത്തിൽ വച്ച് നടത്തി. 250 പേർ പങ്കെടുത്തു. ശ്രീ. ജോസഫ് തോട്ടുപുറം സ്വാഗതം ആശംസിച്ചു. കൊട്ടിയൂർ ഇടവക വികാരി ബഹു. അഗസ്റ്റിൻ ചേമ്പാലയച്ചൻ ഉദ്ഘാടനം നടത്തി. 1 pm-6pm വരെ ആയിരുന്നു സംഗമം. സിയോൻ കോ-ഓഡിനേറ്റർ ശ്രീ. ബേബി മൂത്തേടത്തും ദമ്പതികൂട്ടായ്മ കോ-ഓഡിനേറ്റർ ശ്രീ. ജോസഫ് തോട്ടുപുറവും ആശംസകൾ നേർന്നു. കെറിഗ്മാ കോ-ഓഡിനേറ്റർ ശ്രീ. ഷിബു ചെമ്മരപ്പള്ളി ക്ലാസ്സെടുത്തു. ബഹു. ബാബു പാറയിൽ അച്ചനും കൊട്ടിയൂർ അസി.വികാരിയും ചേർന്ന് ബലി അർപ്പിച്ചു. ബഹു. പാറയിൽ അച്ചൻ വചനസന്ദേശം നൽകി. സി. ലിൻഡാ FCC ഗാനശുശ്രൂഷ നടത്തി. ശ്രീ. പോൾസൺ വലിയമറ്റം നന്ദി പറഞ്ഞു.

**മൂന്നാംവെള്ളി - സൗഖ്യദിനം 17-6-2011**

10 am ന് ആരംഭിച്ചു. ജപമാല, സ്തുതി ആരാധന, കുമ്പസാരം, കൗൺസിലിംഗ് എന്നിവയുണ്ടായിരുന്നു. ബഹു. ജോർജ്ജ് മേമന അച്ചൻ വി. ബലി അർപ്പിച്ചു. സൗഖ്യപ്രാർത്ഥന നടത്തി.

**ജാഗരണ പ്രാർത്ഥന**

6 pm-5am വരെ സിയോൻ ചാപ്പലിൽ ശുശ്രൂഷകർ ജാഗരണ പ്രാർത്ഥന നടത്തി.

**സിയോൻ ജൂലൈ മാസത്തിൽ**

| | | |
|---|---|---|
| 1 ആദ്യവെള്ളി | - | സോണൽ മീറ്റിംഗ്, ജാഗരണ പ്രാർത്ഥന |
| 2 ആദ്യശനി | - | ഏകദിന കൺവെൻഷൻ, ക്രിസ്റ്റീൻ കൺവെൻഷൻ |
| | - | കൗൺസിലിംഗ് |
| 9 രണ്ടാംശനി | - | യുവജന കൂട്ടായ്മ, |
| | - | ദമ്പതീ കൂട്ടായ്മ, പൊതുകൗൺസിലിംഗ് |
| 15 മൂന്നാം വെള്ളി | - | സൗഖ്യദിനം, ജാഗരണ പ്രാർത്ഥന |

29 അവസാന വെള്ളി -ജാഗരണ പ്രാർത്ഥന (സുവിശേഷമുന്നണി)

**ഫാ. സെബാസ്റ്റ്യൻ പാറയിൽ**
സിയോൻ ഡയറക്ടർ
**ഫാ. മനോജ് കാക്കോനാൽ**

# ജീസസ് യൂത്ത്, ക്രിസ്റ്റീൻ

- 21-05-2011, ശനിയാഴ്ച സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, മേപ്പാടിയിൽ വെച്ച് ഏകദിന ധ്യാനം യുവജനങ്ങൾക്കായി നടത്തി. ജീസസ് യൂത്ത് ഡയറക്ടർ ബഹു. മനോജ് കാക്കോനാൽ അച്ചനും ടീം അംഗങ്ങളും ചേർന്ന് നടത്തിയ ഏകദിന ധ്യാനം രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 വരെയായിരുന്നു. ജപമാലയോടുകൂടി ആരംഭിച്ച പരിപാടിയിൽ റവ. ഫാ. മനോജ് കാക്കോനാൽ, ജെന്നി കുന്നേൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു.
- 2011 മെയ് 22, 23, 24 തീയതികളിൽ സെന്റ് തോമസ് ചർച്ച്, തോമാട്ടുചാലിൽ വെച്ച് ജീസസ് യൂത്ത് ഡയറക്ടർ ബഹു. മനോജ് കാക്കോനാൽ അച്ചന്റേയും ടീം അംഗങ്ങളുടെയും നേതൃത്വത്തിൽ ക്രിസ്റ്റീൻ ധ്യാനം നടത്തി.
- 2011 മെയ് 26, 27, 28 തീയതികളിൽ സെന്റ് തോമസ് ചർച്ച്, ദീപ്തിഗിരിയിൽ വെച്ച് 102 കുട്ടികൾ പങ്കെടുത്ത ക്രിസ്റ്റീൻ ധ്യാനം നടത്തി. ജീസസ് യൂത്ത് ഡയറക്ടർ ബഹു. മനോജ് കാക്കോനാൽ അച്ചനും ടീം അംഗങ്ങളും നേതൃത്വം നൽകി.
- 2011 മെയ് 30, 31 തീയതികളിൽ സെന്റ് ജോസഫ്സ് കത്തീഡ്രൽ, കണിയാരത്തു വെച്ച് 140 കുട്ടികൾ പങ്കെടുത്ത ക്രിസ്റ്റീൻ ധ്യാനം നടത്തി. ജീസസ് യൂത്ത് ഡയറക്ടർ ബഹു. മനോജ് കാക്കോനാൽ അച്ചനും ടീം അംഗങ്ങളും നേതൃത്വം നൽകി. സമാപന ദിവസം റവ. ഫാ. സെബാസ്റ്റ്യൻ പാറയിൽ വി.കുർബാനയും ആരാധനയും നയിച്ചു.
- 12-6-2011 ഞായറാഴ്ച സെന്റ് തോമസ് ചർച്ച്, തോമാട്ടുചാലിൽ വെച്ച് 10, 11, 12 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി ഒരു ഏകദിന ധ്യാനം നടത്തി. ജീസസ് യൂത്ത് ഡയറക്ടർ ബഹു. മനോജ് കാക്കോനാൽ അച്ചനും ടീം അംഗങ്ങളും പരിപാടിക്ക് നേതൃത്വം നൽകി.

**ഫാ. മനോജ് കാക്കോനാൽ**
ഡയറക്ടർ

# സിയോൻ പ്രോലൈഫ് മൂവ്മെന്റ്

1. 2008 ന് ശേഷം നാലോ അതിൽ കൂടുതലോ മക്കൾ ജനിക്കുന്ന കുടുംബങ്ങൾക്ക് നൽകി വരുന്ന ജീവജ്യോതി അവാർഡ് കയ്യൂന്നി ഇടവകയിൽ മൂന്ന് കുടുംബങ്ങൾക്കും, കാരയ്ക്കാമല ഇടവകയിൽ രണ്ട് കുടുംബങ്ങൾക്കും, കൊമ്മയാട് ഇടവകയിൽ ഒരു കുടുംബത്തിനും നൽകി.
2. സൺഡേസ്കൂളിലെ 7 മുതൽ 12 വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് ജീവിതവിശുദ്ധിയിൽ ജീവിക്കുന്നതിനും ജീവനെ സ്നേഹിക്കുന്നതിനും പരിശീലനം നൽകുന്ന പ്രോലൈഫ് ക്ലാസ്സുകൾ പഴൂർ, വെള്ളൂന്നി, കാരയ്ക്കാമല, കൊമ്മയാട്, കൽപ്പറ്റ, അടയ്ക്കാതോട്, ചെടികുളം, കുറുമണി, നീലഗിരി എന്നിവിടങ്ങളിൽ നൽകി.
3. കൗമാരകാലം ജീവിത വിശുദ്ധിയിൽ ജീവിക്കുന്നതിന് പരിശീലനം നൽകുന്ന ജീവിതദർശന പ്രോലൈഫ് ക്ലാസ്സ് മേപ്പാടി സെന്റ് ജോസഫ് സ്കൂൾ, കയ്യൂന്നി സേക്രട്ട് ഹാർട്ട് സ്കൂൾ, തരിയോട് എന്നിവിടങ്ങളിൽ നടത്തി.
4 SABS ലെ സിസ്റ്റർ സെലിനുമായി ചേർന്ന് വിദ്യാർത്ഥികൾക്കുള്ള ധ്യാനത്തിൽ അമ്പായത്തോട്, പഴൂർ, മരക്കടവ്, കിളിയന്തറ എന്നിവിടങ്ങളിലെ ധ്യാനത്തിൽ പ്രോലൈഫ് ക്ലാസ്സ് നൽകി.
5. അമ്മമാർക്ക് പയ്യമ്പള്ളി, അരിഞ്ചേർമല, തോമാപുരം, പുൽപ്പള്ളി എന്നിവിടങ്ങളിൽ ക്ലാസ്സ് നൽകി.
6. FCC, SABS, SKD ബഥനി സിസ്റ്റർമാർക്ക് പ്രോലൈഫ് ക്ലാസ്സും ART യെ പറ്റി ക്ലാസ്സും നൽകി.
7. പുൽപ്പള്ളിയിൽ വെച്ച് SABS സിസ്റ്റർമാർ സംഘടിപ്പിച്ച അവധിക്കാല പ്രോഗ്രാമിൽ പ്രോ-ലൈഫ് ക്ലാസ്സ് നൽകി.
8. ഭദ്രാവതി രൂപതയിലെ മതാദ്ധ്യാപകർക്ക് ബീച്ചനഹള്ളി എന്ന സ്ഥലത്ത് വെച്ച് രണ്ട് ദിവസത്തെയും കോഴിക്കോട് രൂപതയിലെ മതാദ്ധ്യാപകർക്ക് ഒരു ദിവസത്തെ പ്രോഗ്രാം കൽപ്പറ്റയിൽ വെച്ചും നൽകി.
9. നിന്റെ ഉദരഫലം അനുഗ്രഹീതം എന്ന ബ്രോഷറിന്റെ 30000 കോപ്പികൾ വീണ്ടും അച്ചടിച്ചു.

10. കൽപ്പറ്റ ഫാത്തിമാ മാതാ CMI ചാപ്പലിൽ വെച്ചു എല്ലാ രണ്ടാം ബുധനാഴ്ചയും രാത്രി 7 മുതൽ 9 വരെ ഗർഭിണികൾക്കും, ഗർഭ സ്ഥശിശുക്കൾക്കും, വന്ധ്യത അനുഭവിക്കുന്നവർക്കും വേണ്ടിയുള്ള ആരാധന നടന്നുവരുന്നു.
11. മരണാസന്നരായ രോഗികൾക്കും ഗർഭസ്ഥശിശുക്കൾക്കും കുഞ്ഞു ങ്ങൾക്കുംവേണ്ടി പ്രാർത്ഥിക്കുന്നതിന് ഇന്റർനെറ്റിലൂടെ മൊബൈ ലിലേക്ക് മെസേജ് അയച്ച് പ്രാർത്ഥിക്കുന്നവരുടെ പ്രോലൈഫ് കൂട്ടാ യ്മയായ ജപമാല സഖ്യത്തിൽ 600 ലേറെ അംഗങ്ങൾ ചേർന്നു കഴിഞ്ഞു.
12. കാവുംമന്ദത്ത് വെച്ച് KCYM നടത്തിയ ജാഗരണപ്രാർത്ഥനയിൽ ക്ലാസ്സെടുത്തു.
13. ബത്തേരി അസംപ്ഷൻ നേഴ്സിംഗ് സ്കൂളിൽ നേഴ്സിംഗ് വിദ്യാർത്ഥികൾക്ക് രണ്ട് പ്രാവശ്യം പ്രോലൈഫ് ക്ലാസ്സെടുത്തു.
14. ART ബില്ലിനെപ്പറ്റി കോഴിക്കോട് രൂപതയിലെ വൈദികർ, ഇടവക സെക്രട്ടറിമാർ, സിസ്റ്റേഴ്സ് എന്നിവർക്ക് പ്രോലൈഫ് ക്ലാസ്സ് നൽകി.

**അഡ്വ. ജോസ് കുറുമ്പാലക്കാട്ട്**
സെക്രട്ടറി
ഫോൺ : 9446647614

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയ വിൻസെൻഷ്യൻ സഹോദരീസഹോദരങ്ങളെ,

ആദ്യമായി വിശുദ്ധ തോമാശ്ലീഹായുടെ ദുക്റാന തിരുനാളിന്റെ മംഗളങ്ങൾ ഏവർക്കും നേരുന്നു. ക്രിസ്തു ശിഷ്യനായ വി. തോമാശ്ലീഹായെപ്പോലെ "നമുക്കും അവനോടുകൂടി പോയി മരിക്കാം" എന്ന വിശ്വാസദാർഢ്യത്തോടെ നമുക്ക് വിൻസെൻഷ്യൻ പ്രവർത്തനങ്ങളിൽ വ്യാപൃതരാകാം.

സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ മാനന്തവാടി സെന്ററൽ കൗൺസിൽ ഇന്ന് 156 കോൺഫ്രൻസുകളുടെ കൂട്ടായ്മയാണ്. 2010-11 വർഷത്തെ നമ്മുടെ വാർഷിക റിപ്പോർട്ടുകളെ അടിസ്ഥാനമാക്കി നമ്മുടെ പ്രവർത്തനത്തെ വിശകലനം ചെയ്താൽ നമുക്ക് ഏറെയൊന്നും അവകാശപ്പെടാനില്ലാ എന്നു കാണാവുന്നതാണ്. സൊസൈറ്റിയുടെ അടിസ്ഥാന മൂല്യമായ മറ്റുള്ളവരെ സഹായിക്കുക എന്നതിന് നാം ചെയ്ത പ്രവർത്തനവും സ്വരൂപിച്ച തുകയും വളരെ തുച്ഛമാണ്. നമുക്ക് വിദേശത്ത് നിന്ന് ലഭിക്കുന്ന തുകയുടെ പത്തിലൊന്ന് പോലും സ്വരൂപിച്ച് നാം മറ്റുള്ളവരെ സഹായിക്കുവാൻ ശ്രമിക്കുന്നില്ലാ എന്നാണ് വാർഷിക റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. അതുപോലെ തന്നെ നമ്മുടെ പ്രതിവാരയോഗങ്ങളുടെ എണ്ണം, അവയിലെ ഹാജർ, രോഗീസന്ദർശനം എന്നിവ പരിശോധിച്ചാൽ നാം മറ്റുപല സി.സികളേക്കാളും ഏറെ പിന്നിലാണ്. ഇതിൽ ഒരുമാറ്റം വരുത്തണമെന്ന ആഗ്രഹംകൊണ്ടാണ് ഞാൻ ഇതിവിടെ സൂചിപ്പിക്കുന്നത്. ഏവരും സഹകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. മെയ്മാസം നടന്ന നാഷണൽ മീറ്റിംഗിലും എറണാകുളത്തുവെച്ച് നടന്ന റിജണൽ മീറ്റിംഗിലും ഏറെ ചർച്ച ചെയ്ത വിഷയമാണ് വിദേശത്തേക്ക് നാം അയയ്ക്കുന്ന കത്തുകളുടെ കാര്യം. പല കോൺഫ്രൻസുകൾക്കും ഏറെ സഹായങ്ങൾ വിദേശത്തു

നിന്ന് ലഭിക്കുന്നുണ്ടെങ്കിലും അവയ്ക്കു നന്ദി പറഞ്ഞുകൊണ്ട് കത്ത യയ്ക്കുവാൻ നാം മറന്നു പോയിരിക്കുന്നു. പ്രോജക്ടുകൾക്കു പോലും നന്ദി പറയുവാനും നടത്തിപ്പ് അറിയിക്കുവാനും നാം ശ്രമിക്കുന്നില്ല. ഈ ഒരു പ്രശ്നം അടിയന്തരമായി എല്ലാ എ. സി കളിലും ചർച്ച ചെയ്യ ണമെന്നഭ്യർത്ഥിക്കുന്നു. മൂന്നുമാസത്തിലൊരിക്കലെങ്കിലും ഒരു കത്ത് എന്ന വ്യവസ്ഥ നടപ്പാക്കുവാൻ എല്ലാ കോൺഫ്രൻസുകളും ശ്രമി ക്കണം. എ.സി. പ്രസിഡണ്ടുമാർ കോൺഫ്രൻസുകളെ ഇക്കാര്യം ഓർമ്മിപ്പിക്കണം.

**അറിയിപ്പുകൾ**

1. TTS, HES, AAS, VTS എന്നീ സ്കോളർഷിപ്പ് ലഭിച്ചിട്ടുള്ള കുട്ടിക ളുടെ Completion Report ജൂലൈ 7 നകം എല്ലാ കോൺഫ്രൻസു കളും ഓഫീസിൽ എത്തിക്കേണ്ടതാണ്. നാഷണൽ കൗൺസിലിൽ നിന്ന് എല്ലാ വിഭാഗത്തിന്റെയും Completion Report ഈ വർഷം ആവശ്യപ്പെട്ടിട്ടുണ്ട്. TTS (3 വർഷം) HES (4വർഷം) എന്നീ സ്കോളർഷിപ്പുകൾ ലഭിച്ച കുട്ടികൾ പഠനം തുടരുന്നു എന്നു കാണി ക്കുന്ന കത്തും പ്രോഗ്രസ്സ് റിപ്പോർട്ടും സമർപ്പിച്ചാൽ മാത്രമേ റിന്യൂ വൽ അപേക്ഷ പരിഗണിക്കുകയുള്ളു. ജൂലൈ 7 നകം ഇവ ഓഫീ സിൽ സമർപ്പിക്കേണ്ടതാണ്.
2. വർഷംതോറും നടത്തിവരുന്ന വിദ്യാജ്യോതി സ്കോളർഷിപ്പിന് ഇപ്പോൾ അപേക്ഷിക്കാവുന്നതാണ്. ഒരു ഏരിയ കൗൺസിലിൽ നിന്ന് ഒരു കുട്ടിക്കാണ് ഇതിനർഹത. +2 വരെയുള്ള കുട്ടികളെ മാത്രമേ ഇതിന് പരിഗണിക്കുകയുള്ളു. ഇതിനുള്ള നിശ്ചിത പെർഫോമയിൽ ജൂലൈ 7 നകം ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. കഴിഞ്ഞ വർഷത്തെ പെർഫോർമ ഉണ്ടെങ്കിൽ അത് ഉപയോഗി ച്ചാലും മതിയാകുന്നതാണ്.
3. റിന്യൂവൽ സ്കോളർഷിപ്പ് അപേക്ഷ പുതുക്കേണ്ട കുട്ടികളുടെ പേർ താഴെ കൊടുക്കുന്നു.
   1. അലക്സ് സ്റ്റാനിപോസ് – സെന്റ് മേരീസ് ബത്തേരി (HES)
   2. അനുമോൾ. കെ.കെ. – സെന്റ് ഫ്രാൻസീസ് അസ്സീസി, വെള്ളൂന്നി
   3. മിനു.കെ. പൗലോസ് – സെന്റ് മേരീസ് തെനേരി
   4. ടിന്റു ഫ്രാൻസീസ് – ഇൻഫന്റ് ജീസസ് ശശിമല
   5. നീനു സണ്ണി – സെന്റ് ഫ്രാൻസീസ് നടവയൽ
   6. അഞ്ചു സി.ജെ. ലിറ്റിൽ ഫ്ളവർ പുതിയിടം
   7. സനീഷ് സി.ബി. – സെന്റ് തോമസ് തരിയോട്
   8. ജോസഫ് ജോസഫ് – ക്രൈസ്റ്റ് കിംഗ് മണിമൂളി
   9. ജിൻസി സേവ്യർ – സെന്റ് മേരീസ് മണിമൂളി

10. സിൽനാ വർഗ്ഗീസ് - സെന്റ് ജോർജ്ജ് ചുള്ളിയാന
11. പ്രിൻസ് കെ.എം. - സെന്റ് അൽഫോൻസാ ചുള്ളിയാന
12. മിൻസി മോൾ ജോസഫ് - സെന്റ് ജോസഫ്സ് അടയ്ക്കാതോട്
13. റീനു ജോണി - ഫാത്തിമാ മാതാ ചുങ്കക്കുന്ന്
14. ഷാലിൻ ബിജു - ക്രൈസ്റ്റ് കിംഗ് പുതുശ്ശേരിക്കടവ്
15. അഖിൽ തോമസ് - സെന്റ് മേരീസ് കുറുമ്പാല
16. ഷിന്റോ ജോർജ്ജ് - സെന്റ് അൽഫോൻസ പുതുശ്ശേരിക്കടവ്
17. ജിഷാ ജോസ് - ലിറ്റിൽ ഫ്ളവർ മുതിരേരി

**ഓസ്സാനഭവൻ സന്ദർശനം**

താഴെ കൊടുത്ത ചാർട്ടുപ്രകാരം നടവയൽ ഓസ്സാനഭവൻ സന്ദർശനം നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

**നടവയൽ എ.സി.**

| | | |
|---|---|---|
| 1. സെന്റ് മേരി കേണിച്ചിറ (വ) | - | 18-7-2011 |
| 2. സെന്റ് സെബാസ്റ്റ്യൻ കേണച്ചിറ (പു) | - | 19-7-2011 |
| 3. ഇൻഫന്റ് ജീസസ് നടവയൽ (വ) | - | 21-7-2011 |
| 4. സെന്റ് മേരി നടവയൽ (പു) | - | 23-7-2011 |
| 5. സെന്റ് അൽഫോൻസ നെയ്ക്കുപ്പ (വ) | - | 25-7-2011 |
| 6. സെന്റ് ജോസഫ് നെയ്ക്കുപ്പ (പു) | - | 27-7-2011 |
| 7. സെന്റ് മേരി വാളവയൽ (വ) | - | 29-7-2011 |

**പാടിച്ചിറ എ.സി.**

| | | |
|---|---|---|
| 8. മേരിമാതാ കബനിഗിരി (വ) | - | 30-7-2011 |
| 9. ഇൻഫന്റ് ജീസസ് കബനിഗിരി (പു) | - | 1-8-2011 |
| 10. സെന്റ് മേരി മരക്കടവ് (വ) | - | 3-8-2011 |
| 11. സെന്റ് ജോസഫ് മരക്കടവ് (പു) | - | 5-8-2011 |
| 12. ലിറ്റിൽ ഫ്ളവർ പാടിച്ചിറ (വ) | - | 6-8-2011 |
| 13. സെന്റ് സെബാസ്റ്റ്യൻ പാടിച്ചിറ | - | 8-8-2011 |
| 14. ഇൻഫന്റ് ജീസസ് ശിശുമല (വ) | - | 9-8-2011 |
| 15. മേരി മാതാ ശിശുമല (വ) | - | 11-8-2011 |
| 16. സെന്റ് ജോസഫ് സീതാമൗണ്ട് | - | 13-8-2011 |

പ്രകൃതി കനിഞ്ഞനുഗ്രഹിച്ച മാസമായിരുന്നു കടന്നു പോയത്. വലിയ ആരവങ്ങളില്ലാതെ നല്ല മഴ ലഭിച്ചു. വരും മാസങ്ങളും അത്തരത്തിലുള്ളതായിരിക്കട്ടെ എന്ന് യേശുവിനോട് പ്രാർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

**ബ്രദർ എം.സി. തോമസ് മാങ്ങൻ**
സി.സി. പ്രസിഡന്റ്

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

**മദ്യവിരുദ്ധ വാരാചരണം ട്രോഫികൾ സമ്മാനിച്ചു**

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി രൂപതയിൽ മികച്ച രീതിയിൽ മദ്യവിരുദ്ധ വാരാചരണം നടത്തിയ ഇടവകകൾക്കുള്ള ട്രോഫിയും ക്യാഷ് അവാർഡും ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്ന രൂപതാ ദിനാചരണത്തിൽ വെച്ച് വിതരണം ചെയ്തു. രൂപതാ ബിഷപ്പ് മാർ ജോസ് പൊരുന്നേടം പിതാവാണ് സമ്മാനങ്ങൾ വിതരണം ചെയ്തത്.

**ലഹരിവിരുദ്ധ സെമിനാർ മരക്കടവ്**

മരക്കടവ് ഇടവകയിലെ സൺഡേ സ്കൂൾ വിദ്യാർത്ഥികൾക്കായി അർദ്ധദിന ബോധവൽക്കരണ പരിപാടി മെയ് 29 ന് ഞായറാഴ്ച നടത്തി. ഇടവക വികാരി റവ. ഫാ. ജോർജ്ജ് കിഴക്കുംപുറം സെമിനാർ ഉദ്ഘാടനം ചെയ്തു. രൂപതാ സെക്രട്ടറി ശ്രീ. ടോമി നെടുംകൊമ്പിൽ സെമിനാറിന് നേതൃത്വം നൽകി.

**രൂപതാ എക്സിക്യൂട്ടീവ്**

രൂപതാ എക്സിക്യൂട്ടീവ് യോഗം ചേർന്ന് വരുംമാസങ്ങളിലെ കർമ്മപരിപാടികൾ ആസൂത്രണം ചെയ്തു.

**ലഹരിവിരുദ്ധ റാലി**

വർദ്ധിച്ച് വരുന്ന ലഹരി വസ്തുക്കളുടെ ഉപയോഗത്തിനെതിരെ ബഹുജന മുന്നേറ്റം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെ സെപ്റ്റംബർ മാസത്തിൽ ലഹരി വിരുദ്ധ റാലി നടത്തുവാൻ തീരുമാനിച്ചു. രൂപതയിലെ മുഴുവൻ സംഘടനകളുടെയും നേതൃത്വത്തിൽ റാലി നടത്തുവാനും ലഹരി വിരുദ്ധ മനോഭാവം രാഷ്ട്രീയ കക്ഷികളിലും ഗവൺമെന്റിലും ഉണ്ടാക്കുവാനുമുള്ള ശ്രമമായിട്ടാണ് റാലി സംഘടി

പ്പിക്കുക. റാലിയുടെ വിശദാംശങ്ങൾ ചർച്ച ചെയ്യുവാൻ ജൂലൈ മാസം ആദ്യവാരത്തിൽ സംഘടനാ ഭാരവാഹികളുടെ യോഗം വിളിക്കുവാൻ തീരുമാനിച്ചു.

**ലഹരിവിരുദ്ധ ക്ലബുകൾ**

സ്കൂളുകളിലും കോളേജുകളിലും ലഹരി വിരുദ്ധ ക്ലബുകൾ രൂപീകരിച്ച് പ്രവർത്തിക്കുവാൻ തീരുമാനിച്ചു. രൂപതാ കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള വിദ്യാലയങ്ങളിൽ ക്ലബ് രൂപീകരിക്കുന്ന തിനെപ്പറ്റി കോർപ്പറേറ്റ് മാനേജരുമായി പ്രശ്നം ചർച്ച ചെയ്യാൻ, രൂപത പ്രസിഡണ്ട്, ഡയറക്ടർ എന്നിവരെ ചുമതലപ്പെടുത്തി.

**ലഹരിവിരുദ്ധ സെമിനാറുകൾ**

സ്കൂളുകളിലും കോളേജുകളിലും അവധി ദിവസങ്ങളിൽ ലഹരി വിരുദ്ധ സെമിനാറുകൾ നടത്തുവാൻ തീരുമാനിച്ചു.

**അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനം**

ജൂൺ 26 അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനം കാവുംമന്ദം ഇടവ കയിൽ വച്ച് രൂപതാ സമിതിയുടെയും കെ.സി.വൈ.എം. തരിയോട് മേഖലയുടെയും സംയുക്ത നേതൃത്വത്തിലാണ് ലഹരി വിരുദ്ധ ദിനം ആചരിക്കുന്നത്.

**നന്ദിപൂർവ്വം**

നമ്മുടെ രൂപതയിൽ വലിയൊരു ശതമാനം ഇടവകകളും മദ്യ വിരുദ്ധ ഞായർ പിരിവ് രൂപതാ കേന്ദ്രത്തിൽ എത്തിച്ചു. ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് ആ സംഭാവന വലിയൊരു സഹായമാണ്. താൽപര്യപൂർവ്വം സഹകരിച്ച ബഹുമാന്യരായ എല്ലാ വൈദികർക്കും ഹൃദയപൂർവ്വം നന്ദി അർപ്പിക്കട്ടെ. ഇനിയും നൽകാത്ത ഇടവകകൾ ഉടനെ നൽകി സഹായിക്കുമല്ലോ.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാ പ്രസിഡന്റ്

# സാമൂഹ്യ സേവനരംഗം (WSSS)

## സോഷ്യൽ വെൽഫയർ സൊസൈറ്റി (SWS)

### SWS മേഖലാ സംഗമം - ദിശ-2011 - SWS പുൽപ്പള്ളി മേഖല

SWS പുൽപ്പള്ളി മേഖല സംഗമം 2011 മെയ് 6-ാം തീയതി പാടിച്ചിറ സെന്റ് സെബാസ്റ്റ്യൻസ് എൽ.പി.സ്കൂളിൽ വെച്ച് നടത്തി. WSSS ഡയറക്ടർ അഡ്വ. റവ. ഫാ. ജോൺ ചൂരപ്പുഴയുടെ അദ്ധ്യക്ഷതയിൽ ചേർന്ന മേഖലാ സംഗമം മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. ജോയി കണ്ടംതുരുത്തിയിൽ ഉദ്ഘാടനം ചെയ്തു. WSSS ജോയിന്റ് ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ ഏവർക്കും സ്വാഗതം ആശംസിച്ചു. തുടർന്ന് പുൽപ്പള്ളി കൃഷി ഓഫീസർ ശ്രീ. വിനോദ്, ശ്രീ. ഷാജി ജോസ് കുടക്കച്ചിറ, WSSS, ശ്രീ. എബി തോമസ്, SWS കോ-ഓർഡിനേറ്റർ എന്നിവർ ക്ലാസ്സുകൾ നയിച്ചു. ശ്രീ. വർക്കി തെക്കേടത്ത്, ശ്രീമതി ഷീന ആന്റണി, ശ്രീ. ജോൺസൺ പി. വി. തുടങ്ങിയവർ നേതൃത്വം നൽകി.

### SWS കല്പറ്റ മേഖല സംഗമം

SWS കല്പറ്റ മേഖലാ സംഗമം 2011 മെയ് 10 -ാം തീയതി കല്പറ്റ ഡി പോൾ സ്കൂൾ ഓഡിറ്റേറിയത്തിൽ വച്ച് നടത്തി. WSSS ഡയറക്ടർ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംഗമം, കല്പറ്റ ഫൊറോന വികാരി റവ. ഫാ. ജോസ് കൊച്ചറക്കൽ ഉദ്ഘാടനം ചെയ്തു. ജില്ലാ വ്യവസായ കേന്ദ്രം AIDO ശ്രീ. മത്തായി, ശ്രീ. കെ.ഒ. ജോയി, WSSS എന്നിവർ ക്ലാസ്സുകൾ നയിച്ചു. SWS കോ-ഓഡിനേറ്റർ ശ്രീ. എബി തോമസ്, കല്പറ്റ SWS പ്രസിഡണ്ട് ശ്രീ.ദിനേശ്, SWS റീജണൽ കോ-ഓഡിനേറ്റർമാരായ ശ്രീ. ജോൺസൺ പി. വി, ശ്രീമതി ഷീന ആന്റണി, ശ്രീമതി വത്സ തോമസ് എന്നിവർ നേതൃത്വം നൽകി.

### SWS മാനന്തവാടി B മേഖല സംഗമം

SWS മാനന്തവാടി B മേഖലയുടെ സംഗമം 2011 മെയ് 11 ന് WSSS ഓഡിറ്റോറിയത്തിൽ വെച്ച് നടത്തി. WSSS ഡയറക്ടർ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംഗമം മാനന്തവാടി

ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് ശ്രീ. പി.വി. ജോൺ ഉദ്ഘാടനം ചെയ്തു. WSSS ജോയിന്റ് ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ യോഗത്തിന് സ്വാഗതം ആശംസിച്ചു. കാരയ്ക്കാമല SWS ഡയറക്ടർ റവ. ഫാ. കുര്യാക്കോസ് പറമ്പിൽ സംഗമത്തിന് ആശംസ അർപ്പിച്ചു. ശ്രീ. ഷാജി കെ. ജോസ് WSSS, ശ്രീമതി മേരി പി.എ. സാമൂഹ്യ ക്ഷേമവകുപ്പ് എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം കൊടുത്തു.

**SWS മാനന്തവാടി A, കല്ലോടി മേഖലാ സംഗമം**

SWS മാനന്തവാടി എ, കല്ലോടി മേഖലകളുടെ സംയുക്ത സംഗമം മെയ് 17-ാം തീയതി WSSS ഓഡിറ്റോറിയത്തിൽ വച്ച് നടത്തി. WSSS പ്രോഗ്രാം ഓഫീസർ ശ്രീ. ഒ.പി. എബ്രഹാമിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സംഗമം WSSS ജോയിന്റ് ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ ഉദ്ഘാടനം ചെയ്തു. കമ്മന SWS യൂണിറ്റ് ഡയറക്ടർ റവ. ഫാ. മാത്യു കാട്ടറത്ത്, കാരിത്താസ് ഇന്ത്യ സ്റ്റേറ്റ് ഓഫീസർ ശ്രീ. കെ.എ. സെബാസ്റ്റ്യൻ എന്നിവർ ആശംസകളർപ്പിച്ചു. സി. സെലിൻ കുത്തുകല്ലുങ്കൽ SABS, ശ്രീ. എബി തോമസ്, ശ്രീ. ജോൺസൺ പി. വി, ശ്രീമതി ഷീന ആന്റണി, ശ്രീമതി വത്സ തോമസ് എന്നിവർ നേതൃത്വം നൽകി.

**കേരള ലേബർ മൂവ്മെന്റ് (KLM)**

കേരള ലേബർ മൂവ്മെന്റിന്റെ കീഴിൽ ജില്ലാതല തയ്യൽ തൊഴിലാളി ക്ഷേമനിധി ഫോറം മെയ് 26-ാം തീയതി WSSS ൽ വെച്ച് രൂപീകരിച്ചു. KLM സംസ്ഥാന വൈസ് പ്രസിഡണ്ട് ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ, WSSS ജോയിന്റ് ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ, കോ-ഓഡിനേറ്റർ ശ്രീമതി മിനി ഉണ്ണികൃഷ്ണൻ എന്നിവർ നേതൃത്വം നൽകി.

**സേവ് എ ഫാമിലി പ്ലാൻ**

SAFP പദ്ധതിയിലേക്ക് 40 പുതിയ കുടുംബങ്ങളെ തിരഞ്ഞെടുക്കുകയും, SAFP ഇന്ത്യാ തലത്തിലുള്ള തിരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാക്കുകയും ചെയ്തു. പുൽപ്പള്ളി മേഖലയിലെ മരക്കടവ്, കബനിഗിരി, പട്ടാണിക്കൂപ്പ്, വാളാഞ്ചേരി, ആടിക്കൊല്ലി, അമരക്കുനി എന്നീ ആറു സെന്ററുകളിൽ നിന്നാണ് പുതിയ ഗുണഭോക്താക്കളെ തിരഞ്ഞെടുത്തത്.

**SAFP കല്ലോടി മേഖലാ സംഗമങ്ങൾ**

ഈ വർഷത്തെ ഒന്നാംഘട്ട മേഖലാ സംഗമങ്ങൾ പുൽപ്പള്ളി, മാനന്തവാടി, കല്പറ്റ മേഖലകളിലായി നടത്തി. മെയ് 23-ാം തീയതി പട്ടാണിക്കൂപ്പ് പള്ളിയിൽ വെച്ച് പുൽപ്പള്ളി മേഖലാ സംഗമം നടത്തി. WSSS ഡയറക്ടർ റവ. ഫാ. ജോൺ ചൂരപ്പുഴ സംഗമം ഉദ്ഘാടനം

ചെയ്തു. റവ. സി. റെജീന അദ്ധ്യത വഹിച്ചു. തുടർന്ന് റവ. സി. സെലിൻ 'വിദ്യാഭ്യാസത്തിൽ മാതാപിതാക്കളുടെ പങ്ക്' എന്ന വിഷയ ത്തെ ആസ്പദമാക്കി ക്ലാസ്സെടുത്തു. SAFP കോ-ഓഡിനേറ്റർ ലിഷ്മ മേരി, റീജണൽ ആനിമേറ്റർ ശ്രീമതി സുജ ജോയി എന്നിവർ നേതൃത്വം നൽകി.

മെയ് 24-ാം തീയതി WSSS ൽ വെച്ച് SAFP മാനന്തവാടി മേഖലാ സംഗമം നടത്തി. WSSS ജോയിന്റ് ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ സംഗമം ഉദ്ഘാടനം ചെയ്തു. തുടർന്ന് റവ. സി. സെലിൻ കുത്തുകല്ലുങ്കൽ SABS ക്ലാസ്സെടുത്തു. മെയ് 25-ാം തീയതി SAFP കല്പറ്റ മേഖലാ സംഗമം പുതുശ്ശേരിക്കടവ് പള്ളിയിൽ വെച്ച് നത്തി. WSSS ജോയിന്റ് ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ ഏലംകു ന്നേൽ സംഗമം ഉദ്ഘാടനം ചെയ്തു. റവ. ഫാ. സിജു പുത്തൻപുര അദ്ധ്യക്ഷത വഹിച്ചു. റവ. ഫാ. അഗസ്റ്റ്യൻ പുത്തൻപുര, SAFP കോ-ഓഡിനേറ്റർ Miss ലീക്ഷ്മാ മേരി എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**ഫാം വയനാട്**

കാരിത്താസ് ഇന്ത്യയുടെ സഹായത്തോടെ ആറ് ഗ്രാമപഞ്ചായ ത്തുകളിൽ ഫാം വയനാട് പദ്ധതിയുടെ മൂന്നാം ഘട്ടം തിരഞ്ഞെടുത്ത 600 കർഷക കുടുംബങ്ങളിൽ കാർഷിക പുനരുജ്ജീവന പ്രവർത്തനങ്ങളിലൂടെ നടത്തി വരുന്നു. മെയ് മാസത്തിൽ 28 കുടുംബ ങ്ങളിൽ സാന്ത്വന സൗഹൃദ സന്ദർശനം നടത്തുകയും പ്രശ്ന പരി ഹാരത്തിന് സഹായിക്കുകയും ചെയ്തു. 102 കുടുംബങ്ങൾ സന്ദർശിച്ച് ജൈവ കർഷകരുടെ അടിസ്ഥാന വിവര ശേഖരണം നടത്തി. ഫാം ടൂറിസം, ജൈവപാൽ ഉദ്ഘാടനം, ഫാം സ്കൂൾ, കരിയർ ഗൈഡൻസ്, ഫാസ്റ്റ് ഫുഡ് നിർമ്മാണം എന്നീ മേഖലകളിൽ മാതൃകാ പ്രൊജക്ട റുകൾ തയ്യാറാക്കുകയും ജില്ലാ ഓഫീസിൽ സമർപ്പിക്കുകയും ചെയ്തു. കർഷക സംഘങ്ങളുടെ നാല് യോഗങ്ങൾ സംഘടിപ്പിക്കുകയും കാർഷിക വിഷയങ്ങളിൽ ചർച്ച നടത്തുകയും ചെയ്തു. പ്രകൃതി വിഭവ സംരക്ഷണം, ഒറ്റഞാർ കൃഷി എന്നീ വിഷയങ്ങളിൽ പരിശീലനം നൽകി. കാരിത്താസ് ഇന്ത്യ മേഖലാ ഓഫീസിന്റെ നേതൃത്വത്തിൽ മെയ് 24, 25 തീയതികളിൽ ബോയ്സ് ടൗണിൽ വെച്ച് ഫാം വയനാട് പദ്ധതിയുടെ ജില്ലാതല അവലോകന യോഗം നടത്തി.

**സമഗ്ര ആദിവാസി വികസന പദ്ധതി**

നബാർഡിന്റെ സഹായത്തോടെ തൊണ്ടർനാട് ഗ്രാമപഞ്ചായ ത്തിൽ ആദിവാസി കൃഷിഭൂമിയിൽ വികസന പ്രവർത്തനങ്ങൾ നടന്നു വരുന്നു. നബാർഡ് ജില്ലാ മാനേജർ പദ്ധതി പ്രദേശം സന്ദർശിക്കുകയും പ്രവർത്തനം വിലയിരുത്തുകയും ചെയ്തു. ഒമ്പത് കോളനികളിലായി

5200 വാഴ നടുകയും, കാപ്പി നടുന്നതിന് കുഴി എടുക്കുകയും ചെയ്തു. 1700 മീറ്റർ കല്ലുകയ്യാലയുടെ പണി പൂർത്തിയാക്കി. കുരുമുളക് തൈകൾ വികസിപ്പിച്ചെടുക്കുന്നതിന് നഴ്സറിയുടെ നിർമ്മാണം പൂർത്തിയാക്കി. കിഴങ്ങുവർഗ്ഗങ്ങൾ കൃഷി ചെയ്ത സ്ഥലത്ത് നെറ്റു പയോഗിച്ച് വേലികെട്ടി. 203 കർഷക കുടുംബങ്ങൾക്ക് കാർഷിക ഉപ കരണങ്ങൾ വിതരണം ചെയ്തു. സാക്ഷരത, ബോധവൽക്കരണ ക്ലാസ്സു കൾ തുടർച്ചയായി നടത്തി വരുന്നു. പുരുഷന്മാരുടെ മൂന്ന് സ്വയം സഹായ സംഘങ്ങളും, സ്ത്രീകളുടെ ഒരു ജെ.എൽ.ടി സംഘവും രൂപീ കരിച്ചു. നിലവിലുള്ള രണ്ട് ജെ.എൽ.ജി കൾ ബാങ്കിൽ നിന്നും വായ്പയെടുത്ത് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചു. ഫീൽഡ് പബ്ലിസിറ്റി വിഭാഗവുമായി സഹകരിച്ച് മഴക്കാല രോഗങ്ങളെക്കുറിച്ച് സെമിനാർ സംഘടിപ്പിച്ചു.

**ആക്ഷൻ റിസർച്ച്**

കാരിത്താസ് ഇന്ത്യയുടെ സഹായത്തോടെ പനമരം ഗ്രാമപഞ്ചാ യത്തിൽ നടന്നുവരുന്ന ഗവേഷണം പുരോഗമിക്കുന്നു. തൊഴിലിനു വേണ്ടി കർണ്ണാടകയിലേക്കുള്ള ആദിവാസികളുടെ താൽക്കാലിക കുടി യേറ്റമാണ് ഗവേഷണ വിഷയം. പ്രാരംഭമായി 230 ആദിവാസി കുടും ബങ്ങളിൽ പ്രീ ടെസ്റ്റ് പൂർത്തിയാക്കി, ചോദ്യാവലി പരിഷ്കരിച്ചു. കാരി ത്താസ് ഇന്ത്യ ദേശീയ തലത്തിൽ ബാഗ്ലൂരിൽ വെച്ച് നടത്തിയ അവ ലോകന യോഗത്തിൽ കൺസൾട്ടന്റ് ശ്രീ. ടി.എ. വർഗ്ഗീസ്, പ്രോഗ്രാം ഓഫീസർ ശ്രീ. ഒ. പി. എബ്രാഹം എന്നിവർ പങ്കെടുത്തു.

**നോൺ കൺവൻഷണൽ എനർജി & ആൾട്ടർനേറ്റീവ് ടെക്നോളജി**

ബത്തേരി, അരിഞ്ചേർമല, വിമലനഗർ, വരയാൽ ബോയ്സ് ടൗൺ, പടിഞ്ഞാറത്തറ, പെരിക്കല്ലൂർ, കല്ലോടി, ചെറുകാട്ടൂർ, ചുണ്ട ക്കര തുടങ്ങിയ സ്ഥലങ്ങളിലായി 7 ബയോഗ്യാസ് പ്ലാന്റുകൾ കമ്മീ ഷൻ ചെയ്യുകയും, 7 പ്ലാന്റുകളുടെ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു. 4 സ്ഥലങ്ങളിൽ പ്ലാന്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

ഖാദി ഗ്രാമ വ്യവസായ കമ്മീഷൻ തൃശൂർ സബ് ഓഫീസിൽ നിന്നും 2010-11 സാമ്പത്തിക വർഷത്തിൽ നിർമ്മാണം പൂർത്തിയാക്കി സബ്സിഡി ലഭിക്കേണ്ട 15 ബയോഗ്യാസ് പ്ലാന്റുകളുടെ സന്ദർശനം നടത്തുകയും സബ്സിഡി സംബന്ധമായ അപേക്ഷകൾ സ്വീകരിക്കു കയും ചെയ്തു.

**ജൈവകൃഷിയും വിപണനവും**

പ്രകൃതി വിഭവ സംരക്ഷണ പദ്ധതിയുമായി (NRM) ബന്ധപ്പെട്ട് ഫാം വയനാടിന്റെ നേതൃത്വത്തിൽ ഏകദിന പരിശീലന ക്ലാസ്സ് സംഘ

ടിപ്പിച്ചു. WSSS ന്റെ കീഴിലുള്ള മുഴുവൻ ജീവനക്കാരും ഈ ഏകദിന പരിശീലന പരിപാടിയിൽ പങ്കെടുത്തു. മെയ് 23-ാം തീയതി ബോയ്സ് ടൗൺ ട്രെയിനിംഗ് സെന്ററിൽ വച്ച് നടത്തിയ പരിശീലനത്തിന് കാരിത്താസ് ഇന്ത്യയുടെ NRM കോ-ഓഡിനേറ്റർ ശ്രീ. ഡോ. ഹരിദാസ് നേതൃത്വം നൽകി. സമകാലിന ജൈവ കൃഷിരീതികളെക്കുറിച്ചും അതിന്റെ സാദ്ധ്യതകളെപ്പറ്റിയും വിശദമായി ചർച്ച ചെയ്യപ്പെട്ടു.

ജൈവ സാക്ഷ്യപത്രം ലഭിച്ച കർഷകരിൽ നിന്നും മെയ് മാസത്തിൽ 17319 കിലോഗ്രാം കാപ്പി, 2571 കിലോഗ്രാം കുരുമുളക്, 23 കിലോഗ്രാം മഞ്ഞൾ, 500 കിലോഗ്രാം ഇഞ്ചി, 40 കിലോഗ്രാം ജൈവ പ്പുല്ല് എന്നിവ സംഭരിച്ചു.

**നബാർഡ് നീർത്തട വികസന പദ്ധതി - നീർത്തട ഗ്രാമ സഭ**

നബാർഡ് സഹായത്തോടെ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന സമഗ്ര നീർത്തട വികസന പദ്ധതിയുടെ ഭാഗമായ നെല്ലേരി നീർത്തടത്തിന്റെ നീർത്തട ഗ്രാമസഭ 2011 മെയ് 12-ാം തീയതി ചേരുകയും പൂർണ്ണ നിർവ്വഹണ ഘട്ടത്തിലുള്ള പദ്ധതികളെക്കുറിച്ച് വിശദീകരിക്കുകയും ചെയ്തു. നീർത്തട ഗ്രാമസഭ തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി ലക്ഷ്മി ഗോപി ഉദ്ഘാടനം ചെയ്യുകയും വാർഡ് മെമ്പർ ശ്രീ. അനിൽകുമാർ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു. WSSS ജനറൽ കോർഡിനേറ്റർ ശ്രീ. ജോസ് പി.എ. പദ്ധതി വിശദീകരണം നടത്തി. നെല്ലേരി നീർത്തട വികസന സമിതി സെക്രട്ടറി ശ്രീ. മത്തായി ഐസക് കാര്യശേഷി വികസന ഘട്ടത്തിലെ റിപ്പോർട്ട് അവതരിപ്പിച്ചു. നെല്ലേരി നീർത്തട വികസന സമിതി പ്രസിഡണ്ട് ശ്രീ. എൻ.എസ്. ജോൺ സ്വാഗതവും, WSSS NRM കോഡിനേറ്റർ ശ്രീ. കെ.ഒ. ജോയി നന്ദിയും രേഖപ്പെടുത്തി.

**നീർത്തട പരിശീലനം**

2011 മെയ് 18-ാം തീയതി കോറോം ഗവ. എൽ. പി. സ്കൂളിൽ വെച്ച് അയനിവയൽ, മട്ടിലയം, നെല്ലേരി, പൊർളോം നീർത്തടങ്ങളിലെ കമ്മറ്റി അംഗങ്ങൾക്ക് ഏകദിന പരിശീലനം നൽകി. പൂർണ്ണ നിർവ്വഹണ ഘട്ടത്തിൽ നടപ്പിലാക്കുന്ന വിവിധ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളുടെ ആവശ്യകതയും രീതി ശാസ്ത്രവും വിശദീകരിച്ചു. പരിശീലന പരിപാടി തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് വികസന കാര്യകമ്മറ്റി ചെയർമാൻ ശ്രീമതി റംല ജമാൽ ഉദ്ഘാടനം ചെയ്തു. WSSS ജനറൽ കോർഡിനേറ്റർ ശ്രീ. ജോസ്. പി. എ. പരിശീലനത്തിന് നേതൃത്വം നൽകി. NRM കോഡിനേറ്റർ ശ്രീ. കെ.ഒ. ജോയി സ്വാഗതവും, നീർത്തട കോർഡിനേറ്റർ ശ്രീ. ഷാജുമോൻ നന്ദിയും രേഖപ്പെടുത്തി.

**ഫാ. ജോൺ ചൂരപ്പുഴയിൽ**, WSSS ഡയറക്ടർ

# റേഡിയോ മാറ്റൊലി 90.4 mhz

**രണ്ടാം വാർഷികാഘോഷം**

റേഡിയോ മാറ്റൊലിയുടെ പ്രക്ഷേപണത്തിന്റെ രണ്ടാം വാർഷികം ജൂൺ 5–ാം തീയ്യതി മാനന്തവാടി പാവന സെന്ററിൽ ബഹു. സംസ്ഥാന പട്ടികവർഗ്ഗ ക്ഷേമ – യുവജനകാര്യ വകുപ്പ് മന്ത്രി കുമാരി പി.കെ ജയലക്ഷ്മി ഉദ്ഘാടനം ചെയ്തു. മാറ്റൊലി ചെയർമാൻ മോൺ മാത്യു മാടപ്പള്ളിക്കുന്നേൽ അദ്ധ്യക്ഷം വഹിച്ച സമ്മേളനത്തിൽ, കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗസിലിന്റെ സാമ്പത്തിക സഹായത്തോടെ ആരംഭിച്ച 'നമ്മ ശാസ്ത്ര' (നമ്മുടെ ശാസ്ത്രം) പ്രക്ഷേപണ പരമ്പരയുടെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. കെ.എൽ. പൗലോസ് നിർവ്വഹിച്ചു. വാർഷികാഘോഷങ്ങളുടെ ഭാഗമായി തയ്യാറാക്കിയ സുവനീറിന്റെ പ്രകാശനം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ശ്രീമതി ദേവകി എടവക പഞ്ചായത്ത് പ്രസിഡണ്ട് എച്ച്.ബി പ്രദീപ് മാസ്റ്റർക്ക് കോപ്പി നല്കി നിർവ്വഹിച്ചു. റേഡിയോ മാറ്റൊലിയുടെ വെബ്സൈറ്റിന്റെ (www.radiomattoli.com) ഉദ്ഘാടനം വയനാട് ഡെപ്യൂട്ടി ഡി.എം.ഒ. ഡോ. മിനി വി.കെ നിർവ്വഹിച്ചു. ദിവസേന രാവിലെ ആറു മുതൽ രാത്രി പത്തുമണിവരെയുള്ള മാറ്റൊലിയിലെ പ്രക്ഷേപണം ഈ സൈറ്റിൽ നിന്നും ലോകത്തെവിടെയും കേൾക്കാനാവും. മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. അബ്ദുൾ അഷറഫ് വിവിധ മത്സരവിജയികൾക്കുള്ള സമ്മാനദാനം നിർവ്വഹിച്ചു. മാനന്തവാടി പഞ്ചായത്ത് പ്രസിഡണ്ട് അഡ്വ. ഗ്ലാഡിസ് ചെറിയാൻ ആശംസകൾ നേർന്നു. ശ്രീ. എം.എം. ജോസഫ്, ശ്രീ. എൽദോ പൊഴുതന, മാസ്റ്റർ ഹിരൺ എം.എസ്സ് എന്നിവർ ശ്രോതാക്കളെന്ന നിലയിൽ തങ്ങളുടെ അനുഭവങ്ങൾ പങ്കുവെച്ചത് വേദിയിലും സദസ്സിലുമുണ്ടായിരുന്നവർക്ക് വേറിട്ട അനുഭവമായി.

രാഷ്ട്രീയ നേതാക്കൾ, സാംസ്കാരിക പ്രവർത്തകർ, കലാകാരന്മാർ തുടങ്ങി സമൂഹത്തിലെ വ്യത്യസ്ഥ തുറകളിൽപ്പെട്ട വലിയൊരു ജനസമൂഹം ചടങ്ങിന് സാക്ഷികളായി. മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഡോ. ഫാ. തോമസ് ജോസഫ് തേരകം സ്വാഗതവും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ നന്ദിയും പറഞ്ഞു.

**ക്ഷയരോഗ ബോധവല്ക്കരണ പരിപാടി**

ചെന്നൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന REACH എന്ന സന്നദ്ധസംഘടന ക്ഷയരോഗനിർമ്മാർജനവുമായി ബന്ധപ്പെട്ട് ജൂൺ 23 മുതൽ 25 വരെ ചെന്നൈയിൽ നടത്തിയ ട്രയിനിംഗ് വർക്ക്ഷോപ്പിൽ മാറ്റൊലി അസി. ഡയറക്ടർ ഫാ. ജെയ്സ് ചെട്ടിയാശ്ശേരിൽ, സൗണ്ട് എഡിറ്റർ പ്രഗീഷ് കെ. എന്നിവർ പങ്കെടുത്തു.

**കൃഷി ഭവനുകളിലൂടെ**

വയനാട്ടിലെ കൃഷി ഭവനുകളെ പരിചയപ്പെടുത്തുന്ന 'കൃഷി ഭവനുകളിലൂടെ' എന്ന പ്രക്ഷേപണ പരമ്പര ജൂൺ 13-ാം തീയ്യതി ബഹു. സംസ്ഥാന കൃഷി വകുപ്പ് മന്ത്രി ശ്രീ. കെ.പി മോഹനൻ ഉദ്ഘാടനം ചെയ്തു.

**സ്കൂൾക്ലബ്**

സ്കൂൾ വിദ്യാർത്ഥികൾക്ക് റേഡിയോ പരിപാടികൾ അവതരിപ്പിക്കാൻ പരമാവധി അവസരം നല്കുക എന്ന ഉദ്ദേശ്യത്തോടെ റേഡിയോ മാറ്റൊലി സ്കൂൾ ക്ലബ് സജീവ പ്രവർത്തനം ആരംഭിച്ചു. താൽപര്യമുള്ള മുഴുവൻ വിദ്യാലയങ്ങളിലും റേഡിയോ മാറ്റൊലി സ്കൂൾ ക്ലബ് തുടങ്ങുന്നതിന് അവസരമുണ്ടായിരിക്കും. മാറ്റൊലി സ്കൂൾ ക്ലബുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സന്നദ്ധസേവകരും അധ്യാപകരും അടങ്ങിയ ഒരു ഉപദേശക സമിതി രൂപീകരിക്കുകയും ഈ വർഷത്തേയ്ക്കുള്ള കർമ്മ പരിപാടികൾ ആസൂത്രണം ചെയ്യുകയും ചെയ്തു.

**ഫാ. ജോസ് കാവുങ്കൽ**
അസി. ഡയറക്ടർ (ബ്രോഡ്കാസ്റ്റിംഗ്)

## Mary Matha arts & science college

**Tidings:**

1. The Deadline for applications seeking admission to Degree Program was extended to 6 June. Rank List for various Courses were published on 8 June. Interview was held on 16 June. The Senior Students' Representatives under the leadership of the Chairman Ritwick Priyesh formed the Help Desk to help out the Freshers during their interview. Ten students have been selected to volunteer in the Anti-Ragging Squad to provide a ragging-free atmosphere to the Freshers on Campus.
2. Interview Cards are sent to the deserving candidates to fill up the remaining seats. Classes for the I Yr Degree Programme commenced on Wednesday, 22 June. The Principal addressed the Freshers and their Parents @ 10.00 hrs in the College Auditorium.
3. A Team of Teachers led by Ms. Jisha T.E. and Administrative Staff helped out in the processing of Applications.
4. Sr. Bindu K. Thomas has been inducted to service in the Dept of Maths in the FIP Vacancy of Ms Pamy Sebastian, joining the CUSAT to complete her PhD.
5. Sri. Thomas Monoth rejoined to head the Dept of Computer Science after completion of his Ph D on FIP @ the Kannur University.
6. Noble Eldo and Hasifa of II Yr English have won the First Prize in the Quiz Contest held by the *Radio Mattoli*, Wayanad's own Community Radio.

**Dr. Raju George** (Principal)



# അറിയിപ്പുകൾ

## 1. St. Joseph's College Gorakhpur

St. Joseph's College is a minority institution established in 2005 under the Catholic Diocese of Gorakhpur Education Society. The College is affiliated to Deen Dayal Upadhyay Gorakhpur University, Gorakhpur, U.P., India. The College is established with the objectives of educating, emancipating and empowering the people.

We hope to achieve this through value-based education to form Spiritually and Psychologically integrated persons who would be catalysts of change in a culture of Consumerism to promote a society based on love, justice and communal harmony where the main focus would be the inclusion of the poor and the marginalized.

**Department of Social Work**

MSW (Master of Social Work-2 years) The programme offers opportunity to learners for higher studies in professional social work. Besides the core courses an exposure to emerging areas such as Globalization, Migration, HIV/AIDS, Community Organization Management, Case Study and Counseling provides the learner hands on training which will enable suitable placements within and outside the country. The course Comprises 66 credits covered through theory, practicals & dissertation.

**E.Ed. Department**

Mathematics, Phy. Science, Bio. Science, English, Hindi, History, Civics, Economics.

**Facilities Provided**

1. Hostel, 2. National & State Level Placements

**Contact - MSW**

1) Fr. Gibi. N. Jose, Director
Purvanchal Gramin Seva Samiti (PGSS)
Opp. Fatima Hospital, Post-Padari Bazar, Gorkhpur-273 014
Mobile : 09415313991, Ph: 0551-2284674, Fax: 0551-2284673
E-mail: pgssgkp@gmail.com, Website: www.pgssgkp.org

2) Fr. Jose Manjiyil CST, Manager
St. Joseph's College
Civil Lines, University P.O. Gorakhpur-273 009
Mobile: 09889130951, Ph: 0551-6453677
E-mail: sjcwgkp@rediffmail.com
Web: www.stjosephcollegegkp.edu.in

## 2. മദ്യപാന രോഗികൾക്ക് ഒരു സന്തോഷവാർത്ത

നീലഗിരി ജില്ലയിലെ പാട്ടവയൽ അമലാ ഹോസ്പിററലിൽ ലഹരി വിമോചന ചികിത്സ 2011 ഫെബ്രുവരി 15 മുതൽ ആരംഭിച്ച വിവരം സന്തോഷത്തോടെ അറിയിക്കുന്നു. സോബർ വില്ലേജ് ഡ്രഗ് റിഹാബിലിറ്റേഷൻ സെന്റർ എന്ന പേരിലാരംഭിച്ച ചികിത്സാകേന്ദ്ര ത്തിന്റെ ഉൽഘാടനം വേൾഡ് അസോസിയേഷൻ ഫോർ സൈക്കോ സോഷ്യൽ റിഹാബിലിറ്റേഷൻ വൈസ് പ്രസിഡന്റും ബാംഗ്ലൂർ നിംഹാൻസിലെ മുൻ സൈക്യാട്രി പ്രൊഫസറുമായ ഡോ. റ്റി. മുരളി നിർവ്വഹിച്ചു. മദ്യ ലഹരിവസ്തു അടിമകളായവർക്കുള്ള 3 ആഴ്ചയിലെ I. P. ചികിത്സയും ഔട്ട് പേഷ്യന്റ് ചികിത്സയും ഇവിടെ ലഭ്യമാണ്.

ആൽക്കഹോളിക് അനോനിമസിന്റെ 12 പടികളെ അടിസ്ഥാന മാക്കിയുള്ള ചികിത്സയാണ് ഇവിടെ അവലംഭിച്ചു പോരുന്നത്. മദ്യ ത്തിൽ നിന്നും മയക്കു മരുന്നിൽനിന്നും വിട്ടുനിൽക്കുവാനുള്ള ശക്തിയും പ്രതീക്ഷയും സ്വാതന്ത്ര്യവും സംലഭ്യമാക്കുക എന്ന ഉദ്ദേ ശത്തോടെ ആരംഭിച്ചിരിക്കുന്ന ചികിത്സയെക്കുറിച്ചുള്ള വിശദവിവര ങ്ങൾക്ക് ബന്ധപ്പെടുവാനുള്ള ഫോൺ നമ്പർ.

Phone : 04262-227673, Mob: 07598170673

**Administrator, Amala Hospital**
Pattavayal



# Programme

## PASTORAL CENTRE, DWARAKA

### *July - 2011*

| | | |
|---|---|---|
| *01 F* | - | *Zion CRC : Night Vigil* |
| *02 S* | - | *Zion CRC : Prayer Day;* <br> *Christeen Prayer Day* |
| *02 S - 03 S* | - | *Catechism : Teachers' Training* |
| *03 S* | - | *KCYM : Secretariat / Syndicate* |
| *09 S* | - | *KCYM: Half Yearly Senate;* <br> *Jesus Youth: Prayer Day* |
| *12 T* | - | *CMA Executive* |
| *15 F - 18 M* | - | *Marriage Preparation Course* |
| *16 S* | - | *HDC* |
| *19 T* | - | *Marian Singles* |
| *21 T* | - | *CML Executive* |
| *22 F - 24 S* | - | *Catechism Teachers' Training* |
| *28 T* | - | *CML Executive; Megala Directors and Joint Directors Meet* |

**Rev. Fr. Mathew Kazhuthadiyil**
Director, Pastoral Centre



# Bishop's Programme

## *August 2011*

| | |
|---|---|
| *July ...............* | *Abroad* |
| *August 2 Tue ........* | *Back from Abroad* |
| *3 Wed ............* | *Engaged* |
| *4 Thu ...............* | *Tellicherry* |
| *5 Fri ................* | *Out of station* |
| *6 Sat ................* | *To Connoor* |
| *7 Sun ...............* | *Connoor : Blessing of the new Sunday school building<br>Burliar : Laying of the Foundation stone for church* |
| *8 Mon - 12 Fri.* | *KCBC Bishops' Retreat* |
| *13 Sat - 15 Mon.* | *Engaged* |
| *16 Tue - 27 Sat.* | *Kakkanad : Bishop's Synod* |
| *28 Sun ................* | *Back from Synod* |
| *29 Mon ...............* | *Priests' conference* |
| *30 Tue ...............* | *WSSS Governing Body Meeting* |
| *31 Wed-1Sept.-Thu* | *Kunnoth : Seminary Commission* |